(3) 1981-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച ബിൽ

തൊഴിലും വനവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1981-ലെ കേരള................

Shri M. P. Gangadharan: Sir, I raise an objection on the introduction of this Bill.

Shri C. B. C. Warrier: Sir, I am on a point of order.

Shri M. P. Gangadharan: Sir, I am raising an objection on the introduction of the Bill.

Shri C. B. C. Warrier: As per Rules of Procedure and Conduct of Business in the Kerala Legislative Assembly, no objection can be raised against the Bill at the introductory stage. The bill has already been published and no objection can be raised now. There is no motion for introduction. It is only stands introduced. Objection can be raised only on the motion for consideration or for any other appropriate motion.

LIBRARY ARCHIVES Kerala Legislative Assembly

Shri M. P. Gangadharan: That is not the correct position. A motion for leave to introduce a Bill can be opposed. There is a clear provision; Rule 71 of the Rules of Procedure and Conduct of Business in the Kerala Legislative Assembly:

71 "........ the Speaker after permitting, if he thinks fit, a brief explanatory statement from the member who moves and from the member who opposes the motion, may, without further debate, put the question:"

Provided that where a motion is opposed on the ground that the Bill initiates legislation outside the legislative competence of the Assembly, the Speaker may permit a full discussion thereon. So I am raising an objection.

Shri C. B. C. Warrier: Sir, that is regarding Private Member's Bills.

Shri M. P. Gangadharan: No, that is regarding any Bill submitted before the House for consideration.

ശ്രീ. പി. എസ്. ശ്രീനിവാസൻ: അത് ഒരു മോഷൻ ഉണ്ടെങ്കിലല്ലേ? There is no motion.

ശ്രീ. എം. പി. ഗംഗാധരൻ: ഇവിടെ ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നു. ആ ബിൽ outside the legislative competence ആണെങ്കിൽ any member of the House can raise an objection if it is permitted by the Speaker. He can make a statement.

Shri C. B. C. Warrier: I want to speak a few words on the points raised by Hon'ble Member Shri M. P. Gangadharan.

Rule 69 says. "The Speaker may order to publication in the Gazette of any Bill (......................................) although no motion has been made for leave to introduce the Bill.........."

In the case of a Bill that has been allowed to be published by the Hon'ble Speaker, there need be any motion for leave to introduce. That is Rule 69. But motion for leave to introduce a Bill is necessary in respect of Private Member's Bills. As far as Government Bills are concerned, the Hon'able Speaker goes through the Bill, admits it and allows it to be published. Once it is allowed to be published, there is no necessity for a motion for leave introduce. It stands introduced: അതേസമയം പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിനെപ്പററിയുള്ള വ്യവസ്ഥയാണ് ഇവിടെ പറഞ്ഞത്; അതായത് റൂൾ 70. റൂൾ 70-ൽ പറയുന്നത് Notice of motion for leave to introduce Private Members Bill എന്നതിനെപ്പററിയാണ്. ആ റൂൾ 70 ആണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിനെപ്പററിയാണത്. റൂൾ 69 ആണ് ഗവൺമെൻറ് ബില്ലിനെപ്പററിയുള്ളത്. ഗവൺമെൻറ് ബില്ലിൻെറ നടപടിക്രമമെന്നു പറയുന്നത് എന്താണെന്നുവച്ചാൽ, ഗവൺമെൻറ് ബിൽ പബ്ലിഷ് ചെയ്യാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ പെർമിഷൻ ചോദിക്കും. സ്പീക്കർ അത് പബ്ലിഷ് ചെയ്യാൻ അനുവദിച്ചു കഴിഞ്ഞാൽ leave to introduce ആവശ്യമില്ല; it stands introduced അപ്പോൾ മററു മോഷനുമാത്രമേ ഒബ്ജക്ഷൻ നടത്താൻ കഴിയുകയുള്ളു. ഇൻട്രഡക്ഷനുവേണ്ടിയുള്ള മോഷൻ ഇല്ല; മോഷൻ ഇല്ലാത്തതുകൊണ്ട് ഒബ്ജക്ഷനു സ്ഥാനമില്ല. ആ നിലയ്ക്ക് it stands introduced.

അടുത്ത സ്റേറജിൽമാത്രമെ ഒബ്ജക്ഷൻെറ പ്രശ്നമുള്ളു.

Shri M. P. Gangadharan: Rule 69 is applicable to both the Bills whether Private Member's Bills or Government Bills. Rule 70 clearly specifies the provision which enables for Private Member's Blils. Rules 71 does not draw a line between Private Member's or Government Bills. It is a general provision. 70-ൽ പ്രൈവററ് ബില്ലിനു മാത്രമാണ് ബാധകം എന്നു പറഞ്ഞിട്ടില്ല.

Rule 71 is regarding motion for leave to introduce a Bill. Whether that Bill is Private Member's Bill or Government Bill there is no motion. നേരെ മറിച്ച് 71-ൽ പ്രൈവററ് ബില്ലിനുള്ള പ്രൊവിഷൻ എന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. ബി. സി. വാര്യർ: റൂൾ 69-ൽ പ്രൊവൈഡ് ചെയ്തിരിക്കുന്നതു വായിക്കുക:

Rule 69: "...............In that case, it shall not be necessary to move for leave to introduce the Bill,................" പബ്ലിഷ് ചെയ്ത ബില്ലിനെ സംബന്ധിച്ച് motion for leave to introduce ഇല്ല. Motion for leave to introduce ഉണ്ടെങ്കിൽ മാത്രമാണ് റൂൾ 71 അപ്ലൈ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത്, 69-ൽ പറയുന്നത്, ബഹുമാനപ്പെട്ട സ്പീക്കർ ഒരു ബിൽ പബ്ലിഷ് ചെയ്യാൻ അനുവദിച്ചുകഴിഞ്ഞാൽ "..................In that case, it shall not be necessary to move for leave to introduce the Bill, and, if the Bills is afterwards introduced, it shall not be necessary to publish it again". എന്നാണ് രണ്ടാമത് പബ്ലിഷ് ചെയ്യുകയും വേണ്ട. പ്രൈവററ് ബില്ലാണെങ്കിൽ ലീവ് ഫോർ ഇൻട്രഡ്യുക്ഷൻ കഴിഞ്ഞാൽ വീണ്ടും പബ്ലിഷ് ചെയ്യണം. ഇൻട്രഡ്യൂസ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പബ്ലിഷ് ചെയ്യണം. നോട്ടീസ് കൊടുത്തിട്ട് പബ്ലിഷ് ചെയ്യണം, അതു കഴിഞ്ഞ് ലീവ് ഫോർ ഇൻട്രഡ്യക്ഷൻ വേണം, അതു കഴിഞ്ഞിട്ടു പബ്ലിഷ് ചെയ്യണം. ഗവൺമെന്റ് ബിൽസിനെ സംബന്ധിച്ച്, ഗവൺമെന്റ് ബില്ല് പബ്ലിഷ് ചെയ്യാൻ സ്പീക്കർ നേരത്തെ അനുവദിച്ചു കഴിഞ്ഞെങ്കിൽ വളരെ വ്യക്തമായിട്ടും in that case no leave to introduce is required. So there is no motion. Rule 71 applied only where there is a motion for leave to introduce. ഇവിടെ motion for leave to introduce ഇല്ല. As there is no motion for leave to introduce, there is no scope for any objection.

ശ്രീ. എം. പി. ഗംഗാധരൻ: Mr. Warrier is trying to confuse the Rules. റൂൾ 69 ഒരു ബില്ലിനെ സംബന്ധിച്ചുള്ള ഏതു ബിൽ പ്രസന്റു ചെയ്താലും അതിന്റെ, പബ്ലിക്കേഷനെ സംബന്ധിച്ച പ്രൊവിഷനാണ്, ഇവിടെ പബ്ലിക്കേഷൻ കഴിഞ്ഞു. ഞാൻ അതിവിടെ റെഫർ ചെയ്യുന്നില്ല.

ശ്രീ. സി. ബി. സി. വാര്യർ: Leave to introduce വേണ്ട.

ശ്രീ. എം. പി. ഗംഗാധരൻ: ഈ ബിൽ നിയമസഭയിൽ കൺസിഡർ ചെയ്യാൻവേണ്ടി മിനിസ്ററർ എഴുന്നേററുനിന്നിരിക്കുന്നു. അവിടെയാണ് റൂൾ 71-ന്റെ ആപ്ളിക്കേഷൻ. അവിടെ മോഷന്റെ പ്രശ്നമല്ല. Rule 70 clearly specifies or relates to a Private Members Bill. 71 അതല്ല. അവിടെയാണ് ഡിസ്റ്റിങ്ഷൻ, സർ, എന്റെ ഒബ്ജക്ഷൻ: ഇത് ഒരു കേന്ദ്ര നിയമത്തെ ബാധിക്കുന്ന, കേന്ദ്ര നിയമത്തിന്റെ സ്പിരിററിനെയും ക്യാരക്ടറിനെയും ബാധിക്കുന്ന, നിയമമായതുകൊണ്ട് ഇത് outside the competence of the legislature ആണ്. Outside the competence ആയാലും ഭരണഘടനയിലെ 249 മുതൽ 256 വരെയുള്ള വകുപ്പുകൾ പ്രകാരം നമുക്കും അത്തരം നിയമനിർമ്മാണം കൈകാര്യം ചെയ്യാം.

ശ്രീ. സി. ബി. സി. വാര്യർ: സർ പോയിന്റ് ഓഫ് ആർഡർ. ഒബ്ജക്ഷൻ ഉന്നയിക്കാൻ ഒക്കുകയില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ഗംഗാധരൻ ആദ്യം പറഞ്ഞതുതന്നെയാണ് ഇപ്പോഴും പറയുന്നത്.

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഞാൻ ഒബ്ജക്റ്റ് ചെയ്യുകയാണ്, അതിനെക്കുറിച്ചുള്ള ഒരു സ്റേറററുമെന്റാണ് നടത്തുന്നത്, ഈ നിയമവുമായി ബന്ധപ്പെട്ട രണ്ട് ആക്ററുണ്ട്. ഒന്ന് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററ്, അത് സെൻട്രൽ ആക്ററാണ്. രണ്ട് ട്രേഡ് യൂണിയൻ ആക്ററ്, അതും സെൻട്രൽ ആക്ററാണ്, രണ്ടിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

ക്യാരക്ററിനും സ്പിരിററിനും വിധേയമായ ഒരു നിയമം നിയമസഭയിൽകൊണ്ടുവരുമ്പോൾ കോൺസ്ററിററ്യൂഷണൽ പ്രൊവിഷൻ നമ്മൾ അനുസരിക്കേണ്ടിവരും. ഭരണഘടന 249 മുതൽ 256 വരെ വകുപ്പുകൾ പറയുന്നത്, നിങ്ങൾക്ക് കൊണ്ടുവരാം പക്ഷെ മുൻകൂട്ടിയുള്ള അപ്രൂവൽ വേണം എന്നാണ്. മുൻകൂട്ടിയുള്ള അപ്രൂവൽ മേടിക്കാം; അതില്ലെങ്കിൽ പിന്നീട് അപ്രൂവൽ മേടിക്കാം; അതിന് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറുമായി ഇതിനെക്കുറിച്ച് ഡിസ്കഷൻ നടത്തിയിരിക്കണം. ഇന്നുതന്നെ ചില ബില്ലുകൾക്ക് കേന്ദ്രഗവൺമെൻറ് അംഗീകാരം തന്നില്ല, അസെൻറ് തന്നില്ല എന്നു നിങ്ങൾ പറയുന്നുണ്ട്. അതിൻെറകൂടെ ഒരെണ്ണംകൂടി കൂട്ടിച്ചേർക്കാനാണ് ഇത്, അല്ലാതെ നടപ്പിൽവരുത്താനല്ല. അപ്പോൾ ദുരുദ്ദേശപരമാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ഒന്നുകിൽ കേന്ദ്രഗവൺമെൻറിൻെറ അപ്രൂവലോടുകൂടി ഇവിടെ കൊണ്ടുവരിക, അല്ലെങ്കിൽ കേന്ദ്ര ആക്ടിനെ സ്പർശിക്കുന്ന ഈ നിയമം outside the competence ആയതുകൊണ്ട് അതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടു കൊണ്ടുവരിക. അതാണ് എൻെറ ഒബ്ജക്ഷൻ.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ഗംഗാധരൻെറ ഒബ്ജക്ഷൻ നിയമം കൺസിഡറേഷന് എടുക്കുന്ന സമയത്ത് പറയാവുന്നതാണ്. മറേറത് പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിനല്ലാതെ ഇതിന് ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

വനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1981-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: സർ, പോയിൻറ് ഓഫ് ഓർഡർ. നടപടി ചട്ടമനുസരിച്ച് നിയമസഭയിലെ ഞങ്ങൾക്ക് തന്നിട്ടുള്ള നോട്ടീസിൽ നിയമനിർമ്മാണ കാര്യത്തിലെ 3-ാമത് ഐററം എടുക്കുന്നതിനുമുമ്പ് ഈ ബിൽ ഇൻട്രഡ്യൂസ് ചെയ്യുന്നത് ഓർഡറിലാണോ യെന്നുള്ളതാണ് എൻെറ നയപ്രശ്നം. പിന്നെ ഒരു ഒബ്ജക്ഷൻ ബഹുമാനപ്പെട്ട ഗംഗാധരൻ കൊണ്ടുവന്നതിന് അത് സെലക്ററ് കമ്മിററിക്ക് വിടണമെന്ന പ്രമേയം അവതരിപ്പിക്കുമ്പോൾ ആകാമെന്നു പറഞ്ഞു. പക്ഷെ പോയിൻറ് ഓഫ് ഓർഡർ എന്നുള്ള നിലയിൽ അടുത്ത വിഷയത്തിലേക്ക് കടക്കുന്നതിന് മുമ്പ് ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള അവകാശം ഒരു മെമ്പർക്ക് ഉണ്ട്.

മി. ചെയർമാൻ: അത് ഇൻട്രഡ്യൂസ് ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള ഒബ്ജെക്ഷനാണ്.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: പോയിൻറ് ഓഫ് ഓർഡറിന് റൂളിംഗ് തന്നിട്ടു മതി അതിലേക്ക് നമ്മൾ കടക്കാൻ.

ശ്രീ. സി. ബി. സി. വാര്യർ: പോയിൻറ് ഓഫ് ഓർഡറിന് റൂളിംഗ് കഴിഞ്ഞു. ബഹുമാനപ്പെട്ട ലേബർ മന്ത്രി ബിൽ അവതരിപ്പിച്ചു കഴിഞ്ഞു. അതിനുശേഷവും ഇത്തരത്തിലുള്ള ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നതിന് ഓർഡർ ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: ബഹുമാനപ്പെട്ട ഗംഗാധരനോട് അങ്ങുതന്നെ പറഞ്ഞു ആ സമയം അവതരിപ്പിച്ചാൽ മതിയെന്ന്. ആ പ്രമേയം അവതരിപ്പിക്കുന്നതിനു മുമ്പ് ഞാൻ പോയിൻറ് ഓഫ് ഓർഡർ റെയ്സ് ചെയ്യുകയാണ്.

ശ്രീ. സി. ബി. സി. വാര്യർ: പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞു. പ്രമേയം ഇവിടെ വായിച്ചു.

ശ്രീ. കെ. കരുണാകരൻ: അങ്ങ് അവിടെ ഇരിക്കുന്നത് എന്തിനാണ്? പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞോ എന്ന് അങ്ങാണ് പറയേണ്ടത്.

ശ്രീ. സി. ബി. സി. വാര്യർ: ശ്രീ. കരുണാകരൻ പറയുന്നതുപോലെ തന്നെ എനിക്കും ഈ കാര്യങ്ങൾ കേട്ടുകൊണ്ടിരിക്കുന്ന ഒരംഗമെന്നുള്ള നിലയിൽ പറയാനുള്ള അവകാശമുണ്ട്.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: അതുകൊണ്ട് എൻെറ പോയിൻറ് ഓഫ് ഓർഡർ, ഇവിടെ അവതരിപ്പിക്കാൻ വേണ്ട ഉദ്ദേശിച്ചിട്ടുള്ള അല്ലെങ്കിൽ ഇൻട്രഡ്യൂസ് ചെയ്തുകഴിഞ്ഞ അജണ്ടയിലെ ഐററം എടുക്കുന്നത് ഓർഡറിലാണോയെന്നുള്ളതാണ്. അതിനു കാരണമായി പറയുന്നത് റൂ‍ൾ 71 അനുസരിച്ച് ഭരണഘടനയിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇതെന്നുള്ളതാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററിൽ ആ അധികാര പരിധി ലിമിററ് ചെയ്യത്തക്ക വിധത്തിലുള്ള നിയമമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുപോലെ ട്രേഡ് യൂണിയൻ ആക്ററിനകത്തും അതുമായി ബന്ധപ്പെട്ട ഒരു നിയമമാണ്. ഈ രണ്ട് കാര്യങ്ങളും കൊണ്ടുവരണമെങ്കിൽ അതിന് കേന്ദ്രത്തിൻെറയോ പ്രസിഡൻറിൻെറയോ മുൻകൂട്ടി ഉള്ള അംഗീകാരം വേണം, അങ്ങിനെ അംഗീകാരം കിട്ടിയിട്ടുള്ളതായി ഇവിടെ യാതൊരു രേഖയും കാണുന്നില്ല. ഹാജരാക്കിയിട്ടുമില്ല. അതുകൊണ്ട് ഈ 3-ാമത് ഐററം ഇപ്പോൾ ചർച്ചയ്ക്കെടുക്കുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: ഇത് കൺസിഡറേഷന് എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളത് കേട്ടിട്ട് എന്തെങ്കിലും ഒബ്ജക്ഷൻ ഉണ്ടെങ്കിൽ പറയാവുന്നതാണ്.

വനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1981-ലെ കേരളാ ട്രേഡ് യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച ബില്ല് ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച 7-ാമത് സബ്ജക്ററ് കമ്മിററിയുടെ പരിഗണനയ്ക്ക് എടുക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): ഞാൻ അതിനെ പിൻതാങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, നമ്മുടെ സംസ്ഥാനത്ത് ട്രേഡ് യൂണിയൻ മേഖലയിൽ പ്രവർത്തിക്കുന്ന പ്രവർത്തകരേയും............

ശ്രീ. പി. സീതിഹാജി: സർ, ഈ ബിൽ സെലക്ററ് കമ്മിററിക്കാണോ സബ്ജക്ററ് കമ്മിററിക്കാണോ വിടുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ആ കാര്യം പിന്നീട് തീരുമാനിക്കാം.

സർ, ഏതായാലും ഇതുപോലുള്ള ഒരു നിയമനിർമ്മാണം വേണമെന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും ഉള്ള ഒരു ആവശ്യമാണ്. ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡിൽത്തന്നെ ഞാൻ ആ കാര്യത്തെപ്പററി ഡിസ്ക്കസ് ചെയ്തിട്ടുണ്ട്. പൊതുവെ വന്ന ഒരു കൺസെൻസസ് ഈ രൂപത്തിലുള്ള ഒരു നിയമം വേണമെന്നുള്ളതായിരുന്നു. ഈ നിയമനിർമ്മാണം വളരെ ആവശ്യമാണെന്നുള്ള കാര്യത്തിൽ ഈ സംസ്ഥാനത്തെ കേന്ദ്ര തൊഴിലാളി സംഘടനകൾക്കോ മററുള്ള ആളുകൾക്കോ സംശയം ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ ഒരു മൾട്ടിപ്ലിസിററികൊണ്ട് വളരെയധികം പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നുമാത്രമല്ല യഥാർത്ഥത്തിൽ ഉത്തരവാദിത്തത്തോടുകൂടി പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കൻമാർക്കുകൂടി ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. അത് മാത്രമല്ല റൈവൽറീസ് വളർന്നുവരുന്നു. അത് നമ്മുടെ വ്യവസായ സമാധാനത്തെക്കൂടി ബാധിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ ചില സന്ദർഭങ്ങളിൽ ചില മാനേജുമെൻറുകൾ അംഗീകാരം കൊടുക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകളൊന്നും നമ്മുടെ സംസ്ഥാനത്തില്ലാത്തതുകൊണ്ട് അവർക്ക് ഇഷ്ടമുള്ള യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുകയും ചില യൂണിയനുകൾക്ക് അംഗീകാരം നൽകാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്. അതുകൊണ്ടുള്ള പ്രയാസങ്ങൾ നമ്മുടെ തൊഴിലാളി പ്രവർത്തകൻമാരെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്നുണ്ട്. ഈ പ്രയാസങ്ങളെല്ലാം ലഘൂകരിക്കാനും തൊഴിലാളി രംഗത്തുള്ള പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമായി നടത്താൻ ട്രേഡ് യൂണിയനുകളെ സഹായിക്കാനും വ്യവസായ സമാധാനം നിലനിറുത്താനും ഇത്തരത്തിലുള്ള ഒരു നിയമം ആവശ്യമാണെന്നാണ് സർക്കാരിന്റെ അഭിപ്രായം. അതിന് പ്രധാനമായി പറയുന്നത് 15 ശതമാനം ഉള്ള തൊഴിലാളികളെ അംഗീകരിക്കുകയെന്നുള്ളതാണ്. അത് ഐകകണ്ഠ്യേന എല്ലാവരും അംഗീകരിക്കപ്പെട്ട കാര്യമാണ്. 16 പെർസെൻറ് എങ്കിലും ഉള്ള തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന യൂണിയനുകൾക്ക് ബാർഗെയിനിംഗ് ഏജൻറായി പ്രവർത്തിക്കാനുള്ള അവകാശവും ഉണ്ട്. അതുപോലെതന്നെ അംഗീകരിക്കപ്പെട്ട യൂണിയനുകൾക്കും ചില പ്രത്യേക അവകാശങ്ങൾ ഈ നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതുപോലുള്ള കാര്യങ്ങൾ മാത്രമേ ഇതിനകത്തുള്ളു. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഇതുപോലുള്ള നിയമനിർമ്മാണം ആവശ്യമാണെന്നുള്ളതുകൊണ്ട് ഈ പ്രമേയം പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ നിയമം പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേററുചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, വളരെ സ്വാഗതാർഹമായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. പലതുകൊണ്ടും ഈ നിയമം പ്രശസ്തിക്ക് അർഹമാണ്. നമ്മുടെ രാജ്യത്തെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ട്രേഡ് യൂണിയൻ ആക്ററിനും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററിനും ശേഷം വരുന്ന ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന ഒരു നിയമനിർമ്മാണമാണ് ഇത്. ഈ നിയമത്തിനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുൻകൈ എടുത്തിരിക്കുന്നത്. സർ, തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ഇതൊരു മാഗ്നാകാർട്ടയാണെന്നു പറയാൻ ആഗ്രഹിക്കുകയാണ്. തൊഴിലാളി വർഗ്ഗത്തിന്റെ കൂട്ടായ വിലപേശലിന് അംഗീകാരം കിട്ടാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാൽവെയ്പെന്നുള്ള നിലയിൽ ഈ നിയമത്തിന് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംഘടിത തൊഴിലാളി പ്രസ്ഥാനം ഇന്ന് പല ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടുകയാണ്. നമുക്കറിയാം നമ്മുടെ നാട്ടിലെ ട്രേഡ് യൂണിയൻ റൈവൽറി, അതായത് കിടമൽസരം. ഇത് നമ്മുടെ സംസ്ഥാനത്ത് തൊഴിൽ ശാലകളിൽ വ്യാവസായിക സമാധാനത്തിന് വളരെയധികം ഭീഷണിയായിത്തീർന്നിട്ടുണ്ട്. നമ്മുടെ രാജ്യത്തിന് ഭീഷണിയായിത്തീർന്നിട്ടുള്ള ഈ കിടമൽസരം അവസാനിപ്പിക്കുകയും ആരോഗ്യകരമായ ട്രേഡ്യൂണിയൻ ബന്ധങ്ങൾ നിലവിൽ വരുത്തുകയും ചെയ്യുകയെന്നുള്ളത് നമ്മുടെ കടമയാണ്. ഇന്ന് നമ്മുടെ രാജ്യത്ത് ജനജീവിതത്തിന് ഭീഷണിയുണ്ടാക്കുന്ന രീതിയിൽ ഇങ്ങനെയുള്ള അശാസ്ത്രീയമായ അപ്രായോഗികമായ കിടമൽസരം മൂലം തൊഴിലാളികളുടെ ആവശ്യങ്ങൾ പലതും അനുവദിക്കാതിരിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ആരാണ് ഇതിന്റെ കേന്ദ്ര ഉത്തരവാദി ? ഒരു വ്യവസായത്തിൽ ഒരു യൂണിയൻ ആയിരിക്കണം. ഇന്ന് ഒരു വ്യവസായ സ്ഥാപനത്തിന്റെ കീഴിൽ നിരവധി യൂണിയനുകൾ പ്രവർത്തിക്കുന്നുണ്ട്. യൂണിയനുകളുടെ ബാഹുല്യം കാരണം ഇന്ന് വ്യവസായങ്ങൾ മുമ്പോട്ട് കൊണ്ടുപോകുന്നതിന് കഴിയാത്ത സ്ഥിതി നമ്മുടെ രാജ്യത്ത് ഉണ്ട്. ഒരു വ്യവസായത്തിൽ പത്ത് മുപ്പത് തൊഴിലാളികൾ ഉണ്ടെങ്കിൽ ചിലപ്പോൾ അത്രത്തോളം യൂണിയനുകളും ഉണ്ടാകുന്ന സമ്പ്രദായം നമ്മുടെ രാജ്യത്തുണ്ട്. ഇത് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം സിവിലൈസ്ഡ് സൊസൈററിക്ക് വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്ന കാര്യമാണ്. ഒരു വ്യവസായ സ്ഥാപനത്തിൽ ഒരു യൂണിയൻ എന്നുള്ളത് വളരെവേഗം സാധിതപ്രായമാകുമെന്നുള്ള അഭിപ്രായം ഇല്ല. പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ട്.

നമ്മുടെ രാജ്യത്ത് വിവിധ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് ബന്ധമുള്ള തൊഴിൽ സംഘടനകളും ട്രേഡ് യൂണിയൻ സംഘടനകളും ഉണ്ട്. അതുകൊണ്ട് സ്വാഭാവികമായും ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്നുള്ള നല്ല മുദ്രാവാക്യം നടപ്പിലാക്കുവാൻ നിയമപരമായി ബുദ്ധിമുട്ട് ഉണ്ടാകും. അതിനെക്കുറിച്ചൊന്നും ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ നമ്മുടെ ലക്ഷ്യം അതായിരിക്കണം. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ശക്തമായ, ആരോഗ്യകരമായ വ്യവസായത്തിന്റെ വളർച്ചയ്ക്ക് അതായിരിക്കണം ലക്ഷ്യം. ആ ലക്ഷ്യത്തിലേക്ക് നയിക്കുവാൻ സഹായിക്കുന്ന ഒരു നിയമനിർമ്മാണമെന്നനിലയ്ക്കാണ് ഞാൻ ഈ നിയമത്തെ സ്വാഗതം ചെയ്യുന്നത്. മൾട്ടിപ്ലിസിററി ഓഫ് ട്രേഡ് യൂണിയൻ—ഇതിന് പല കാരണങ്ങളുണ്ട്. സാമൂഹ്യമായ കാരണങ്ങളുണ്ട്, രാഷ്ട്രീയമായ കാരണങ്ങളുണ്ട്. അതിനെക്കുറിച്ചൊന്നും ഞാൻ ഇപ്പോൾ ഇവിടെ വിശദീകരിക്കുന്നില്ല. എന്നാൽ പല യൂണിയനുകളും തൊഴിലാളികളുടെ ആവശ്യങ്ങൾക്കനുസരിച്ചല്ല പ്രവർത്തിക്കുന്നത്. അതായത് വ്യക്തിപരമായ താൽപ്പര്യങ്ങൾ നിലനിറുത്തുന്നതിന് വേണ്ടിയാണ് പല യൂണിയനുകളും പ്രവർത്തിക്കുന്നത്. അതിൽ എനിക്ക് പ്രതിഷേധമുണ്ട്. തൊഴിലാളി വർഗ്ഗങ്ങളുടെ താൽപ്പര്യങ്ങൾക്ക് അനുസരിച്ച്, അവർക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുക എന്നുള്ളതിന് ഉപരി ട്രേഡ് യൂണിയൻ പ്രസ്ഥാനം രൂപീകരിക്കുക എന്നുള്ളത് ഒരു ബിസിനസ് ആയി നടത്തുന്ന ആളുകളും നമ്മുടെ രാജ്യത്തുണ്ട്. ഇതിനെയെല്ലാം നിയന്ത്രിക്കുന്നതിനുവേണ്ടി ഈ രാജ്യത്ത് ഒരു നിയമനിർമ്മാണം നടത്തണമെന്നാഗ്രഹമുള്ള വ്യക്തികളിൽ ഒരാളാണ് ഞാൻ. ഇത് വളരെ നേരത്തെതന്നെ ഉണ്ടാകേണ്ടതായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ് എന്റെ കൈവശം ഉണ്ട്. ലേബർ ലെജിസ്ലേഷൻ കൺകറന്റ് ലിസ്റ്റിൽ പെട്ട താണ്. സംസ്ഥാന ഗവൺമെന്റുകൾക്കും കേന്ദ്ര ഗവൺമെന്റിനും നിയമനിർമ്മാണം നടത്താനുള്ള നിയമമാണ് ലേബർ ലെജിസ്ലേഷൻ. പണ്ടുകാലത്ത് തൊഴിലാളിയും മുതലാളിയും തമ്മിലുള്ള ബന്ധം നിയമം മുഖാന്തിരം നിർവചിക്കപ്പെട്ടിരുന്നില്ല. എന്നാൽ ഇന്ന് തൊഴിലാളി മുത ലാളി ബന്ധം വ്യക്തമായും ശാസ്ത്രീയമായും നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചിരിക്കുകയാണ്. ഒരു തൊഴിലാളി ഒരു വ്യവസായശാലയിൽ എങ്ങനെ പെരുമാറണം, ഒരു മുതലാളി ഒരു വ്യവ സായസ്ഥാപനത്തിൽ എങ്ങനെ പെരുമാറണം അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്, ട്രേഡ് യൂണിയൻ അംഗീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് നിർവചിക്കപ്പെട്ടിരുന്ന ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റും നമ്മുടെ നാട്ടിലെ ട്രേഡ് യൂണിയൻ ആക്റ്റും ഉണ്ടായിരുന്നിട്ടും ഇന്നും ആരോഗ്യകരമായ ഒരു ബന്ധം നമുക്ക് സ്ഥാപി ക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതാണ് നമ്മുടെ മുമ്പിലുള്ള ഗുരുതരമായ സ്ഥിതിവിശേഷം. ഇതിന് മുഖ്യമായ കാരണം ട്രേഡ് യൂണിയൻ റൈവൽറി തന്നെയാണ്. 15 ശതമാനം മെമ്പർഷിപ്പ് ഉള്ള യൂണിയൻ എന്ന നിലയ്ക്ക് അംഗീകാരം നൽകുവാൻ ഈ നിയമത്തിൽ വ്യവസ്ഥ ഉണ്ടായത് സ്വാഗതാർഹംതന്നെ. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റിലെ വ്യവ സ്ഥകൾക്ക് അനുസൃതമായി തന്നെയാണ് ഈ നിയമനിർമ്മാണം നടത്തി യിട്ടുള്ളത്. ശ്രീമാൻ എം. പി. ഗംഗാധരൻ എന്തെല്ലാം പറഞ്ഞാലും ഇൻഡ സ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ് അനുസരിച്ച് നിയമനിർമ്മാണം നടത്താ നുള്ള അവകാശം സംസ്ഥാന നിയമസഭകൾക്ക് ഉണ്ട്. എന്റെ ഓർമ്മ ശരി യാണെങ്കിൽ ഇതേ സ്വഭാവത്തിലുള്ള ഒരുനിയമനിർമ്മാണം മഹാരാഷ്ട്ര യിൽ നിലവിൽ വന്നുകഴിഞ്ഞു.

ശ്രീ. എം. പി. ഗംഗാധരൻ: ഞാൻ അവകാശം ഇല്ലായെന്നല്ല പറഞ്ഞത്. അവകാശമുണ്ട്. ഇത് with the approval of the Govt. of India അല്ലെങ്കിൽ പാസ്സാക്കിക്കഴിഞ്ഞിട്ട് ഇൻഡ്യാ ഗവൺമെന്റിന്റെ അപ്രൂവൽ മേടിച്ചേ നടപ്പിൽ വരുത്തുവാൻ ആകൂ എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ടി ട്ടുള്ള നിയമത്തിന് സമാനമായ ഒരു നിയമം മഹാരാഷ്ട്രയിൽ ഉണ്ട്. ആ നിയമത്തിലെ വ്യവസ്ഥകളും ഈ നിയമത്തിലെ വ്യവസ്ഥകളും തത്തുല്യമാണ്. കേരളം പോലെ രാഷ്ട്രീയ പ്രബുദ്ധത നേടിയ ഒരു സംസ്ഥാനത്ത് വളരെനേരത്തെതന്നെ ട്രേഡ് യൂണിയൻ രംഗത്ത് ഇതു പോലുള്ള ഒരു നിയമ നിർമ്മാണം അത്യന്താപേക്ഷിതമായിരുന്നു.

ശ്രീ. സി. എ. കുര്യൻ: രഹസ്യബാലററിൽകൂടി യൂണിയന്റെ ശക്തി നിർണ്ണയിക്കുക എന്നുള്ളത് മറെറാരു സംസ്ഥാനത്തും ഇല്ല. അത് കേരളത്തിൽ മാത്രമേ ഉള്ളുവെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇതിനെക്കുറിച്ച് ഉള്ള ശ്രീ. സി. എ. കുര്യന്റെ വിജ്ഞാനം അറിയിക്കാനാണെങ്കിൽ ഞാൻ സമ്മതിച്ചു. വസ്തുത എന്താണെന്നുപറഞ്ഞാൽ മഹാരാഷ്ട്രയിലുള്ള നിയമനിർമ്മാണ ത്തിന് സമാനമായ വ്യവസ്ഥകളുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിലുള്ള എല്ലാ വ്യവസ്ഥകളും ആ നിയമത്തിൽ ഉണ്ടെന്നല്ല അതിന്റെ അർത്ഥം. അവിടെ സീക്രട്ട് ബാലററിന് പ്രൊവിഷൻ ഉണ്ടോ എന്നറിയുകയില്ല. മഹാരാഷ്ട്രയിലെ നിയമത്തെക്കാളും പല കാര്യങ്ങളിലും മുമ്പോട്ടുള്ള ചുവടുവയ്പ് ഇതിലുണ്ട്. അത് സമ്മതിക്കുന്നു. ഗംഗാധരന് ഉണ്ടായ apprehensions ദൂരീകരിക്കുന്നതിനുവേണ്ടിയാണ് ഞാനിത്രയും പറഞ്ഞത്.

ശ്രീ. എം. പി. ഗംഗാധരൻ: ഞാൻ പറഞ്ഞത് Constitutional Provision പ്രകാരം സെൻട്രൽ ആക്ററിന്റെ സ്പിരിററിനും അതിന്റെ കാരക്ടററിനും എതിരായി സംസ്ഥാന ഗവൺമെന്റിന് നിയമനിർമ്മാണം നടത്താൻ സാദ്ധ്യമല്ല. അതിനനുയോജ്യമായി സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം നടത്തുകയാണെങ്കിൽ അതിന് കൺകറൻറ് ലിസ്ററിൽ അധികാരം ഉണ്ട്. അതിന് prior approval വാങ്ങണം. അങ്ങനെ അപ്രൂവൽ വാങ്ങാതെ നടത്തുകയാണെങ്കിൽ പിന്നീട് approval വാങ്ങിയേ നടപ്പാക്കാൻ പററു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട എം. പി. ഗംഗാധരൻ പറഞ്ഞതുപോലെ concurrence or approval മുൻകൂട്ടി വാങ്ങണമെന്നില്ല. രണ്ടാമത് അപ്രൂവലിന്റെ പ്രശ്നം വരുന്നത് മറെറാരവസരത്തിലാണ്.

ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ററിലെ ഡെഫനിഷൻ എന്നുപറഞ്ഞുകൊണ്ട് ഈ നിയമത്തിൽ ഒരു വകുപ്പ് ചേർത്തിട്ടുണ്ട്. ഈ നിയമത്തിന്റെ ഡെഫനിഷനിൽ റെക്കഗ്നൈസ്ഡ് ട്രേഡ് യൂണിയൻ, എംപ്ലോയർ, ഇൻഡസ്ട്രി ഇതെല്ലാം ഡിഫൈൻ ചെയ്തിട്ടുണ്ട്. Sub-clause (h) 'workman' shall have the same meaning as in clause (s) of section 2 of the Industrial Disputes Act, 1947 (Central Act 14 of 1947).

1947-ലാണ് നമ്മുടെ രാജ്യത്ത് വ്യവസായ തൊഴിൽ തർക്കനിയമം നിലവിൽ വന്നത്. 'വ്യവസായ തൊഴിൽതർക്കനിയമത്തിൽ വർക്ക്മാന് കൊടുത്തിട്ടുള്ള വ്യവസ്ഥ അതേപടി ഇതിനും ബാധകമാണെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഞാൻ പറയുന്നത് അതിന് ഭേദഗതി വരുത്തണം എന്നാണ്. എന്തുകൊണ്ട്? ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ററ് അനുസരിച്ച് വർക്ക്മാനെ ഡിഫൈൻ ചെയ്തിട്ടുള്ളതിന്റെ ഒടുവിൽ പറയുന്നത് ഇപ്രകാരമാണ്. Sub-clause (h) who being employed in a supervisory capacity draws wages exceeding Rs. 500 per mensem or exercises either by the nature of the duties attached to that office or by the reason of the powers vested with him functioning mainly of a managerial nature. വർക്ക്മാൻ എന്നുപറഞ്ഞാൽ ആരൊക്കെ തൊഴിലാളി അല്ലായെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതായത് മാസശമ്പളം 500 രൂപയ്ക്ക് താഴെയുള്ള ആളുകളെ മാത്രമേ വർക്ക്മാനായി കണക്കാക്കിയിട്ടുള്ളു. അപ്പോൾ വ്യവസായ തൊഴിൽ തർക്ക നിയമമനുസരിച്ച് ഒരു തൊഴിലാളി എന്നുപറഞ്ഞാൽ, 500 രൂപ പ്രതിമാസശമ്പളം വാങ്ങിപ്പോയാൽ അയാൾ തൊഴിലാളി അല്ല. സർ, ഇത് 1947-ലെ 500 രൂപയാണ്. അപ്പോൾ 24 വർഷങ്ങൾക്കുശേഷം അതായത് 1981-ൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ 500 രൂപ എന്നുള്ളത് 1500 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ തൊഴിലാളി എന്ന് പറഞ്ഞാൽ 500 രൂപ ശമ്പളക്കാരൻ
11 a.m. മാത്രമല്ല 500 രൂപയ്ക്ക് മുകളിലുള്ളവനും തൊഴിലാളിയാണ്.
ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വ്യവസ്ഥ ഭേദഗതി വരുത്തണം. ഇത് ചെയ്യാം. മഹാരാഷ്ട്രയിൽ അങ്ങനെ ഭേദഗതിവരുത്തിയിട്ടുണ്ട്. 500 എന്നുള്ളത് 1,500 ആയി വർദ്ധിപ്പിച്ചു. വെസ്റ്റ് ബംഗാളിൽ 500 എന്നുള്ള സീലിങ്ങ് മാററി 1,500 ആയി വർദ്ധിപ്പിച്ചു. വർക്ക്മെൻ എന്നുള്ള ഡെഫനിഷൻ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ പറയുന്ന അതേപടി സ്വീകരിക്കുകയെന്നുള്ളതല്ല 500 രൂപയെന്നുള്ളത് 1,500 രൂപയായി വർദ്ധിപ്പിക്കണം: വർക്ക്മാൻ എന്നുള്ളതിനെ സംബന്ധിച്ച് ഈ ബില്ലിൽ പറയുന്നത്.

'Workman means any person, but does not include any such person who is drawing Rs. 500 and above.
500 രൂപയും അതിന് മുകളിൽ പ്രതിമാസശമ്പളം വാങ്ങിക്കുന്ന ഒരാളിന് 1947-ലെ നിയമത്തിൽ വർക്കറായിട്ട് പെടുത്തിയിട്ടില്ല. 24 വർഷത്തിനു ശേഷം 1981-ൽ 500 രൂപ ശമ്പളം വാങ്ങിച്ചിരുന്ന ഒരാളിന്റെ ശമ്പളം എന്താണ്? നമ്മുടെ നാട്ടിലെ പ്യൂണിന് 500 രൂപയിൽ കൂടുതൽ കിട്ടും. വർക്കർ എന്നുള്ള ഡെഫനിഷനിൽ കൂടുതൽ വ്യാപ്തി വന്നിരിക്കുന്നു. അതുകൊണ്ടാണ് 500 എന്നുള്ളത് 1500 രൂപയായി വർദ്ധിപ്പിക്കണമെന്ന് പറയുന്നത്. റെക്കഗ്നിഷൻ ഓഫ് ട്രേഡ്യൂണിയൻ ആക്ടിൽ ഇത് എഴുതി ചേർക്കണം. സ്റേററിന് അധികാരമുണ്ട് ലെജിസ്ലേഷൻ നടത്താൻ. ഇതിന്റെ സീലിങ്ങ് വർദ്ധിപ്പിക്കാൻ നമ്മുടെ സംസ്ഥാനത്തിന് അധികാരമുണ്ടെന്നുള്ളതുകൊണ്ടാണ് പറയുന്നത്. 1947-ൽ ഒരു വർക്കറുടെ ശമ്പളം 500 രൂപയായി ഫിക്സ് ചെയ്തിരുന്നെങ്കിൽ ഇന്ന് 1,500 രൂപയായി വർദ്ധിപ്പിക്കണം. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ വ്യവസ്ഥയ്ക്ക് ലംഘനമല്ല. സബ്ജക്ട് കമ്മിററിയായാലും സെലക്ട് കമ്മിററിയായാലും പുതിയ നിയമത്തിൽ ക്ലാസ് (*h*) of sub-clauses (*ii*) ഡെഫനിഷനിൽ ഇങ്ങനെയൊരു പ്രോവിഷൻ ചേർക്കണം. 500 രൂപയെന്നുള്ളതിന് പകരം "with the exception that a person drawing more than 500 rupees up to a maximum of Rs. 1,500 shall be a worker".

ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വ്യവസ്ഥതന്നെ നടപ്പിൽവരുത്തിയാൽ ഈ രാജ്യത്തെ വമ്പിച്ചവിഭാഗം തൊഴിലാളികൾ വർക്ക്മാൻ എന്നുള്ള നിർവചനത്തിൽപെടാതെപോകും. അതുകൊണ്ടാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ നിയമത്തിലുള്ള ഒരു വലിയകുററം ഞാൻ ചൂണ്ടിക്കാണിക്കാം. ഈ നിയമത്തിൽ നമ്മുടെ ലക്ഷ്യം മൾട്ടിപ്ലിസിററി ഓഫ് ട്രേഡ്യൂണിയൻസാണ്. അതിന് സഹായകമല്ലാത്ത ചില വ്യവസ്ഥകൾ കടന്നുകൂടിയിട്ടുണ്ട്. അത് അറിഞ്ഞോ അറിയാതെയോ ആണെന്ന് എനിക്കറിഞ്ഞുകൂടാ. ആ കാര്യം സബ്ജക്ട് കമ്മിററി ശ്രദ്ധിക്കണം. അതോറിട്ടിയെ നമ്മൾ ചുമതലപ്പെടുത്തുന്നു. അതിനുശേഷം ഏതെല്ലാം ട്രേഡ്യൂണിയൻസിനാണ് അംഗീകാരത്തിന് അവകാശമുള്ളത് എന്ന പ്രശ്നം വരുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. നമ്മുടെ രാജ്യത്ത് രണ്ട് രീതിയിലുള്ള വ്യവസായങ്ങളുണ്ട്. രാജ്യവ്യാപകമായിട്ടുള്ള വ്യവസായങ്ങളുണ്ട്. ഉദാഹരണത്തിന് ടെക്സ്ററയിൽ ഇൻഡസ്ട്രി, കയർ ഇൻഡസ്ട്രി, ഹാൻറ്ലൂം ഇൻഡസ്ട്രി. രാജ്യത്തൊട്ടാകെ വ്യാപിച്ച് കിടക്കുന്ന വ്യവസായമാണ്. അവിടത്തെ 15 ശതമാനം നിർണ്ണയിക്കുന്നതു സംബന്ധിച്ച് ഈ വ്യവസ്ഥയിലുള്ള നടപടിക്രമം ശരിയല്ല. ഈ നിയമത്തിൽ യൂണിററ്വൈസു.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡസ്ട്രീസ്‌വൈസും പ്രത്യേകം പറഞ്ഞിട്ടില്ല. ഉദാഹരണത്തിന് കെൽട്രോൺ. ഒരു സ്ഥലത്തുമാത്രം പ്രത്യേക യൂണിറ്റും രാജ്യവ്യാപകമായി പ്രവർത്തിക്കുന്ന വിവിധ ശാഖകളോടുകൂടിയ വ്യവസായവുമുണ്ട്. ഇതിന്റെ 15 ശതമാനം നിർണ്ണയിക്കുന്നതിൽ അപാകതവരാനിടയുള്ളതുകൊണ്ട് ഏതെങ്കിലും ബ്രാഞ്ചിൽ പതിനഞ്ച് ശതമാനത്തിൽകൂടുതൽ അംഗസംഖ്യ ഉണ്ടെങ്കിൽ മററ് ഏതെങ്കിലും ശാഖയിൽ ഒരാളോ രണ്ടാളോ ആയാലും മതി അയാൾക്ക് റെക്കഗ്നിഷൻ കിട്ടും. നമ്മൾ മൾട്ടിപ്ലിസിററി ഒഴിവാക്കാൻവേണ്ടി ഉദ്ദേശിച്ച നടപടി രാജ്യവ്യാപകമായിട്ടുള്ള വ്യവസായങ്ങളിൽ പ്രതികൂലമായിവരും. അതുകൊണ്ടാണ് ഈ റെക്കഗ്നിഷന്റെ കാര്യത്തിൽ യൂണിററ്‌വൈസും ഇൻഡസ്ട്രീസ്‌വൈസും എന്ന് പ്രത്യേകം തരംതിരിച്ച് എഴുതണമെന്ന് പറയുന്നത്. അല്ലാത്തപക്ഷം ബാലരാമപുരത്തുള്ള ടെക്സ്ററയിൽ മില്ലിൽ പതിനഞ്ച് ശതമാനം മെമ്പർഷിപ്പ് ഉണ്ടെങ്കിൽ കണ്ണൂരുള്ള സ്പിന്നിങ്ങ്മില്ലിൽ ഒരാൾ ഉണ്ടെങ്കിൽ മതി ഇപ്പോഴുള്ള വകുപ്പനുസരിച്ച് റെക്കഗ്നിഷൻ കിട്ടും. ഇത് ഒഴിവാക്കണം. സംസ്ഥാന വ്യാപകമായിട്ടുള്ള ഇൻഡസ്ട്രീസിൽ പതിനഞ്ച് ശതമാനം എടുക്കേണ്ടത് മൊത്തം അംഗസംഖ്യയുടെ അടിസ്ഥാനത്തിലായിരിക്കണം. അതല്ലാതെ എതെങ്കിലുമൊരു സ്ഥലത്തുമാത്രം പതിനഞ്ച് ശതമാനം കിട്ടി മററുള്ളിടത്തെല്ലാം പേരിനുവേണ്ടി വന്നിരുന്നാൽ മൾട്ടിപ്ലിസിററിയ്ക്കുവേണ്ടിയാണ് നിയമനിർമ്മാണം നടത്തുന്നതെങ്കിൽ

The purpose of the legislation will be defeated. So to obviate that difficulty, it should be made clear. Industries can be in two ways- State-wide industries and Unit-wide industries.

യൂണിററ് അടിസ്ഥാനത്തിലുള്ള ഇൻഡസ്ട്രീസും ആകാം സംസ്ഥാന വ്യാപകമായിട്ടുള്ള ഇൻഡസ്ട്രീസും ആകാം. സംസ്ഥാന വ്യാപകമായിട്ടുള്ള ഇൻഡസ്ട്രീസിൽ പതിനഞ്ച് ശതമാനമെന്ന് നിർണ്ണയിക്കുന്നതിനുള്ള ബേസിസ് സംസ്ഥാന വ്യാപകമായിട്ടുള്ള ടോട്ടൽ മെമ്പർഷിപ്പിന്റെ പതിനഞ്ച് ശതമാനമായിരിക്കണം. ഈ നിയമം വായിച്ചാൽ അങ്ങനെ കാണുകയില്ല. ക്ലാസ് 4 സബ്ക്ലാസ് 2ൽ.

Notwithstanding anything contained in clause (*a*) of sub-section (1), if the total number of members of all the recognised trade unions in an industrial establishment is less than sixty per cent of the total number of workmen in that establishment, any registered trade union having less than fifteen per cent of the total number of workmen in such establishment as its members shall, subject to the provisions of sub-section (3), be entitled to recognition under this Act:

ടോട്ടലായിട്ട് 60 ശതമാനം അംഗസംഖ്യ ഉണ്ടായിരിക്കെ പതിനഞ്ച് ശതമാനത്തിനുവേണ്ടി വിവിധ ശാഖകളിൽകൂടി കിട്ടിയ മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിൽ 15 ശതമാനം നിർണ്ണയിക്കപ്പെട്ടാൽ മൾട്ടിപ്ലിസിററി ഉണ്ടാകും. മാററാൻ പററുകയില്ല. അതുകൊണ്ടാണ് ടോട്ടൽ മെമ്പർഷിപ്പിന്റെ 60 ശതമാനമായാലും യൂണിററിൽ നാമമാത്രമായ മെമ്പർഷിപ്പ് കൊണ്ട് റെക്കഗ്നിഷൻ കിട്ടുന്ന പരിപാടിയിൽ മാററം വരുത്തണം. അതുകൊണ്ട് സ്റേററ്റ് വ്യാപകമായിട്ടുള്ളതും യൂണിററ് വൈസായിട്ടുള്ള ഇൻഡസ്ട്രീസും വേറെ വേറെ തിരിച്ചിട്ട് ഓരോന്നിനും അമ്പത് ശതമാനമെന്ന് വ്യവസ്ഥ ഏർപ്പെടുത്തണം അല്ലെങ്കിൽ മൾട്ടിപ്പിസിററി ഒഴിവാക്കാൻ പററുകയില്ല.

ശ്രീ. സി. എ. കുര്യൻ: ഒരു ഫാക്ടറിയിലുള്ള തൊഴിലാളികളിൽ നാല് യൂണിയൻ ഉണ്ടെന്ന് വയ്ക്കുക. അറുപത് ശതമാനം ആർക്കും ഇല്ല. അങ്ങനെ വന്നാൽ പത്തു ശതമാനമുള്ള യൂണിയനുകൾക്ക് അംഗീകാരം കൊടുത്തില്ലെങ്കിൽ ഒരു യൂണിയനും പ്രവർത്തിക്കാൻ പററുകയില്ല.

Shri Varkala Radhakrishnan: Where more than one trade union is entitled to recognition under sub-section (2), അവിടേയും മാററം വരുത്തണം. Priority for recognition shall be given to the trade union or trade unions having the larger number of members.

ശ്രീ. കുര്യൻ പറഞ്ഞതുപോലെയുള്ള അപകടം ഇതിനകത്തുവരും. ഇതിൽ അങ്ങനെ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ ശരിയല്ല. ലാർജർ നമ്പർ കിട്ടുന്ന ആളിന്, the process of elimination should be the process. ആ eliminating process എടുക്കണം. ഏററവും കൂടുതൽ മെമ്പർഷിപ്പ് കിട്ടുന്ന ആളിനെയായിരിക്കണം എടുക്കേണ്ടത്. നാലഞ്ച് യൂണിയനുകളുണ്ട്. ഈ യൂണിയന്റെ മെമ്പർഷിപ്പ് നമ്മുടെ മുമ്പിലുണ്ട്. ഇതിൽ ലാർജറായിട്ടുള്ള ആളെ എടുക്കണമെന്ന് പറഞ്ഞാൽ ആരെ എടുക്കും? ലാർജർ എന്ന് പറഞ്ഞാൽ The process of elimination should be the guiding principle എന്ന് പറയാൻ കാരണം അതാണ്, അതുപോലെതന്നെ ഈ നിയമത്തെ സംബന്ധിച്ചിടത്തോളം മറെറാരു പോരായ്മയുണ്ട്.

ശ്രീ. പി. കെ. ശ്രീനിവാസൻ: ആരെ എടുക്കണമെന്നുള്ളതിന് സംശയം എന്താണ്? കൂടുതൽ മെമ്പർഷിപ്പുള്ള യൂണിയന് റെക്കഗ്നിഷൻ കൊടുക്കുന്നു.

ഉദാഹരണത്തിന്, 50 മെമ്പർ, 60 മെമ്പർ, 70 മെമ്പർ, 80 മെമ്പർ, 90 മെമ്പർ, വീതമുള്ള അഞ്ച് യൂണിയനുകളുണ്ടെന്ന് വിചാരിക്കുക. ഈ അഞ്ചെണ്ണവും ലാർജറാണ്. ഇവർക്ക് അഞ്ച് പേർക്കും 15 പെർസെൻറ് ഇല്ല. ഇതിൽ എലിമിനേററ് ചെയ്യുന്നത് ഒരാളേ ഉള്ളു. അതായത് 50–കാരൻ. നേരെമറിച്ച് അറുപതുകാരനെ എലിമിനേററ് ചെയ്യാൻ ഒക്കുകയില്ല; ഈ പ്രോസസ് അനുസരിച്ച്, അയാൾക്ക് അതേസമയത്ത് 15 പെർസെൻറ് ഇല്ലതാനും. ഇപ്പോൾ ശ്രീ. ശ്രീനിവാസന് മനസ്സിലായികാണുമെന്നാണ് എന്റെ വിശ്വാസം.

ലോവസ്ററായിട്ടുള്ള ആൾ ഏററവും ലോവസ്ററായിട്ടുള്ള ആളിനേക്കാളും ലാർജറാണെന്ന് പറഞ്ഞു കഴിഞ്ഞാൽ, 15 പെർസെൻറ് ഇല്ലെങ്കിലും അയാൾ എൻറൈററിൽഡാണ്. ലാർജറെന്നു പറയുമ്പോൾ ഒരാളെ ഉള്ളു. അപ്പോൾ ഏററവും കുറവുള്ള ആളിനല്ലേ പോവുകയുള്ളു. ബാക്കിയുള്ളവരെല്ലാം വരുകയില്ലേ? അതാണ് ഇതിന്റെ ഒരു തകരാറ്, അപ്പോൾ 15 പെർസെൻറ് എന്നു പറഞ്ഞതു കൊണ്ടുമാത്രം ആയില്ല. ലാർജറെന്നു പറഞ്ഞാൽ, 15 പെർസൻറിനകത്തുള്ള, ലാർജറായിട്ടുള്ള ആളിനെമാത്രമെടുക്കണം. മററുള്ളവർ വെളിയിൽ പോകും. നേരെമറിച്ച് ലാർജറെന്നു പറഞ്ഞാൽ ഏററവും കുറഞ്ഞ ഒരാളിനേമാത്രമേ എലിമിനേററ് ചെയ്യാൻ ഒക്കുകയുള്ളു. തൊട്ടു മുകളിലുള്ള ആൾ പറയുകയില്ലേ ഞാൻ മററവനേക്കാൾ ലാർജറാണെന്ന്? How could he be eliminated? ഈ നിയമത്തിൽ വരുന്ന പേററൻറായിട്ടുള്ള ഇല്ലീഗാലിററിയാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

അതുപോലെതന്നെ മറെറാരു കാര്യം, ഇതിൽ തന്നെ ട്രെയ്ഡ് യൂണിയൻസിന്റെ അംഗീകാരത്തെ സംബന്ധിച്ച് തർക്കമുണ്ടാകാം. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

യൊക്കെ ഒരു അതോരിററിയെ നിയമിച്ചിട്ടുണ്ട്. ഞാൻ സാംഖിയൻറായി ട്ടുള്ള, പ്രധാനപ്പെട്ട ചില പോയിൻറുകൾ മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളു. വകുപ്പ് വകുപ്പായി പറയാൻ ആഗ്രഹിക്കുന്നില്ല.

അപ്പീൽ പ്രൊവിഷൻ, ഒരാൾക്ക് എ., ബി., സി എന്നിങ്ങനെ മൂന്നു യൂണിയനുകളുണ്ടെന്ന് വിചാരിക്കുക, അയാൾക്ക് റക്കഗ്നീഷൻ കൊടുക്കുന്നു. അല്ലെങ്കിൽ അയാളെ റഫ്യൂസ് ചെയ്താൽ അതിൽ അപ്പീൽ പോകാം. പക്ഷേ റക്കഗ്നേഷൻ കിട്ടിയ ആരം മററൊരു ആളിന് കിട്ടിയതിനെക്കുറിച്ച് തർക്കം പറഞ്ഞാൽ അപ്പീലിന് പോകാൻ വ്യവസ്ഥയില്ല. ഒരാൾക്ക് റക്കഗ്നീഷൻെറ റഫ്യൂസൽ വന്നാൽ There is a provision for appeal in the statute. പക്ഷേ വേറൊരാളിന് കൊടുത്തതിനെ സംബന്ധിച്ച് മററൊരാൾക്ക് തർക്കമുണ്ടായാൽ അയാൾക്ക് അപ്പീൽ കൊടുക്കാൻ പ്രൊവിഷനില്ല.

എനിക്ക് തർക്കമുണ്ട്, എനിക്ക് റിക്കഗ്നീഷൻ കിട്ടി. That is another matter. So have no appeal. പക്ഷേ വേറെ ഒരാളിന് അന്യായമായി റക്കഗ്നീഷൻ കൊടുത്താൽ അതിൻമേൽ അപ്പീൽ കൊടുക്കാൻ കിട്ടിയ ആളിന് അവകാശമുണ്ടാവുകയില്ല. ഒരാളെ തള്ളിക്കളഞ്ഞാൽ, തള്ളിക്കളെയുന്ന ആളിനുമാത്രമുള്ള അപ്പീൽ പ്രൊവിഷൻ പോര. റഫ്യൂസലിനെ സംബന്ധിച്ചും, ഡിസിഷൻ നെഗററീവായാലും പോസററീവായാലും, റക്കഗ്നീഷൻ കൊടുത്തതിനെ സംബന്ധിച്ചും നിഷേധിച്ചതിനെ സംബന്ധിച്ചും തർക്കമുണ്ടായാൽ അപ്പീൽ കൊടുക്കാൻ അവകാശമുണ്ടായിരിക്കണം. ആ രീതിയിൽ സെക്ഷൻ 7–ൽ മാററം വരണം.

Any trade union aggrieved by any refusal of the authority to recognise a trade union or by the withdrawal or cancellation of a certificate or recognition may, within such period as may be prescribed. appeal to the Government against such refusal, withdrawal or cancellation. ഇത്രയേ പറയുന്നുള്ളൂ.

So a person may not be directly aggrieved. But he should get the right of appeal questioning or challenging the validity of giving recognition. That also should be provided. So an appeal provision should be made even questioning or challenging the validity of giving recognition or refusal or cancellation. So the provision is silent in that matter. അതുപോലെ തന്നെ മററൊരു കാര്യം എനിക്ക് പറയുവാനുള്ളത്, ഈ നിയമം ഇവിടെ കൊണ്ടുവന്നു, ഇതിൻെറ ഉപജ്ഞാതാക്കളെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. Rights of recognised Trade Unions—വാസ്തവത്തിൽ വ്യവസായതർക്കനിയമങ്ങളിലും, ട്രെയിഡ് യൂണിയൻ നിയമങ്ങളിലും വ്യവസ്ഥയുണ്ടെങ്കിലും യഥാർത്ഥത്തിൽ, തൊഴിലാളി വർഗ്ഗത്തിൻെറ കളക്ടീവ് ബാർഗെയിനിംഗിനെ അംഗീകരിച്ചിരുന്നില്ല. തൊഴിലാളി വർഗ്ഗത്തിൻെറ കൂട്ടായ വിലപേശൽ ഏററവും കൂടുതൽ ആക്രമിക്കപ്പെടുന്ന രംഗം ഇതാണ്. ഈ അവസരത്തിൽ ഞാൻ, അടുത്തകാലത്തുണ്ടായ ഓർഡിനൻസിനെക്കുറിച്ച് ഓർക്കുകയാണ്. Maintenance of Essential Services Ordinance ഈ 8–ാം വകുപ്പ് വായിക്കുമ്പോൾ ഞാൻ അത് ഓർക്കുകയാണ്. ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിൻെറ കളക്ടീവ് ബാർഗെയിനിംഗിനുമേലുള്ള കടന്നാക്രമണമാണ്, നമുക്കേവർക്കും വിഷമമുണ്ടാക്കിയ ഏററവും ക്രൂരമായ കടന്നാക്രമ

LIBRARY ARCHIVES Kerala Legislative Assembly

ന്നമാണ് കേന്ദ്രഗവൺമെൻറിൻെറ, അടുത്തകാലത്തുണ്ടായ Maintenance of Essential Services Ordinance. അത് തൊഴിലാളി വർഗ്ഗത്തിൻെറ കളക്ടീവ് ബാർഗെയിനിംഗിനോടുള്ള നമ്മുടെ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടുള്ള ഒരു നിലപാടാണ്. ഈ രാജ്യത്തെ പൗരൻമാർക്കുള്ള അവകാശത്തിൻമേലുള്ള പരിമിതപ്പെടുത്തലാണ്. ഏത് വ്യവസായമായാലും പൊതുമേഖല വ്യവസായമായി നിർണ്ണയിച്ച് പണി മുടക്ക് നിരോധിക്കാൻ ആ നിയമത്തിൽ വ്യവസ്ഥയുണ്ട്. അങ്ങനെ തൊഴിലാളിവർഗ്ഗം ഏററവും കൂടുതൽ ചവിട്ടിമെതിക്കപ്പെടുന്ന ഒരു അവസരത്തിൽ, തൊഴിലാളി വർഗ്ഗത്തിൻമേലുള്ള കടന്നാക്രമണം കേന്ദ്ര ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, തൊഴിലാളികളോട് ക്രൂരമായി പെരുമാറുന്ന നിയമനിർമ്മാണങ്ങൾ നടക്കുന്ന ഈ രാജ്യത്ത്, മുതലാളിമാർക്ക് ഇഷ്ടം പോലെ ലോക്കൗട്ട് പ്രഖ്യാപിക്കാൻ അവസരമുണ്ടാക്കികൊടുത്ത സാഹചര്യത്തിൽ, കേന്ദ്ര ഗവൺമെൻറ് ലോക്കൗട്ടിനെക്കുറിച്ച് ഒന്നും പറയാത്ത സാഹചര്യത്തിൽ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ഈ രാജ്യത്തിലെ തൊഴിലാളി വർഗ്ഗത്തിന് ഒരു പുതിയ ആയുധവുമായി വന്നിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: ഈ സംസ്ഥാനത്ത് അടുത്തകാലത്ത്, വിദ്യുച്ഛക്തി ബോർഡിലെ തൊഴിലാളികൾ അട്ടിമറി സമരം നടത്തി, ടൗവർ മുഴുവൻ നശിപ്പിച്ച് ഈ രാജ്യത്തിലെ ജനങ്ങളെ മുഴുവൻ ഇരുട്ടിലാഴ്ത്തി, ഓപ്പറേഷൻ തിയേറ്ററിൽ നിന്ന് ഓപ്പറേഷൻ നടത്തേണ്ട പാവപ്പെട്ട രോഗികളെപോലും പുറത്താക്കി ബുദ്ധിമുട്ടുണ്ടാക്കിയാലും, സമരം ചെയ്തോയെന്നു പറഞ്ഞ്. ഇടതുപക്ഷ മുന്നണിയിലെ മാർക്സിസ്ററുകാരും വലതുകാരും കൊടുക്കുന്നതുപോലെ പിൻതുണ കൊടുക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട ജോർജിന് ട്രെയിഡ് യൂണിയനെന്നുവച്ചാൽ പച്ചമരുന്നോ അങ്ങാടി മരുന്നോ എന്ന് അറിയുകയില്ല.

ശ്രീ. പി. സി. ജോർജ്: അതിന് ബഹുമാനപ്പെട്ട മെമ്പർ വിഷമിക്കേണ്ട. കർഷകതൊഴിലാളികളും കർഷകനും ഒരു നാണയത്തിൻെറ ഇരുവശങ്ങളാണെന്ന് പ്രഖ്യാപിച്ച മഹാനായ ജോർജ് സാറിൻെറ കീഴിലുള്ള പ്രവർത്തകനാണ് ഞാൻ. തൊഴിലാളിയേയും മുതലാളിയേയും രണ്ട് വർഗ്ഗമായി കാണാതെ, ഒന്നായി കാണണമെന്നു തീരുമാനിക്കപ്പെട്ട ഒരു പാർട്ടിയിൽപ്പെട്ടവരാണ് ഞങ്ങൾ. ഇത് രണ്ടും ഒന്നായി കണ്ട്, യോജിച്ച് മുന്നോട്ടുപോയി, ഈ രാജ്യത്തിൻെറ നൻമയ്ക്കുവേണ്ടി നമുക്കൊക്കെ പ്രവർത്തിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം, ഞാൻ ആദ്യം എൻെറ പ്രസംഗം തുടങ്ങിയപ്പോഴേ പറഞ്ഞു ഇതൊരു 'മാഗ്നാകാർട്ടയാണെന്ന്'. ഇംഗ്ലണ്ടിലെ ജനങ്ങൾ പൗരാവകാശം സ്ഥാപിച്ചെടുത്ത ആ മഹാസംഭവത്തെക്കുറിച്ച് ഞാൻ ഓർക്കുകയാണ്. കേരളത്തിലെ തൊഴിലാളി വർഗ്ഗം അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്ന മഹത്തായ ഒരു സംഭവമാണിത്. കേന്ദ്ര ഗവൺമെൻറ് Maintenance of Essential Services Ordinance പുറപ്പെടുവിച്ച സാഹചര്യത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ കൂട്ടായ കളക്ടീവ്

LIBRARY ARCHIVES Kerala Legislative Assembly

ബാർഗെയിനിംഗിന്റെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ വ്യവസ്ഥകളെ ലംഘിച്ചുകൊണ്ടാണ് ആർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. നമ്മുടെ രാജ്യത്ത് പണിമുടക്ക് നടത്താൻ സാധാരണ നിയമങ്ങളുണ്ട്. പണിമുടക്ക് നിരോധിക്കാൻ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ വ്യവസ്ഥയുണ്ട്. പണിമുടക്കു ലീഗലാണെന്ന് പറയാൻ സാധാരണ നിയമങ്ങൾ ഈ രാജ്യത്തുള്ളപ്പോൾ ആ വ്യവസ്ഥാപിത നിയമങ്ങളെ മറികടന്നുകൊണ്ട് ഭരണഘടനയിൽ പൗരൻമാർക്ക് നൽകിയിട്ടുള്ള കളക്ടീവ് ബാർഗെയിനിംഗ് അടക്കമുള്ള മൗലികമായ സ്വാതന്ത്ര്യത്തെ നിഹനിച്ചുകൊണ്ട് വെറും രാഷ്ട്രീയപകപോക്കലിന്റെ പേരിലാണ് കേന്ദ്രഗവൺമെൻറ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ള ആ പശ്ചാത്തലത്തിൽ, നമുക്കഭിമാനിക്കാൻ കഴിയുന്ന, ഞാൻ ചങ്കൂററത്തോടുകൂടി നിയമപുസ്തകം മുന്നിൽ ഉയർത്തിക്കൊണ്ട് പറയുകയാണ്, ഈ രാജ്യത്ത് തൊഴിലാളിവർഗ്ഗത്തിന് എക്കാലവും അഭിമാനിക്കാൻ കഴിയുന്ന ഒരു പുതിയ 'മാഗ്നാകാർട്ട' ചാർട്ടറാണ് ഈ നിയമത്തിൽ അംഗീകരിച്ചിട്ടുള്ളത്.

ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിന്റെ അംഗീകൃത ട്രെയ്ഡ് യൂണിയൻ പ്രതിനിധികളെ മാനേജർക്ക് ഏതവസരത്തിൽ സ്വീകരിക്കാനും മാനേജർക്ക് അയാളുമായി കൂടിയാലോചന നടത്താനുമുള്ള നിയമപരമായ അധികാരമാണ് ഈ നിയമത്തിൽ കൂടി കൊടുത്തിരിക്കുന്നത്. അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളോട് ഞാൻ ചോദിക്കുകയാണ്, നിങ്ങൾ ഈ രാജ്യത്ത്, തൊഴിലാളികളുടെ പേരിൽ മുതലകണ്ണീർ പൊഴിക്കുന്നവരാണല്ലോ. തീർച്ചയായും നിങ്ങൾ ഇതിനെക്കുറിച്ച് ആലോചിക്കണം. ഈ രാജ്യത്തിലെ തൊഴിലാളിവർഗ്ഗത്തിന് അവകാശങ്ങൾ നൽകുന്ന ഈ നിയമം മുതലാളിമാരെക്കൊണ്ട് അംഗീകരിപ്പിക്കുന്ന ഈ നിയമം മേലിൽ കൂടിയാലോചനകളിൽ പങ്കെടുക്കുന്ന തൊഴിലാളിയ്ക്ക് ആ ദിവസത്തെ ശമ്പളം കൊടുത്തുകൊള്ളണമെന്ന് ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. ട്രെയിഡ് യൂണിയൻ കോൺഫറൻസുകളിൽ, ത്രികക്ഷി സമ്മേളനങ്ങളിൽ പങ്കെടുക്കാൻ പോകുന്ന യൂണിയന്റെ പ്രതിനിധികൾക്ക് അന്നത്തെ ലീവും ശമ്പളവും കൊടുക്കാൻ ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. തൊഴിലാളി ലീവെഴുതി കൊടുക്കണ്ട, കാഷ്വൽ ലീവ് എടുക്കേണ്ട, ഹാഫ് പേ ലീവെടുക്കണ്ട; ഒരു സമ്മേളനത്തിൽ പങ്കെടുക്കുന്ന റക്കഗ്നൈസ്ഡ് ട്രെയ്ഡ് യൂണിയന്റെ പ്രതിനിധി അന്തസായി, തലയുയർത്തി ആ സമ്മേളനത്തിൽ പങ്കെടുത്താൽ, എത്ര ദിവസം പങ്കെടുക്കുന്നുണ്ടോ അത്രയും ദിവസത്തെ ശമ്പളം ഒരു പൈസ പോലും കുറവുവരുത്താതെ കൊടുത്തുകൊള്ളണമെന്നാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്.

ശ്രീ. ജോസ് കുററ്യാനി: ഇപ്പോൾ തന്നെ കോൺഫറൻസിൽ പങ്കെടുക്കാൻ പോകുന്ന ട്രെയിഡ് യൂണിയന്റെ പ്രതിനിധികൾക്ക് ശമ്പളം കിട്ടികൊണ്ടിരിക്കുന്നു എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: എന്റെ അറിവിൽ ഇല്ല. തൊഴിലാളികളുടെ അവകാശം ബഹുമാനപ്പെട്ട കുററിയാനി പറഞ്ഞതുപോലെ ചിലർ കൊടുക്കുന്നുണ്ടാകാം. ഇല്ലെന്നല്ല. പക്ഷെ തൊഴിലാളികളുടെ അവകാശം എന്ന നിലയ്ക്ക് ഒരു നിയമ പുസ്തകത്തിൽ എഴുതിവച്ച്, രേഖപ്പെടുത്തി ഇന്ത്യാമഹാരാജ്യത്ത് ആദ്യം തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലാണ്. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. കൂടിയാലോചനകളിൽ പങ്കെടുക്കുന്ന ട്രേഡ്‌യൂണിയൻ പ്രതിനിധികൾക്ക് ശമ്പളം കൊടുക്കാനുള്ള വ്യവസ്ഥ ഈ നിയമത്തിലുണ്ട്. അതുപോലെതന്നെ യൂണിയനുകളുമായി ഉണ്ടാക്കുന്ന കരാറുകൾ പൂർണ്ണമായി നടപ്പാക്കാനുള്ള വ്യവസ്ഥകളുണ്ട്. ഞാൻ ഇത്രയും ആവേശത്തോടുകൂടി പറയുന്നതിന്റെ ഒരു പ്രധാന കാരണം ഈ രാജ്യത്ത് ഇന്ന് ഏററവും കൂടുതൽ കാഷ്വാലിറ്റി ഉള്ളത് ട്രേഡ് യൂണിയനുകൾക്കാണ്. ഭരണാധികാരി വർഗ്ഗത്തിൽ നിന്ന് ഏററവും കൂടുതൽ അത്യാഹിതം സംഭവിച്ചുകൊണ്ടിരിക്കുന്നത് ട്രേഡ്‌യൂണിയൻ പ്രസ്ഥാനങ്ങൾക്കാണ്. ഈ ട്രേഡ്‌യൂണിയൻ പ്രസ്ഥാനങ്ങളെ കരിതേച്ചുകാണിക്കാനുള്ള ഈ രാജ്യത്തെ പിന്തിരിപ്പൻ ശക്തികളുടെ ശ്രമം ഒരു ഭാഗത്ത്. ട്രേഡ്‌യൂണിയനുകളെ ചവിട്ടിമെതിക്കാനുള്ള ഭരണാധികാരി വർഗ്ഗത്തിന്റെ ശ്രമം മറുഭാഗത്ത്. ഇങ്ങനെ ചെകുത്താനും കടലിനുമിടയ്ക്ക് കിടക്കുന്ന തൊഴിലാളിവർഗ്ഗം സടകുടഞ്ഞ് എഴുന്നേൽക്കാനുള്ള ഒരു ചുവടുവയ്പാണ് ഈ നിയമം. പ്രത്യേകിച്ച് നമ്മുടെ രാജ്യത്ത് കേന്ദ്ര ഗവൺമെൻറിന്റെ ഓർഡിനൻസ്, പണിമുടക്ക് നിരോധന ഓർഡിനൻസിന്റെ സാഹചര്യത്തിൽ ഈ നിയമത്തിന് പ്രത്യേകം പ്രസക്തിയുണ്ട്. ഈ രാജ്യത്തെ മുതലാളിവർഗ്ഗം ലോക്കൗട്ട് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ വ്യവസ്ഥയുണ്ട്. ലോക്കൗട്ട് ഇല്ലീഗലായാൽ എന്ത് ചെയ്യണമെന്ന്? ഈ രാജ്യത്ത് ഏതെങ്കിലും ഒരു ഗവൺമെൻറ്, വ്യവസ്ഥകൾ ലംഘിക്കുന്ന മുതലാളിമാർക്കെതിരായി നടപടി എടുത്തിട്ടുണ്ടോ? പണിമുടക്ക് നിരോധിക്കാൻ ഓർഡിനൻസ് പുറപ്പെടുവിച്ചു. എന്തുകൊണ്ട് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വ്യവസ്ഥകൾപോലും നടപ്പിലാക്കാത്ത ലോക്കൗട്ട് ഇല്ലീഗലാണെന്ന് പറയാനുള്ള സൂചനപോലും ഓർഡിനൻസിൽ ഇല്ലാതെപോയി. ലോക്കൗട്ട് നിരോധിച്ചിരിക്കുന്ന ഏതു മുതലാളിത്ത രാജ്യം എടുത്താലും അമേരിക്കയായാലും ഇംഗ്ലണ്ടായാലും ഏതു മുതലാളിത്ത രാജ്യമായാലും നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ മുതലാളിമാരോടും തൊഴിലാളികളോടും സമഭാവന പേരിനെങ്കിലും കാണിക്കും. എത്ര വലിയ ബൂർഷ്വാ ഗവൺമെൻറായാലും മുതലാളിയോടും തൊഴിലാളിയോടും നിയമത്തിൽ സമഭാവന കാണിക്കും. ശ്രീമതി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ചിട്ടുള്ള നിയമത്തിൽ, തൊഴിലാളികളുടെ പണിമുടക്ക് നിരോധിച്ചിരിക്കുന്നു എന്നു പറയുന്ന ശ്രീമതി ഇന്ദിരാഗാന്ധി മുതലാളിമാരുടെ ലോക്കൗട്ടിനെക്കുറിച്ച് കമാ എന്നൊരക്ഷരം പറഞ്ഞിട്ടില്ല. മുതലാളിയായാലും തൊഴിലാളിയായാലും നിയമത്തിന്റെ മുമ്പിൽ എല്ലാവരും തുല്യരാണ്. ഈ ഓർഡിനൻസിന്റെ കാര്യത്തിൽ എന്തു സമഭാവനയാണുള്ളത്. ഇവിടത്തെ വ്യാവസായിക സമാധാനം തകർക്കുന്നതു മുഴുവൻ മുതലാളിമാരാണ്. ആ മുതലാളിമാരുടെ ലോക്കൗട്ട് ഇല്ലീഗലാണെന്നു പറയുന്ന ഒരു വാക്കുപോലും ഓർഡിനൻസിലില്ല. കൺമുമ്പിൽ നടക്കുന്ന അനുഭവങ്ങളാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഈ നിയമനിർമ്മാണം ഒരു രജതരേഖയാണ്. എക്കാലവും ഓർമ്മിപ്പിക്കപ്പെടുന്ന ഒരു രജതരേഖയാണ് ഈ നിയമനിർമ്മാണം എന്നതിൽ നമുക്ക് അഭിമാനിക്കാം. ഈ നിയമം വേണ്ടത്ര ഭേദഗതികളോടുകൂടി, ഈ രാജ്യത്ത് തൊഴിലാളിവർഗ്ഗത്തിന്റെ താൽപ്പര്യത്തിനുവേണ്ടി പ്രത്യേകിച്ച് ട്രേഡ്‌യൂണിയൻ റൈവൽറി അവസാനിപ്പിക്കുന്നതിന്, ആരോഗ്യകരമായ ട്രേഡ്‌യൂണിയൻ ബന്ധം നിലനിർത്തുന്നതിനുവേണ്ടി ഇതാവശ്യമാണ്. നമ്മുടെ രാജ്യത്തെ തൊഴിലാളിവർഗ്ഗം മോശമല്ല, സമർത്ഥരാണ്. അങ്ങനെ സമർത്ഥരായ തൊഴിലാളികൾ ഉള്ള നമ്മുടെ രാജ്യത്ത് നിയമപരമായിത്തന്നെ അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം നൽകുന്ന ഈ നിയമനിർമ്മാണത്തിന് സകലവിധ പിന്തുണയും നൽകിക്കൊണ്ട് പെട്ടെന്നുതന്നെ ഇത് പാസ്സാക്കി എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. കെ. കേശവൻ: സർ, നമ്മുടെ ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ ഞാൻ സന്തോഷപൂർവം സ്വാഗതം ചെയ്യുകയാണ്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ഈ നിയമം നമ്മുടെ കേരള സംസ്ഥാനത്ത് പാസ്സാക്കി നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ കേരളത്തിലെ സംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും അസംഘടിതരായ തൊഴിലാളികൾക്കുമെല്ലാം നിയമനിർമ്മാണത്തിന്റെ കാര്യത്തിലും അത് നടപ്പിലാക്കുന്ന കാര്യത്തിലും നമ്മുടെ ഭാരതത്തിലെ മററു സംസ്ഥാനങ്ങൾക്ക് കേരളം ഒരു വഴികാട്ടിയാണെന്ന് ചൂണ്ടിക്കാണിക്കാൻ ഒരിക്കൽക്കൂടിയവസരം ഉണ്ടായിരിക്കുന്നു. പല നിയമങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞുകേട്ടിട്ടുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇത്തരം ഒരു നിയമം കൊണ്ടുവന്ന ഈ പ്രത്യേക കാലഘട്ടവും സാഹചര്യങ്ങളും പരിഗണന അർഹിക്കുന്നതായിട്ടുള്ള സന്ദർഭമാണ്. കേന്ദ്രഗവൺമെന്റ് തൊഴിലാളികളുടെ പണിമുടക്കവകാശങ്ങളെ വരിഞ്ഞുകെട്ടി മുതലാളിമാരുടെ പാദത്തിലിട്ടുകൊടുക്കാൻ ശ്രമിക്കുമ്പോൾ തൊഴിലാളികൾക്ക് കൂട്ടായി വില പേശാനുള്ള അവന്റെ സ്വാതന്ത്ര്യം കൂടുതൽ അനുവദിച്ചുകൊണ്ട്, സംഘടനാ പ്രവർത്തനങ്ങൾ, യൂണിയൻ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള സൗകര്യമുണ്ടാക്കിക്കൊണ്ട് ജനോപകാരപ്രദമായ നിയമങ്ങൾ ഉണ്ടാക്കുകയാണ് കേരളത്തിൽ. രണ്ടു ഗവൺമെന്റുകളുടെ വർഗ്ഗസ്വഭാവം വിളിച്ചറിയിക്കുകയാണ് കേരളത്തിലെ ട്രേഡ്യൂണിയൻ അംഗീകാരം സംബന്ധിച്ച ബില്ലും കേന്ദ്രത്തിലെ പണിമുടക്കു നിരോധന ഓർഡിനൻസും. അതുകൊണ്ടാണ് ഞാൻ ഈ ബില്ല് കൊണ്ടുവന്ന ഗവൺമെന്റിനേയും ബഹുമാനപ്പെട്ട മന്ത്രിയേയും അഭിനന്ദിക്കുന്നു എന്നു പറഞ്ഞത്.

സർ, ഒരു കാര്യം കൂടി പറയട്ടെ. ഈ ബില്ലിനെ സംബന്ധിച്ചു പറയുമ്പോൾ ഇന്ത്യയിലെ തൊഴിലാളി വർഗ്ഗം കഴിഞ്ഞ 60 വർഷക്കാലമായി ഇന്ത്യാ രാജ്യത്ത് പ്രവർത്തിക്കുന്ന ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിന്റെ ആദ്യത്തെ സമര സംഘടനയായ എ. ഐ. ടി. യു. സി. നിരന്തരം ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണ് രഹസ്യ ബാലററിൽക്കൂടി തൊഴിലാളികളുടെ പ്രാതിനിധ്യം തീരുമാനിക്കണമെന്നത്. ഈ കാര്യങ്ങൾ എ.ഐ.ടി.യു.സി. എല്ലാ കാലത്തും ഉന്നയിച്ചിട്ടുണ്ട്, ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ആവശ്യപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം അതിനെ പുച്ഛിച്ചുതള്ളിയ ആളുകൾക്ക്, എതിർത്താളുകൾക്ക് നമ്മുടെ കൊച്ചു കേരളത്തിന്റെ മാതൃക ഉപയോഗിച്ച് കേരളത്തിലെ നിയമം തീർച്ചയായിട്ടും ഇന്നല്ലെങ്കിൽ നാളെ സ്വീകരിക്കേണ്ടി വരുമെന്നുപറയാൻ എനിക്ക് സന്തോഷമുണ്ട്. എ.ഐ.ടി.യു.സി. ആവശ്യപ്പെട്ട തൊഴിലാളികളുടെ പ്രാതിനിധ്യം സംബന്ധിച്ചുള്ള രഹസ്യ ബാലററു വഴി തീരുമാനിക്കാനുള്ള സന്ദർഭവും ഈ നിയമംമൂലം ഉണ്ടായിരിക്കുകയാണ്. എന്തിനാണ് രഹസ്യ ബാലററുവഴി തൊഴിലാളികളുടെ പ്രാതിനിധികൾ ഉണ്ടാകണമെന്നു പറയുന്നത്? ഒരു കാര്യമുണ്ട്. ശ്രീ. രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചു. ഒരു വ്യവസായ സ്ഥാപനത്തിൽ അല്ലെങ്കിൽ തൊഴിൽശാലയിൽ അനാശാസ്യമായ ഒട്ടേറെ പ്രവണത അടുത്തകാലത്ത് കണ്ടുവരുന്നുണ്ട്. ആവശ്യത്തിൽ കൂടുതൽ തൊഴിലാളി സംഘടനകൾ ഉണ്ടാകുന്നുണ്ട്. ഒരു തൊഴിലാളി സംഘടന ഉണ്ടാക്കുന്നത് തൊഴിലാളികളുടെ അവകാശസമരങ്ങളെ പൊളിക്കാൻവേണ്ടിയുള്ള കരിങ്കാലി

LIBRARY ARCHIVES Kerala Legislative Assembly

സംഘടനകൾ ഉണ്ടാക്കുന്നതിനാണ്. കരിങ്കാലി സംഘടനകൾ ഉണ്ടാക്കാൻ വേണ്ടി ഉപയോഗപ്പെടുത്തിയിരുന്ന, ഭിന്നിപ്പിച്ചുകൊണ്ടുള്ള സംഘടനകൾ മിക്കവാറും വ്യവസായ സ്ഥാപനങ്ങളിൽ ആവശ്യത്തിലേറെ ഉണ്ടായിരിക്കുന്നു. അതുകൊണ്ട് ബില്ല് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി സൂചിപ്പിച്ച ഒരു വാചകമുണ്ട്. നമ്മുടെ ഉത്തരവാദിത്വവും വ്യവസായ സമാധാനവും ഈ രാജ്യത്ത് നിലനിൽക്കണമെങ്കിൽ, നമ്മുടെ രാജ്യത്ത് വ്യവസായ പുരോഗതി ഉണ്ടാകണമെങ്കിൽ സുശക്തമായ തൊഴിൽബന്ധം വ്യവസായങ്ങളിൽ ഉണ്ടാകണമെങ്കിൽ തീർച്ചയായും അംഗീകരിക്കപ്പെട്ടിട്ടുള്ള യൂണിയനുകൾ ഉണ്ടായേ മതിയാവൂ.

അങ്ങനെ ഉണ്ടാകണമെങ്കിൽ തീർച്ചയായും ആരാണ് ഈ അംഗീകരിക്കപ്പെട്ട തൊഴിലാളി സംഘടന അല്ലെങ്കിൽ തൊഴിലാളി എന്ന് തീരുമാനിക്കപ്പെടാനുള്ള ഒരു വ്യവസ്ഥ വേണം. ഈ ബില്ലിൽ 15 ശതമാനത്തിൽ കുറയാത്ത തൊഴിലാളികളുടെ പ്രാതിനിധ്യമുള്ള യൂണിയനുകളെ അംഗീകരിക്കൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പല സ്ഥാപനങ്ങളിലും ഏഴു പേരെ വെച്ചുകൊണ്ട് ഇന്ന് ട്രേഡ്‌യൂണിയൻ ഉണ്ടാക്കുകയാണ്. പന്ത്രണ്ടു പേരുടെ പിന്തുണയുണ്ടെങ്കിൽ ഇന്നത്തെ ട്രേഡ്‌യൂണിയൻ നിയമമനുസരിച്ച് രജിസ്ട്രേഷന് അപേക്ഷിച്ചാൽ അത് കിട്ടും. 7 പേരെ വെച്ചാലും രജിസ്ട്രേഷൻ കൊടുക്കാൻ വ്യവസ്ഥയുണ്ട്. ഒരു സ്ഥാപനത്തിലെ ഏതെങ്കിലും 7 തൊഴിലാളികളെപിടിച്ച് അപ്പുറത്തു മാറിനിന്നുകൊണ്ട് തൊഴിലാളികളുടെ ന്യായമായ അവകാശസമരങ്ങളെ പൊളിക്കാൻ മാത്രമാണ് ഇക്കാലമത്രയും അവർ പരിശ്രമിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള സംഘടനകൾ തീർച്ചയായും നമ്മുടെ രാജ്യത്ത് ഉണ്ടാകാൻ പാടില്ല. കാരണം കേരളത്തിലെ തൊഴിലാളികൾ എന്നു പറഞ്ഞാൽ ഭാരതത്തിലേയും മററു സംസ്ഥാനങ്ങളിലേയും തൊഴിലാളികളെപോലെയല്ല. 90, 95 ശതമാനം ആളുകളും വിദ്യാഭ്യാസമുള്ളവരും എഴുത്തും വായനയും അറിയുന്നവരുമാണ്. ആ ആളുകളെ കഴിഞ്ഞ കാലങ്ങളിൽ വഞ്ചിച്ചതുപോലെ ഇനി വഞ്ചിക്കാൻ സാധിക്കുകയില്ലെന്ന് അവർക്ക് ഉറപ്പുനൽകുന്ന ഒരു നിയമമാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്.

സർ, ഇത് ഇതേപടി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ഒരു ബുദ്ധിമുട്ടു കൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഒരു കാര്യം ചൂണ്ടിക്കാണിച്ചു. വർക്ക്മെൻ എന്നുള്ള നിർവചനത്തിൽ 500 രൂപ എന്നുള്ളത് 1,500 രൂപയാക്കണമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ലാസ്ററ് ഗ്രേഡ് ജീവനക്കാർക്കുപോലും ഇന്ന് 500 രൂപ ശമ്പളം ലഭിക്കുന്നു. അതുകൊണ്ട് ഈ 500 രൂപ എന്നുള്ളത് ലാഭകരമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനത്തിലെ ഒരു തൊഴിലാളിക്ക് കിട്ടുന്ന വരുമാനത്തേക്കാൾ വളരെ കുറവാണ്. അത്തരം ആളുകൾ ഈ വർക്ക്മെൻ എന്നുള്ളതിനകത്ത് വരാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാകും. അതുകൊണ്ട് 500 രൂപ എന്നുള്ളത് 1,500 രൂപയായി ഉയർത്താനുള്ള നടപടി സ്വീകരിക്കണം.

സന്ധിസംഭാഷണത്തിൻെറ അടിസ്ഥാനത്തിൽ ഇപ്പോൾ തൊഴിലാളികൾക്ക് ശമ്പളം കൂട്ടികിട്ടുന്നില്ലേയെന്ന് ഒരു മെമ്പർ ചോദിക്കുകയുണ്ടായി. അങ്ങനെ ശമ്പളം കൂട്ടികിട്ടുന്നത് ആ സ്ഥാപനത്തിലെ മുതലാളിയുടെ ഔദാര്യംകൊണ്ടല്ല, നിയമംകൊണ്ടല്ല, തൊഴിലാളികൾ ശക്തിയായി സമരം ചെയ്ത് അവരുടെ കഴിവുകൊണ്ട്, അവരുടെ സംഘടനാശേഷികൊണ്ട് ആണ് പലപ്പോഴും ഇത്തരം സ്ഥാപനത്തിൽനിന്നും ശമ്പളം പിടിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ചാങ്ങദിക്കുന്നത്. എന്നാൽ ഈ നിയമത്തിലെ ഒരു പ്രത്യേകത ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ എഴുതിവെച്ച നിയമത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി കൂട്ടായി വിലപേശാൻ പോകുന്ന തൊഴിലാളികൾക്ക് ശമ്പളം ലഭിക്കാൻ ഇടവരും. അത് എവിടെ ഉണ്ട് സർ. നമ്മുടെ രാജ്യത്ത് എവിടേയും ഇത്തരം എഴുതിവെച്ച നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ ആനുകൂല്യം ലഭിക്കുന്നില്ല. അതുകൊണ്ടാണ് പറയുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് നമ്മുടെ രാജ്യത്തെ തൊഴിലാളികളെ അംഗീകരിക്കാൻവേണ്ടിയുള്ള, ട്രേഡ് യൂണിയനുകളെ അംഗീകരിക്കാൻ വേണ്ടിയുള്ള നിയമം ഉണ്ടാക്കുമ്പോൾ ആ നിയമത്തിനകത്ത് ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ തീർച്ചയായും നല്ല കാര്യങ്ങൾ തന്നെയാണ്. ഈ നിയമം പസ്സായി നടപ്പാകുമ്പോൾ നമ്മുടെ രാജ്യത്ത് ഇന്നുകാണുന്ന കൂണുപോലുള്ള ഒട്ടേറെ തൊഴിലാളി സംഘടനകൾ നഷ്ടപ്പെടും. ചില ആളുകൾക്ക് വിഷമമുണ്ടാകും. സ്വന്തം ആവശ്യത്തിനുവേണ്ടി രണ്ടു പോക്കററിലും രണ്ടു യൂണിയൻ കിടക്കട്ടെയെന്നുകരുതി രണ്ടു സ്ഥാപനങ്ങളിലായി അഞ്ചോ ആറോ യൂണിയനുകളുണ്ടാക്കി അതിന്റെ മേൽവിലാസവുമായി നടക്കുന്ന ചില നേതാക്കൻമാരുണ്ട്. അവർക്ക് ബുദ്ധിമുട്ടുണ്ടാകും. ഈ രാജ്യത്ത് വ്യവസായ രംഗത്തും തൊഴിൽ രംഗത്തും തൊഴിലാളികളെ സംഘടിപ്പിച്ച് അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന ട്രേഡ്‌യൂണിയനുകളെ സംബന്ധിച്ചിടത്തോളം തീർച്ചയായും ഈ ബിൽ സ്വാഗതാർഹമാണ്. അതുകൊണ്ട് കഴിയുന്നത്രവേഗം ഈ നിയമം പാസ്സാക്കുകയും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കത്തക്ക വിധത്തിലുള്ള യൂണിയനുകൾ ഉണ്ടാകത്തക്ക വിധത്തിൽ ഈ നിയമം നടപ്പാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri K. Sivadasan: Sir, I am on a point of order, I have moved an amendment No. 75. My amendment is with a special wording "to be referred to a Select Committee with instructions to submit the report within a month."

അതുകൊണ്ട് ഇത് ഒരു പ്രത്യേക അമൻറുമെൻറായി പരിഗണിച്ച് അവതരിപ്പിക്കാൻ അടുത്തതായി എന്നെ വിളിക്കണം.

ശ്രീ. സി. ബി. സി. വാര്യർ: സെലക്ട് കമ്മിററിക്ക് അയക്കണമെന്ന അമൻറ്മെൻറ് മൂവ് ചെയ്തില്ല. അത് കഴിഞ്ഞതിനുശേഷം ഇതാകാം.

ശ്രീ. പി. കെ. ശ്രീനിവാസൻ: എനിക്ക് സംസാരിക്കാൻ അവസരം തരണം.

മി. ചെയർമാൻ: നേരത്തെ പേര്. വിളിച്ചപ്പോൾ സീററിലില്ലായിരുന്നു.

ശ്രീ. സി. എ. കുര്യൻ: അമൻറുമെൻറിന്റെ ഓർഡർ അനുസരിച്ചാണ് പേര് വിളിക്കുന്നത്. അതു മാററിക്കഴിഞ്ഞാൽ ബുദ്ധിമുട്ടാകും.

മി. ചെയർമാൻ: ആദ്യം മൂന്നു മെമ്പറൻമാർ സീററിൽ ഇല്ലാതിരുന്നതുകൊണ്ടാണ് ശ്രീ. വർക്കല രാധാകൃഷ്ണനെ വിളിച്ചത്. അതിനുശേഷം ഓർഡർ അനുസരിച്ചുതന്നെയാണ് വിളിക്കുന്നത്. ഇനി ഇതു കഴിഞ്ഞിട്ടാകാം.

LIBRARY ARCHIVES Kerala Legislative Assembly

Shri C. B. C. Warrier: Sir, I move that the Kerala Recognition of Trade Unions Bill, 1981 be referred to a Select Committee.

സർ, ഈ ബില്ല് പൊതുജനാഭിപ്രായത്തിന് അയക്കണം; സർക്കുലേറ്റു ചെയ്യണം എന്ന ഒരു ഭേദഗതി നേരത്തെ മൂവു ചെയ്തിട്ടുണ്ട്. വളരെ കൂടുതൽ കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ട് ആ ഭേദഗതി പ്രസ് ചെയ്യരുത് എന്നാണ് അതു മൂവു ചെയ്ത ബഹുമാനപ്പെട്ട മെമ്പറോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ സബ്ജക്റ്റ് കമ്മിററിക്ക് അയക്കണമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രമേയത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഉറച്ചു നിൽക്കരുതെന്നും സെലക്റ്റ് കമ്മിററിക്ക് അയയ്ക്കണമെന്ന് ഞാൻ ഇപ്പോൾ അവതരിപ്പിച്ച ഉപക്ഷേപം അംഗീകരിക്കണമെന്നും ആണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം നേരത്തെ സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഇൻഡ്യാരാജ്യത്ത് ട്രേഡ് യൂണിയൻ രംഗത്ത് നിലനിൽക്കുന്ന, വളർന്നുവരുന്ന അരാജകത്വത്തെ നേരിടാൻ വേണ്ടി ആദ്യമായി ഒരു സംസ്ഥാനം ഒരു നിയമനിർമ്മാണവുമായി രംഗത്തുവരികയാണ്. ആ നിലയ്ക്ക് ഈ ബിൽ നിയമമാകുമ്പോൾ അതിനകത്തെ വ്യവസ്ഥകൾ, ഉദ്ദേശം പൂർണ്ണമായി നടപ്പാക്കാൻ കഴിയുന്ന രീതിയിൽ ആയിത്തീരണം. അതിന് അവശ്യം ആവശ്യമായ ചില മാററങ്ങൾ ഇതിൽ വരുത്തേണ്ടതായിട്ടുണ്ട് എന്നുള്ളതുകൊണ്ട് ആണ് വിദഗ്ദ്ധമായ ഒരു സെലക്ട് കമ്മിററിയുടെ പരിശോധനക്ക് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്.

സർ, ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ തൊഴിൽരംഗത്ത് ട്രേഡ് യൂണിയനുകളുടെ ബാഹുല്യം മൂലവും ആ ബാഹുല്യംകൊണ്ട് സ്വാഭാവികമായി ഉണ്ടാകാവുന്ന ട്രേഡ് യൂണിയൻ മൽസരം മൂലവും അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുകയെന്നുള്ളത് ആണ്. ട്രേഡ് യൂണിയനുകളുടെ പ്രവർത്തനം തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വിലങ്ങുതടിയാകാതിരിക്കാനും തൊഴിൽ സമാധാനം ഇല്ലാതാക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കാനും വേണ്ടിയാണ് ഉദ്ദേശിക്കുന്നത്. ഈ പ്രശ്നത്തെ സംബന്ധിച്ച് എന്റെ വ്യക്തിപരമായ അഭിപ്രായം ഞാൻ പ്രതിനിധീകരിക്കുന്ന സി.ഐ.ടി.യു. പ്രസ്ഥാനത്തിന്റെ അഭിപ്രായം ഒരു സ്ഥാപനത്തിൽ ഒരു ട്രേഡ് യൂണിയൻ എന്ന മാതൃകാപരമായ സ്ഥിതി ഉണ്ടാകണമെന്നുള്ളതാണ്. സർ, ഒരു സ്ഥാപനത്തിലെ മുഴുവൻ തൊഴിലാളികൾക്കും അംഗത്വവും അംഗീകാരവുമുള്ള ഒരു ട്രേഡ് യൂണിയൻ പ്രസ്ഥാനവും തൊഴിലാളികൾ രഹസ്യ വോട്ടെടുപ്പിലൂടെ ആനുപാതിക പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയും ഇതാണ് ഞങ്ങളുദ്ദേശിക്കുന്നത്. അങ്ങനെ വിവിധ അഭിപ്രായക്കാരായ തൊഴിലാളികൾ ആനുപാതിക പ്രാതിനിധ്യമുള്ള ഭരണസമിതിയുടെ കീഴിൽ ഒരുമിച്ച് സംഘടിക്കുന്ന ഒരു യൂണിയൻ ഇതാണ് തൊഴിൽരംഗത്ത് ഏററവും മാതൃകാപരമായ ഒരു ചിന്താഗതിയെന്നാണ് ഞങ്ങളുടെ അഭിപ്രായം. എന്നാൽ ഇന്നത്തെ നമ്മുടെ രാജ്യത്തിന്റെ സാഹചര്യത്തിൽ ഒററ അടിക്ക് അതിൽ എത്തിച്ചേരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. ആ ഉദ്ദേശം ആ ലക്ഷ്യം മനസ്സിൽ വച്ചുകൊണ്ട് ക്രമേണ നീക്കം നടത്താൻ നമുക്കു കഴിയണം. അത്തരത്തിൽ ഒരു സ്ഥിതി ഉണ്ടാകുന്നതിലൂടെ മാത്രമേ തൊഴിലാളികളിൽനിന്നും ഗ്രൂപ്പുകളെ സൃഷ്ടിച്ചുകൊണ്ട് മുതലാളിമാർ തൊഴിലാളികളുടെ അവകാശത്തെ തുരങ്കം വെയ്ക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ സാധിക്കുകയുള്ളു. അതല്ലാത്തപക്ഷം തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നം വരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലുമൊരു ഗ്രൂപ്പിനെ കൈയിലെടുത്തിട്ട് തൊഴിലാളികളുടെ അവകാശങ്ങളെ തകർക്കുന്നതിനും അവരുടെ ഐക്യം ഇല്ലാതാക്കുന്നതിനും വേണ്ടിയുള്ള നീക്കങ്ങൾ ഇന്നു പല മേഖലകളിലും നടത്തിക്കൊണ്ടിരിക്കുന്നത് തുടർന്നും നടത്തുന്നതിന് മുതലാളിമാർക്കു സൗകര്യമുണ്ടായിരിക്കും. ചുരുക്കം പറഞ്ഞാൽ ഒരു സ്ഥാപനത്തിലോ ഒരു മേഖലയിലോ പണിയെടുക്കുന്ന തൊഴിലാളികളുടെ പരമാവധി ഐക്യവും ഒരൊററ സംഘടനയും അവരുടെ വിചാരവികാരങ്ങൾക്ക് ആനുപാതികമായി പ്രാതിനിധ്യം വഹിക്കുന്ന ഒരു ഭരണസാരഥ്യവും അത്തരത്തിലൊരു സംവിധാനമാണ് തൊഴിൽമേഖലയിലെ ആരോഗ്യകരമായ പ്രവർത്തനത്തിന്റെയും താൽപര്യ സംരക്ഷണത്തിന്റെയും ആയുധം; മാത്രവുമല്ല ട്രേഡ് യൂണിയന് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന സ്ഥിതിവിശേഷവും അതുതന്നെയാണ്. ആ ലക്ഷ്യം വച്ചു മുന്നോട്ടുപോകുമ്പോൾ ഇന്നുള്ള തനി അരാജകമായ സ്ഥിതിവിശേഷമെങ്കിലും മാററിയെടുക്കാനുള്ള ഒരു കാൽവയ്പാണ് ഈ ബിൽ. ഇൻഡ്യൻ ട്രേഡ് യൂണിയൻ ആക്ടനുസരിച്ച് ഏഴുപേർ ചേർന്നാൽ ഒരു യൂണിയൻ രജിസ്റ്റർ ചെയ്യാം. അങ്ങനെ രജിസ്ററർ ചെയ്യപ്പെട്ട ഏതെങ്കിലും യൂണിയനെ മാററിനിറുത്തുന്നതിന് സ്റ്റാറ്റ്യൂട്ടറിയായ ഒരു നിയമവ്യവസ്ഥയുമില്ല. ചില സ്ഥാപനങ്ങളിൽ കൺസിലിയേഷൻ എഗ്രിമെൻറുകളിലൂടെയും മററും കൂട്ടായി വിലപേശുന്നതിനുള്ള അവകാശങ്ങൾക്ക് ചില നിബന്ധനകൾ വച്ചിട്ടുണ്ട്. അത്തരം കൺസിലിയേഷൻ എഗ്രിമെൻറുകളിൽക്കൂടിത്തന്നെ റെകഗ്നേഷനുകളും ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ അതേ രാജ്യത്തെ ഒരു നിയമത്തിന്റെ ബലമില്ലാത്തതുകാരണം ആവശ്യമെന്നു തോന്നുമ്പോൾ അത്തരം എഗ്രിമെൻറുകളെ കാററിൽ പറത്തിക്കൊണ്ട് തൊഴിലാളികളുടെയിടയിൽ അനൈക്യം സൃഷ്ടിച്ച് തൊഴിലാളികളുടെ താൽപര്യങ്ങൾ നിഹനിക്കുകയും ചെയ്യുന്ന നീക്കങ്ങൾ ചിലപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുവരെ ഉണ്ടാകാറുണ്ട്. സ്വകാര്യ മുതലാളിമാരുടെ ഭാഗത്തുനിന്നുണ്ടാകുന്നതിൽ അത്ഭുതമില്ല. പക്ഷേ പൊതുമേഖലാ സ്ഥാപനങ്ങളിൽപോലും എൻപിള്ളനയം സ്വീകരിച്ചുകൊണ്ട് സ്പ്ലിൻഡർ സംഘടനകളെ വളർത്തുന്നതിനും അതിനുവേണ്ടി പ്രത്യേകതരത്തിലുള്ള സമീപനം സ്വീകരിക്കുന്നതിനും തയ്യാറാകുന്ന സ്ഥിതിവിശേഷം നമ്മുടെ രാജ്യത്തുണ്ട്. ഈ ബിൽ നിയമമാകുന്നതോടുകൂടി ആ സ്ഥിതിവിശേഷമെല്ലാം പൂർണ്ണമായി തടയാൻ കഴിയുമെന്ന് എനിക്കഭിപ്രായമില്ല. പൂർണ്ണമായി തടയാൻ കഴിയണമെങ്കിൽ ഞാൻ ആദ്യം സൂചിപ്പിച്ചപോലെ ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു മേഖലയിൽ ഒരൊററ സംഘടന എന്ന മാതൃകാപരമായ സ്ഥിതിവിശേഷമുണ്ടാകണം. ഇന്നത്തെ സ്ഥിതി എങ്ങനെ കുറെയൊക്കെ തടഞ്ഞു നിറുത്താൻ കഴിയുമെന്നും ഏതെല്ലാം തരത്തിലുള്ള വ്യവസ്ഥകൾ അംഗീകരിക്കുന്നവർക്ക് റെക്കഗ്നേഷൻ നൽകാമെന്നും നിർണ്ണയിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനാണ് നമ്മൾ ഒരുമ്പെടുന്നത്. അതിന്റെ വ്യവസ്ഥകളിലേക്കൊന്നും ഞാൻ വിശദമായി കടക്കുന്നില്ല. സെലക്ട് കമ്മിററിയുടെ പരിശോധനയ്ക്കു വിധേയമാകേണ്ട വളരെ ഗൗരവമായ ചില കാര്യങ്ങൾമാത്രം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ദുരുദ്ദേശപരമായി പ്രവർത്തിക്കുന്ന ആളുകൾക്ക് ഈ നിയമത്തിന്റെ ഉദ്ദേശത്തെയും ലക്ഷ്യത്തെയും പരാജയപ്പെടുത്താൻ സഹായകമാകുമോ എന്നു സംശയിക്കത്തക്കരീതിയിലുള്ള ചില വ്യവസ്ഥകൾ ഇതിൽ കടന്നുകൂടിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ എസ്ററാബ്ലിഷ്മെൻറിന്റെ നിർവ്വചനത്തിൽ യൂണിററുകളും ബ്രാഞ്ചുകളും അടക്കം ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെൻറ് ആകാമെന്നു നിർവ്വചിച്ചിട്ടുണ്ട്. അത് ആവശ്യവുമാണ്. കാരണം,

LIBRARY ARCHIVES Kerala Legislative Assembly

യൂണിററ് തലത്തിലുള്ള പ്രശ്നങ്ങൾ പ്രത്യേകമായി ഉണ്ടാകാം; ബ്രാഞ്ച് തലത്തിലുള്ള പ്രശ്നങ്ങളും പ്രത്യേകമായി ഉണ്ടാകാം. ബ്രാഞ്ചുതലത്തിത്തിലും യൂണിററു തലത്തിലും മാത്രമായി പ്രവർത്തിക്കുന്ന പ്രത്യേക സംഘടനകളും ഉണ്ടാകാം. ഈ രണ്ടു തലങ്ങളിലുമുള്ള ഭൂരിപക്ഷം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന സംഘടനകൾക്ക് പ്രാതിനിധ്യം വഹിക്കാനുള്ള അവകാശവും വേണം. അതുകൊണ്ട്, ഈ നിർവ്വചനത്തിൽ യൂണിററുകളും ബ്രാഞ്ചുകളുമൊക്കെത്തന്നെ ഇൻഡസ്ട്രിയൽ എസ്ററാബ്ലിഷ്മെൻറ് ആകുമെന്നു നിർവ്വചിക്കേണ്ടതാവശ്യമാണെന്നുള്ള കാര്യത്തിൽ വിയോജിക്കുന്നില്ല. എന്നാൽ, ട്രേഡ് യൂണിയനുകളെക്കുറിച്ചു പറയുമ്പോൾ ക്ലാസ് എ-യിൽ പറയുന്നത് The number of members of that Trade Union is not less than fifteen per cent of the total number of workmen in such industrial establishment...... എന്നാണ്. അപ്പോൾ ഒരു യൂണിററിലോ, ബ്രാഞ്ചിലോ പതിനഞ്ചു ശതമാനം തൊഴിലാളികളുണ്ടെങ്കിൽ അവർ ഒരു റെകഗ്നൈസ്ഡ് യൂണിയൻ ആകും. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ഇക്കാര്യം സൂചിപ്പിച്ചു.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: ബഹുമാനപ്പെട്ട വാര്യർ പറഞ്ഞത് ഒരു യൂണിററിൽ പ്രത്യേകമായി 15 ശതമാനം തൊഴിലാളികളുണ്ടെങ്കിൽ ആ യൂണിററിനു റെകഗ്നേഷൻ കൊടുക്കാമെന്നാണ്. അങ്ങനെയല്ലല്ലോ ഇതിന്റെ സ്കോപ്പ്.

ശ്രീ. സി. ബി. സി. വാര്യർ: എന്റെ സംസാരം കംപ്ലീററു ചെയ്തിട്ടായിരുന്നെങ്കിൽ ബഹുമാനപ്പെട്ട സി. എസ്. ഈ ചോദ്യം ചോദിക്കയില്ലായിരുന്നു. ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെൻറ് എന്ന ഡെഫനിഷനിൽ യൂണിററുകളും ബ്രാഞ്ചുകളും ഉൾപ്പെടും എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടുണ്ടാകാവുന്ന അപകടത്തെക്കുറിച്ചാണു ഞാൻ പറഞ്ഞുവരുന്നത്. ഇതു പറയുകയും ഡിഫറൻഷ്യേററു ചെയ്യുന്നതിനുള്ള ക്ലാസ് ഇല്ലാതിരിക്കുകയും ചെയ്താലുള്ള വിഷമത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഇതു പറയേണ്ടതിന്റെ ആവശ്യം ഞാൻ ചൂണ്ടിക്കാണിച്ചു. പറയുന്നതിനെ ഒഴിവാക്കാനൊക്കുകയില്ല. കാരണം, യൂണിററുകളും ബ്രാഞ്ചുകളും മാത്രം പ്രവർത്തിക്കുന്ന സംഘടന ഉണ്ടാകും. അതു ചിലപ്പോൾ നൂറു ശതമാനവും റെപ്രസൻറുചെയ്യുന്നതായിരിക്കുകയും ചെയ്യുമ്പോൾ അവർക്ക് ഇൻഡസ്ട്രിവൈസായി 15 ശതമാനം ഇല്ലെന്നു പറഞ്ഞുകൊണ്ട് റെകഗ്നേഷൻ ഇല്ലാതെ വന്നാൽ യൂണിററ് പ്രശ്നങ്ങളും ബ്രാഞ്ചു പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയാതെപോകും. ഇൻഡസ്ട്രിയൽ എസ്ററാബ്ലിഷ്മെൻറ് എന്ന് ഡെഫനിഷനിൽ it includes Units and Branches...... എന്നു പറയേണ്ടതാവശ്യമാണ്. പക്ഷേ അങ്ങനെ നിർവചിച്ചിട്ട് 4-ാമത്തെ ക്ലാസിൽ, ആ ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെൻറിൽ 15 ശതമാനം ഉണ്ടായാൽ ഇൻഡസ്ട്രിയൽ റെകഗ്നൈസ്ഡ് ആകും എന്ന പ്രൊവിഷൻ ബുദ്ധിമുട്ടുണ്ടാക്കും; മാത്രവുമല്ല ഇന്നത്തെക്കാൾ കൂടുതൽ മൾട്ടിപ്ലിസിററി ഓഫ് ട്രേഡ് യൂണിയൻസിനെ പ്രോൽസാഹിപ്പിക്കലുമായിരിക്കും അത്. അതുകൊണ്ട്, ഇൻഡസ്ട്രിയൽ റെപ്രസന്റേഷന് ഉള്ള ക്വാളിഫിക്കേഷൻസ് രണ്ടായി നിർവചിക്കുന്നതിന് ഒരു അഡീഷണൽ ക്ലാസ് വേണം. ഇല്ലെങ്കിൽ വരുന്ന ബുദ്ധിമുട്ടെന്താണെന്നതു വിശദീകരിക്കേണ്ട ആവശ്യമില്ല. പല മേഖലകളിലും ഈ ബുദ്ധിമുട്ടുണ്ടാകും. കയർ, കാഷ്യു, പ്രൈവററ്, ട്രാൻസ്പോർട്ട് മുതലായ മേഖലകളിലെ കാര്യം എടുത്താൽ ഇതു മനസ്സിലാകും. പ്രൈവററ്

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്പോർട്ടിന്റെ കാര്യംതന്നെ എടുക്കാം. ഇപ്പോഴും റെകഗ്നേഷൻ നിയമമൊന്നുമില്ലെങ്കിലും പ്രൈവററ് ട്രാൻസ്പോർട്ടുരംഗത്തെ പ്രശ്നങ്ങളെസംബന്ധിച്ച ഹൈലെവൽ കോൺഫറൻസുകളിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന പ്രമുഖ ഫെഡറേഷനുകളെ മാത്രമേ വിളിക്കാറുള്ളു. എക്സിക്യൂട്ടീവ് ആക്ഷൻ കൊണ്ടുതന്നെ പ്രമുഖ ഫെഡറേഷനുകളുമായി ഒപ്പിടുന്ന എഗ്രിമെൻറ് ആ വ്യാവസായിക മേഖലയെ മൊത്തത്തിൽ ബാധിക്കുന്ന എഗ്രിമെൻറുകളായി നമ്മൾ ഇന്നു നടപ്പിലാക്കുന്നുണ്ട്. അതുതന്നെയാണ് കയറിന്റെയും കാഷ്യുവിന്റെയും ഹാൻഡ്ലൂമിന്റെയും ടെക്സ്റൈറൽ സെക്ടറിലെയും ഒക്കെ കാര്യത്തിലും. പ്രൈവററ് ട്രാൻസ്പോർട്ട് മേഖല എടുത്തു പറയാൻ കാരണം അതാണ് ഏററവും കൂടുതൽ അപകടം പിടിച്ച മേഖല. എന്നുവച്ചാൽ ഒററവണ്ടിക്കാരനും കാണും. ഒററ വണ്ടിക്കാരന് പത്തു തൊഴിലാളി കാണും. അവൻ ഒരു ട്രേഡ് യൂണിയൻ സംഘടിപ്പിക്കും. പല സ്ഥാപനങ്ങളിലും ഓരോ തൊഴിലാളി ഉണ്ട്. ഈ സ്ഥാപനത്തിലും രണ്ടു തൊഴിലാളിയുണ്ട്. പത്തിന്റെ രണ്ട് എന്നു പറയുന്നത് പതിനഞ്ചു ശതമാനത്തിൽ കൂടുതലാണ്. അപ്പോൾ അവിടെ റെകഗ്നേഷൻ കിട്ടും. ഇൻഡസ്ട്രിയൽ റെകഗ്നേഷൻ ആണ്. പ്രൈവററ് മോട്ടോർ വ്യവസായത്തിൽ ഒരു ഇൻഡസ്ട്രി വൈസ് സെററിൽമെൻറ് വരുന്നെങ്കിൽ സെക്ഷൻ 9 അനുസരിച്ച് ആ സെററിൽമെൻറ് പൂർണ്ണമാകണമെങ്കിൽ റെകഗ്നൈസ്ഡ് യൂണിയനും കൂടി അവിടെയിരിക്കണം. ഇന്ന് എക്സിക്യൂട്ടീവ് ആക്ഷൻകൊണ്ട് ഫെഡറേഷനുകൾ മാത്രം എടുക്കുന്ന തീരുമാനങ്ങൾ ഇൻഡസ്ട്രി വൈസ് സെററിൽമെൻറുകളാക്കി മാററുന്നതിനു സഹായകമായി വളർത്തിക്കൊണ്ടുവരുന്ന കീഴ്വഴക്കത്തിനെതിരായി മൾട്ടിപ്പിസിററി അവിടെ ഇൻജക്ട് ചെയ്യലായി.

ശ്രീ. എ. വി. താമരാക്ഷൻ: 1938-ലെ ബോംബെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിലും അതിനുശേഷമുണ്ടായ 1946-ലെ ബോംബെ ഇൻഡസ്ട്രിയൽ റിലേഷൻസ് ആക്ടിലും ഉള്ളതുമാതിരി റെപ്രസൻേററീവ് യൂണിനുകളെക്കുറിച്ച് ഒരു പ്രൊവിഷൻകൂടി ചേർത്താൽ ഇൻഡസ്ട്രിയൽ സെററിൽമെൻറിന് അതു സഹായകമാകുകയില്ലേ?

ശ്രീ. സി. ബി. സി. വാര്യർ: ഞാൻ പറഞ്ഞു വന്നത് ബഹുമാനപ്പെട്ട താമരാക്ഷൻ മുൻകൂട്ടി ചോദിച്ചു എന്നേയുള്ളു. ബോംബെ ഇൻഡസ്ട്രിയൽ റിലേഷൻസ് ആക്ടിലെ വ്യവസ്ഥ അതേപടി അപ്പൈ ചെയ്യാൻ പററുകയില്ല. കാരണം, അതിൽ ദോഷകരമായ കുറെ വ്യവസ്ഥകളുമുണ്ട്. രഹസ്യബാലററിനു വ്യവസ്ഥയില്ലാതെ റെപ്രസൻേറഷൻ കൊടുക്കാനാണ് അതിൽ പറഞ്ഞിരിക്കുന്നത്. അത് അവിടെത്തന്നെ ദോഷം ഉണ്ടാക്കിയിട്ടുണ്ട്. ആ ദോഷങ്ങൾ മുഴുവൻ കോപ്പി ചെയ്യാൻ പാടില്ല. എന്നാൽ ആ പ്രിൻസിപ്പിൾ സ്വീകരിക്കാം. റെകഗ്നേഷനെപ്പററി ഇന്നുള്ള വ്യവസ്ഥ യൂണിററ് വൈസും ബ്രാഞ്ചു വൈസും റെകഗ്നേഷനിൽ മാത്രം ഒതുക്കിനിറുത്തുകയും അതേ സമയത്ത് ഇൻഡസ്ട്രി വൈസ് റെപ്രസൻേറഷനുവേണ്ടി ഒരു അഡീഷണൽ ക്ലാസ് ഉണ്ടാക്കുകയും വേണം. ഇൻഡസ്ട്രിവൈസ് റെപ്രസൻേറഷന് വേറെ സ്ററാൻേറർഡ്സ് തീരുമാനിക്കണം. സ്ററാൻേറർഡ്സ് ഇതുതന്നെയായിക്കൊള്ളട്ടെ എന്നാണ് എന്റെ അഭിപ്രായം. യൂണിററുവൈസോ ബ്രാഞ്ചുവൈസോ റെപ്രസൻേറഷന് 15 പെർസൻറ് എന്നു വച്ചിരിക്കുന്നെങ്കിൽ ഇൻഡസ്ട്രി വൈസ് റെപ്രസൻേറഷന് വേണ്ടിയും 15 പെർസൻറ് എന്നാക്കണം. ടെക്സ്റൈറൽ ഇൻഡസ്ട്രിയിൽ മൊത്തം പതിനഞ്ച് പെർസൻറ്

LIBRARY ARCHIVES Kerala Legislative Assembly

വർക്കേഴ്സ് റെപ്രസൻറ് ചെയ്യുന്നു. പതിനഞ്ച് പെർസൻറ് റെപ്രസൻറ് ചെയ്യുന്ന ഒരു യൂണിയൻ ഒരു ഇൻഡസ്ട്രിവൈസ് റെപ്രസന്റേഷന് അർഹതയുള്ളതായിരിക്കണം. അതേ സമയത്ത് ഏതെങ്കിലും ഒരു ടെക്സ്റ്റൈൽ മില്ലിൽ പതിനഞ്ച് ശതമാനത്തിൽ കൂടുതൽ തൊഴിലാളികൾ ആ യൂണിയനിൽ ഉണ്ടായിരിക്കുകയും മൊത്തം ഇൻഡസ്ട്രിയിൽ അവർക്ക് പതിനഞ്ച് ശതമാനം ഉണ്ടാകാതിരിക്കുകയും ചെയ്താൽ ആ പർട്ടിക്കുലർ യൂണിററിൽ അവർക്ക് റെക്കഗ്നൈസ്ഡ് യൂണിയൻ സ്ററാററസ് വേണം. ആ പർട്ടിക്കുലർ യൂണിയനെ മാത്രം ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്യുന്നതിൽ അവർ അനിവാര്യമായി ഉണ്ടായിരിക്കണം. ആ നിലയ്ക്ക് മാത്രം ഒരു അഡീഷണൽ പ്രൊവിഷൻ കൊണ്ടുവന്ന് ഇത് യൂണിററ് വൈസും ബ്രാഞ്ച് വൈസും റെക്കഗ്നേഷൻസും individual industrial Establishment-ന്റെ recognition-ം കൺട്രോൾ ചെയ്യുന്ന പ്രൊവിഷനാക്കി മാററിക്കൊണ്ട്.............

ശ്രീ. സി. എ. കുര്യൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വ്യവസായ അടിസ്ഥാനത്തിൽ കുറഞ്ഞത് പതിനഞ്ച് ശതമാനം ലേബറേഴ്സ് എങ്കിലും ഉള്ള ഒരു സംഘടനയ്ക്ക് ഏതെങ്കിലും ഒരു എസ്ററാബ്ലിഷ്മെൻറിൽ പതിനഞ്ച് ശതമാനം ഇല്ലെങ്കിലും അവിടെ റെപ്രസൻറ് ചെയ്യാൻ അവകാശം ഉണ്ടായിരിക്കണമെന്നാണോ?

ശ്രീ. സി. ബി. സി. വാര്യർ: ഞാൻ പറഞ്ഞതിന്റെ റിവേഴ്സാണ് ചോദിച്ചത്. അതേസമയത്ത് അത് സെലക്ററ് കമ്മിററിയിൽ ഡിസ്കസ് ചെയ്യാം. ഞാൻ പറഞ്ഞത് അതല്ല, ലേബർ ആക്ററിന്റെ കീഴിൽ വരുന്ന ഏററവും ചെറിയൊരു പ്ലാന്റേഷന്റെ കാര്യം എടുക്കാം. ആ ഏററവും ചെറിയ പ്ലാന്റേഷനിൽ ഞാൻ നയിക്കുന്ന യൂണിയനിൽ 20 ശതമാനം തൊഴിലാളികളുണ്ട്. അതേ സമയത്ത് വേറെ ഒററ പ്ലാന്റേഷനിലും എന്റെ സംഘടനയിൽപ്പെട്ട അംഗങ്ങളില്ല. ഇന്നത്തെ പ്രൊവിഷൻ അനുസരിച്ച് എനിക്ക് പ്ലാന്റേഷൻ രംഗത്ത് റെക്കഗ്നൈസ്ഡ് യൂണിയൻ എന്നുള്ള നിലയിൽ ഇൻഡസ്ട്രി വൈസ് സെററിൽമെൻറ് വളരെ അവിഭാജ്യമാണെന്ന അഭിപ്രായമുണ്ട്. ആ പൊസിഷൻ മൾട്ടിപ്ലിസിയെ പ്രോൽസാഹിപ്പിക്കുകയേയുള്ളൂ. മൾട്ടിപ്ലിസിയെ നിരുൽസാഹപ്പെടുത്തുന്നതിനുവേണ്ടി നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിനെതിരാണ്. അതേസമയത്ത് ഞാൻ സൂചിപ്പിച്ചത് ഇങ്ങനെ ഫാക്ടറി വൈസ് സെററിൽമെൻറിന് പ്ലാന്റേഷൻ ലേബറിന് പ്രതിനിധീകരിക്കുവാൻ ആർക്ക് അവകാശമുണ്ടെന്ന് ചോദിച്ചു എന്നതിന് പ്ലാന്റേഷൻ ലേബർ ആക്ററിന്റെ കീഴിൽ പെടുന്ന കേരളത്തിലെ തൊഴിലാളികളിൽ പതിനഞ്ച് പെർസൻറിനെ പ്രതിനിധീകരിക്കുന്ന ഓർഗനൈസേഷനു മാത്രമേ ഇൻഡസ്ട്രിയൽ സെററിൽമെൻറിന് പ്രതിനിധീകരിക്കാൻ അവകാശം നൽകാൻ പാടുള്ളൂ. അത് വരുമ്പോൾ ബഹുമാനപ്പെട്ട സി. എ. കുര്യൻ ചോദിച്ച ചോദ്യം അതിന്റെ കൊറോണറി ആയി വരുന്നുണ്ട്. ഇനി പതിനഞ്ച് പെർസൻറ് ഇൻഡസ്ട്രി വൈസ് റെപ്രസന്റേഷനുള്ള ഓർഗനൈസേഷനിൽ അതിൽ ഏതെങ്കിലും ഒരു യൂണിററിൽ പതിനഞ്ച് പെർസൻറ് ഇല്ലാതെ വന്നാലോ അതിനെ സംബന്ധിച്ച് എന്റെ അഭിപ്രായം അവർക്ക് ഇൻഡസ്ട്രി വൈസ് സെററിൽമെൻറ് റെപ്രസന്റേഷന് ആ യൂണിററിലെ സ്പെഷ്യൽ പ്രോബ്ലംസിന് അവർക്ക് അവകാശം കാണുകയില്ല. എന്താണെന്ന് വച്ചാൽ യൂണിററ് റെക്കഗ്നൈസേഷൻ ഇല്ലാത്തതുകൊണ്ട് യൂണിററിലെ സ്പെഷ്യൽ പ്രോബ്ലംസിന് അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

അവകാശം ഉണ്ടായിരിക്കുകയില്ല. അതായിരിക്കണം പ്രൊവിഷൻ എന്നാണ് എന്റെ അഭിപ്രായം. അതിന്റെ ഡീറ്റയിൽസൊക്കെ നമുക്ക് സെലക്റ്റ് കമ്മിററിയിൽ ഡിസ്കസ് ചെയ്യാം. പക്ഷെ മൾട്ടിപ്ലിസിയെ തടയാൻ നടപടി സ്വീകരിച്ചിട്ട് മൾട്ടിപ്ലിസിയെ തടഞ്ഞ് നിർത്തിയിരിക്കുന്നിടത്ത് മൾട്ടിപ്ലിസിയെ പ്രോൽസാഹിപ്പിക്കുന്ന ഒന്നായി മാറാൻ ഇടയാകരുതെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

മറ്റൊരു കാര്യം, ഇത് നടപ്പിലായി വരുമ്പോൾ unorganised sectors ഉണ്ട്. Particular factories Particular Mills അതുപോലെയുള്ളതാണെങ്കിൽ total number of workers എത്രയെന്ന് നിശ്ചയിക്കുന്നതിന് ബുദ്ധിമുട്ടില്ല. അതേ സമയത്ത് unorganised sectors ഉണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് കയർ സ്പിന്നിംഗിൽ ഏർപ്പെട്ടിരിക്കുന്നവർ; എത്രയെന്ന് ആ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനയ്ക്കും, ഗവൺമെൻറിനും പറയാൻ കഴിയുകയില്ല. ലേബർ ഡിപ്പാർട്ടുമെൻറിനും പറയാൻ കഴിയുകയില്ലെന്നുള്ളതാണ് വസ്തുത. ഇപ്പോൾ അതേക്കുറിച്ച് എങ്ങനെയെന്ന് വ്യക്തമായി സജഷൻ പറയുന്നില്ല. അത് സെലക്റ്റ് കമ്മിററി പരിശോധിക്കേണ്ടതാണ്.

ശ്രീ. എം. എം. ഹസ്സൻ: സ്പിന്നിംഗിലും പിരിമേഖലയിലുമുള്ള ആളുകളുടെ സർവേ ഇന്ന് ഗവൺമെൻറ് നടത്തുന്നുണ്ടല്ലോ. അത് ഏറെക്കുറെ ശരിയായിരിക്കും എന്നുള്ള ധാരണയാണ് ട്രേഡ് യൂണിയനുകൾക്കും ഉള്ളത്. അത് വച്ചുകൊണ്ടെടുക്കാമല്ലൊ?

ശ്രീ. സി. ബി. സി. വാര്യർ: ഞാൻ പറഞ്ഞത് ഇതിന്റെ പ്രായോഗിക വശം എന്താണെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം സെലക്റ്റ് കമ്മിററിക്ക് പരിശോധിക്കാൻ കഴിയണമെന്നാണ്. സർവേ എന്നു പറയുമ്പോൾ തന്നെ, unorganised sectors-ന് ഉള്ള നേച്ചർ ആണ് ഓർഗനൈസേഷന് വിധേയമാകാനുള്ള ഒരു മടി. എത്ര ശക്തമായി നമ്മൾ ട്രേഡ് യൂണിയൻ പ്രവർത്തകരൊക്കെ ശ്രമിച്ചിട്ടും അവരെ ഓർഗനൈസ് ചെയ്യിക്കാൻ ഒക്കാത്ത ഒരു സ്ഥിതിയുണ്ട്. ഓർഗനൈസ് ചെയ്യാൻ ഒക്കാത്തത് ആ മേഖലയുടെ പ്രത്യേകതയാണ്. ഇൻഡസ്ട്രീസിന്റെ പ്രത്യേകത കൊണ്ട് ആ ഇൻഡസ്ട്രി നേരിടുന്ന ഇന്നത്തെ crisis-ന്റെ പ്രത്യേകതയാണ്. അതിനെയെല്ലാം പരിഗണിച്ച് ഇന്നിപ്പോൾ ജനറൽ സ്ററാൻഡേർഡ് അവിടേയും ആപ്ലിക്കബിൾ ആക്കിയാൽ ശരിയായിരിക്കുമോ? അപ്പോൾ കയർപിരി മേഖലയിൽ പണിയെടുക്കുന്നവരെ ആകെ പരിശോധിച്ചിട്ട് അഞ്ച് ലക്ഷം തൊഴിലാളികളുണ്ടെന്ന് സർവേയിൽ കാണുന്നു. പക്ഷെ ഇവിടത്തെ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ നയിക്കുന്ന യൂണിയനുകളും കേന്ദ്ര ട്രേഡ് യൂണിയനുകളുമായി ബന്ധമില്ലാത്ത എല്ലാ യൂണിയനുകളും കൂടി ചേർത്ത് സത്യസന്ധമായ ഒരു enlistment എടുത്ത് പരിശോധിച്ചാൽ ഈ പറയുന്നതിന്റെ ചെറിയ ഒരു ശതമാനം അംഗങ്ങളെ enlistment-ൽ വരികയുള്ളൂ. അത് ആ ഇൻഡസ്ട്രിയുടെ നേച്ചറാണ്. ആ ഇൻഡസ്ട്രി ഇന്ന് നേരിടുന്ന crisis-ന്റെ impact ആണ്. Unorganised sectors-നെ സംബന്ധിച്ചിടത്തോളം ഏത് രൂപത്തിൽ Recognition principles adopt ചെയ്യുന്നു എന്നുള്ളത് സെലക്റ്റ് കമ്മിററി പരിശോധിക്കേണ്ടതാണ്. ഇത് കയർ ഇൻഡസ്ട്രിയിൽ മാത്രമല്ല, ഏററവും നല്ല ഒരു ഉദാഹരണമെന്ന നിലയ്ക്ക് കയർ ഇൻഡസ്ട്രിയലിന്റെ കാര്യം പറഞ്ഞെന്നേയുള്ളു. Screwpine അതുപോലെയുള്ളതൊക്കെ വരും. യഥാർത്ഥം പറഞ്ഞാൽ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗത വ്യവസായങ്ങൾ എന്നു പറയുന്ന കൈത്തൊഴിലിൽപ്പെട്ട എല്ലാ മേഖലയിലും ഇതൊരു പ്രോബ്ലമായി വരും. ആ പ്രോബ്ലത്തെ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത് എന്ന് സെലക്റ്റ് കമ്മിററി അവഗാഢമായി പരിശോധിക്കണം.

സർ മറെറാരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ക്ലാസ് 4, സബ് ക്ലാസ് 2 അതിന്റെ പ്രൊവൈസോയും സബ് ക്ലാസ് 3-ഉം ഇത് യഥാർത്ഥത്തിൽ സബ് ക്ലാസ് 1 കൊണ്ട് നമ്മൾ ഇൻട്രഡ്യൂസ് ചെയ്യുന്ന റെക്കഗ്നൈസ്ഡ് സ്ററാററസിനെ ആകെ തകർക്കുകയില്ലേ എന്ന് പരിശോധിക്കണം. തകർക്കുമെന്ന് ഞാൻ ഒററയടിക്ക് അഭിപ്രായം പറയുകയല്ല, അത് പരിശോധിക്കേണ്ടതാണ്, എന്ന് വച്ചാൽ 15 പെർസൻറ് മാത്രം മെമ്പർഷിപ്പ് ഉള്ളവർക്കുമാത്രമേ റെക്കഗ്നൈസേഷൻ കൊടുക്കാവൂ എന്ന സ്ററാൻഡ് എടുത്തിട്ട് അതിനുശേഷം അതിൽ എവിടെയെല്ലാം മാറ്റം വരുത്താം എന്നുള്ളതാണ്. റെക്കഗ്നൈസ്ഡ് ട്രേഡ് യൂണിയൻ എല്ലാം കൂടി ചേർന്ന് അതിന്റെ മെമ്പർഷിപ്പ് 50 പെർസൻറ് വരാം പിന്നീടുള്ള ചെറിയ യൂണിയൻസിന് എത്രയെന്നില്ല; അതിന്റെ മേലോട്ട് മാത്രമേ വച്ചിട്ടുള്ളൂ. അങ്ങനെ ചെയ്യുമ്പോൾ റെക്കഗ്നൈസ്ഡ് ട്രേഡ് യൂണിയൻസിന്റെ ആകെയുള്ള 60 പെർസന്റെ ആകാവൂ. സർ അത് മാംട്ടിപ്പിസിക്ക് സഹായിക്കും എന്ന് സംശയിക്കുകയാണ്. അതിലൂടെ ഒരു unorganised sector-നെയാണ് എന്റെ മനസ്സിൽ കാണുന്നത് എങ്കിൽ മുഴുവൻ മെമ്പേഴ്സും ട്രേഡ് യൂണിയനിൽ ചേരാൻ തയ്യാറാകാത്ത ഒരു കണ്ടീഷൻ വിഭാവനം ചെയ്തുകൊണ്ടാണ് ഇത് പറയുന്നത് എന്ന മറെറാരു സ്ററാൻഡ് ഉണ്ടാകും. രജിസ്റ്റേർഡ് ട്രേഡ് യൂണിയൻസിലെ ആകെയുള്ള ട്രേഡ് യൂണിയൻസ് എടുത്തിട്ട് ഒരു കംപാണ്ടം വയ്ക്കാം. അങ്ങനെ കൂടുതൽ തൊഴിലാളികൾ ട്രേഡ് യൂണിയൻ അംഗങ്ങളാകാൻ കൂട്ടാക്കാത്ത ആ പരിതഃസ്ഥിതിയിൽ 15 പെർസൻറ് നടപ്പാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്ന് വിഭാവനം ചെയ്തുകൊണ്ടാണ് വയ്ക്കുന്നത്. അതല്ല, ഒരു സ്ഥാപനത്തിൽ പതിനാറും ഇരുപതും യൂണിയനുകളുള്ളതിനെയൊക്കെ അക്കോമഡേററു ചെയ്യാനുള്ള ഒരു മാർഗ്ഗമായിട്ടാണ് ക്ലാസ് 2 ഉപയോഗിക്കപ്പെടുന്നതെങ്കിൽ

12 noon] നമ്മൾ ഒരു കൈകൊണ്ടു കൊടുക്കുന്നത് മറുകൈകൊണ്ട് എടുക്കുന്ന രീതിയിൽ, അതു നമ്മൾ ചെയ്യുന്നതിന്റെ മറുകൃതിയായി മാറും. ഇന്നു സംസ്ഥാനത്തെ തൊഴിൽരംഗത്തുള്ള പ്രശ്നങ്ങളെ ധീരമായി നേരിടാൻ വിമുഖത കാണിക്കുന്നു എന്ന വിമർശനത്തിനിടയാക്കാവുന്നതാണ് ആ ക്ലാസ്. വ്യവസ്ഥകൾ ആദ്യം വച്ചിട്ട് അവയെ ലംഘിക്കുന്ന........

മി. ചെയർമാൻ: സമയം വളരെ കൂടുതലായി.

ശ്രീ. സി. ബി. സി. വാര്യർ: സർ, ഞാൻ ഈ ബില്ലിന്റെ വ്യവസ്ഥകളിൽ നിന്നു വിട്ട് ഒരൊററ വാക്കും പറയുകയില്ല. അതും സെലക്ററു കമ്മിറ്റി പരിഗണിക്കേണ്ട തരത്തിലേ ഞാൻ പറയുന്നുള്ളു. അതിനപ്പുറത്തേക്കു പോകുകയില്ല. ഞാൻ ചുരുക്കി സംസാരിക്കാം.

ശ്രീ. ഇ. രമേശൻ നായർ: വിടുന്നതു സെലക്ററ് കമ്മിററിക്കല്ലേ. സെലക്ററു കമ്മിററിക്ക് എങ്ങനെ നിർദ്ദേശം വയ്ക്കും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ: അല്ല, ബഹുമാനപ്പെട്ട രമേശൻ നായർ സഭയിലില്ലായിരുന്നുവെന്നു തോന്നുന്നു. ഞാൻ ഇപ്പോഠം അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ഇതു സെലക്ററു കമ്മിററിക്കു വിടണമെന്നാണ്. എൻെറ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിച്ചു. ബഹുമാനപ്പെട്ട രമേശൻ നായരും എൻെറ ഭേദഗതിയെ പിൻതാങ്ങുമെന്നാണ് എൻെറ വിശ്വാസം.

സർ, ഇവിടെ ഡെഫനിഷനിലേക്കു വരുമ്പോഠം, വർക്ക്മാൻെറ ഡെഫനിഷനെപ്പററി ശ്രീ. രാധാകൃഷ്ണൻ പറഞ്ഞത് ഞാനാവർത്തിക്കുന്നില്ല. വർക്കുമാൻ എന്നത് ഈ ക്ലാസിനുവേണ്ടി പ്രത്യേകം ഡിഫൈൻ ചെയ്യുകയോ അല്ലെങ്കിൽ ഈ ബിൽ മൂലം ട്രേഡ് യൂണിയൻ ആക്ററ് നമ്മഠം അമെൻഡ് ചെയ്യുകയോ വേണം. ഇതു രണ്ടും നമുക്കു ചെയ്യാം. ഈ ബില്ലു കൊണ്ടു തന്നെ നമുക്ക് ട്രേഡ് യൂണിയൻ ആക്ററിലെ ഒരു പ്രൊവിഷനെ അമെൻഡ് ചെയ്യാൻ അധികാരമുണ്ട്. ഒന്നുകിൽ അതു ചെയ്യണം: അതൊക്കെ ഉദ്ദേശിച്ചായിരിക്കും ബഹുമാനപ്പെട്ട ശിവദാസൻ With powers to inspect the provisions of such and such Act...... എന്നു പറഞ്ഞിരിക്കുന്നത്. ഈ ബില്ലിൻെറ പ്രൊവിഷൻ കൊണ്ടുതന്നെ നമുക്ക് ട്രേഡ് യൂണിയൻ ആക്ററിൻെറ വ്യവസ്ഥകഠം ഭേദഗതി ചെയ്യാം. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററിൻെറ വ്യവസ്ഥകളും ഭേദഗതി ചെയ്യാം. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററിലെ വർക്ക്മാൻെറ ഡെഫനിഷനിലുള്ള അപര്യാപ്തത ശ്രീ. രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചു. ഇൻഡ്യാഗവൺമെൻറു തന്നെ പിന്നീടു വന്ന ലേബർ ലെജിസ്ലേഷനിൽ അവരുടെ നിലപാടു മാററി. പേമെൻറ് ഓഫ് ബോണസ് ആക്ററിൽ 1,600 ക. എന്നാണ് വച്ചിരിക്കുന്നത്, വർക്ക്മാൻ എന്നുള്ള ഡെഫനിഷനിൽ 1947-ലെ ആക്ററാണ് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററ്. അന്നത്തെ 500 ക. യ്ക്ക് ഇന്നുള്ള മൂല്യം എന്താണെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു വിശദീകരിക്കേണ്ട കാര്യമില്ല. ആ മൂല്യത്തിനനുസരിച്ചു വ്യത്യാസങ്ങഠം വന്നിട്ടുണ്ട്. അതനുസരിച്ച് 500 ക. എന്നുള്ളതു വർദ്ധിപ്പിച്ച് വർക്ക്മാൻെറ ഡെഫനിഷനിൽ മാററം വരുത്തണം. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററിൻെറ പ്രസക്തഭാഗം പശ്ചിമ ബംഗാഠം അസംബ്ലി ഭേദഗതി ചെയ്തു; വർക്ക്മാൻ എന്നതിൻെറ ഡെഫനിഷനിൽ 1,500 ക. എന്നാക്കി. കൺകറൻറ് ലിസ്ററിലായതുകൊണ്ട് അമെൻഡ് ചെയ്യാൻ കഴിയും. അപ്പോഠം ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ററിലെ വർക്ക്മാൻെറ ഡെഫനിഷൻ തന്നെ അമെൻഡ് ചെയ്യുകയോ അല്ലെങ്കിൽ ഇവിടത്തെ ഡെഫനിഷനിൽ മാററം വരുത്തുകയോ ചെയ്യണം.

റെക്കഗ്നിഷന് തീരുമാനമെടുക്കാനുള്ള അതോറിററി ഡിഫൈൻ ചെയ്തിട്ടുണ്ട്. അവർക്ക് പൗവേഴ്സ് കൊടുത്തിട്ടുണ്ട്. ട്രേഡ് യൂണിയനുകളോ മുതലാളിമാരോ കൊടുക്കുന്ന വിവരങ്ങഠം വച്ചുകൊണ്ട് തീരുമാനമെടുക്കുന്ന രീതിയിൽനിന്നു മാറി സത്യസന്ധമായി തീരുമാനമെടുക്കാൻ കഴിയണമെങ്കിൽ ആ അതോറിററിക്ക് കുറെ അധികാരങ്ങഠംകൂടി കൊടുക്കണം.

"Powers to inspect the records of the Trade Unions and also the establishments"

LIBRARY ARCHIVES Kerala Legislative Assembly

——അതു വേണം. അല്ലെങ്കിൽ ട്രേഡ് യൂണിയനുകൾ കൊടുക്കുന്ന ലിസ്റ്റുകളും മുതലാളിമാർ കൊടുക്കുന്ന ലിസ്റ്റുകളും വച്ച് തീരുമാനമെടുക്കേണ്ടിവരും. ഇൻസ്പെക്റ്റ് ചെയ്യാനുള്ള പൗവേഴ്സ് കൊടുക്കാതെ ഒക്കുകയില്ല. സീക്രട്ട് ബാലറ്റ് പറഞ്ഞിട്ടുണ്ട്:

Clause 5: Recognition of trade unions:—

(3) The authority on being satisfied that the trade union has complied with all the requirements of this Act in regard to recognition, shall by order......

(4) For the purposes of sub-section (3), the Authority shall verify the number of members of the trade union by secret ballot in the prescribed manner and shall conduct such inquiry as may be prescribed and such further inquiry as it deems fit.

ഇങ്ങനെയൊരു പ്രൊവിഷൻ കൊണ്ടുവന്നതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അങ്ങേയററം അനുമോദിക്കുകയാണ്. രഹസ്യബാലററിലൂടെ തന്റെ നേതാവാരെന്ന് തീരുമാനിക്കാനുള്ള തൊഴിലാളിയുടെ അവകാശം അംഗീകരിച്ചിരിക്കുന്നു. അതിനെ ഭയപ്പെടുന്നവർ ഈ രാജ്യത്തു പലരുമുണ്ട്. ഇവിടെത്തന്നെ റഫറണ്ടം ഏതെല്ലാം മേഖലയിൽ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ റഫറണ്ടം അങ്ങോട്ട് നടക്കുകയില്ല; വളരെ ധീരമായി, രഹസ്യബാലററെടുപ്പിലൂടെ തൊഴിലാളിയുടെ നേതാവാരെന്ന് തീരുമാനിക്കാനുള്ള അവകാശം കൊടുത്തിരിക്കുന്നു എന്നുള്ളത് ഏററവും പുരോഗമനപരമായ നടപടിയാണ്. ബില്ലിലെ ആ വ്യവസ്ഥയ്ക്കു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിക്കുകയാണ്. പക്ഷേ സത്യസന്ധമായി നടപ്പിലാക്കണമെങ്കിൽ ഈ അതോറിററിക്ക് റിക്കാർഡുകൾ പരിശോധിക്കാൻ കഴിയുന്ന വ്യവസ്ഥ വേണം. അത് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തില്ലെങ്കിൽ, അത് റൂളിലേക്കു പോയാൽ, എക്സെസീവ് ഡെലിഗേഷൻ എന്ന ദോഷമുണ്ടാകും; അതുകൊണ്ട് റൂൾ നിലനിൽക്കുകയില്ല. അതുകൊണ്ട് അത് നിയമത്തിലെ വ്യവസ്ഥയിൽത്തന്നെ വരണം. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഞാനാവർത്തിക്കുന്നില്ല. റെക്കഗ്നിഷനെ സംബന്ധിച്ച തീരുമാനത്തിന്മേലുള്ള അപ്പീൽ: ഇപ്പോൾ, റെഫ്യൂസ് ചെയ്താൽ അപ്പീലുണ്ട്. മറിച്ച്, ഞാൻ ഒരു മേഖലയിലെ ട്രേഡ് യൂണിയൻ പ്രവർത്തകനാണെങ്കിൽ, അവിടെ റെക്കഗ്നിഷൻ കിട്ടാനർഹതയില്ലാത്തവർക്ക് കൊടുത്താലും എനിക്ക് അപ്പീൽ കൊടുക്കാൻ അവകാശം വേണം. ഒത്തുകളി അനുവദിക്കാൻ പാടില്ല. മറെറാരു ട്രേഡ് യൂണിയന്, ഒരു പ്രവർത്തകന്, തെററായി അംഗീകാരം കൊടുത്തു എന്ന നിലയിൽ അപ്പീൽ കൊടുക്കാനുള്ള അവകാശമുണ്ടായിരിക്കണം. അതിന് കാസ് ഓഫ് ആക്ഷൻ ഉണ്ടായിരിക്കണം. ആ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന മറെറാരു ട്രേഡ് യൂണിയനോ വർക്കർക്കോ ആ അവകാശമുണ്ടായിരിക്കണം.

അതുപോലെ റെക്കഗ്നിഷൻ വിത്ഡ്രാ ചെയ്യുന്നതിനെപ്പററിയുള്ള വകുപ്പ്: ക്ലാസ് 6-ൽ പറയുന്നു:

6. Withdrawal or cancellation of recognition:—

A certificate of recognition issued to a trade union may be withdrawn or cancelled by the authority if it is satisfied that the certificate has been obtained by fraud or mistake or that the trade union has ceased

LIBRARY ARCHIVES Kerala Legislative Assembly

to exist or has violated any of the provisions of this Act or any rule made thereunder or the Trade Unions Act, 1926 (Central Act 16 of 1926), or any rule made thereunder......

ഈ സാഹചര്യങ്ങളിലൊക്കെ വിത്ത്ഡ്രാ ചെയ്യണം, തർക്കമില്ല. പക്ഷേ ഈ സാഹചര്യങ്ങളിൽ മാത്രം പോര. ഈ പറയുന്ന സ്റ്റാൻഡേർഡ്സിൽ നിന്ന് താഴോട്ടു വീണാലും വിത്ത്ഡ്രാ ചെയ്യണം. 20 ശതമാനമുണ്ടായിരുന്നപ്പോൾ എനിക്ക് റെക്കഗ്നിഷൻ കിട്ടി; ഞാൻ പ്രതിനിധീകരിക്കുന്ന യൂണിയനിൽനിന്ന് ആളുകളൊക്കെ പോയി, ഞാൻ അഞ്ചു ശതമാനക്കാരനായി മാറി—അങ്ങനെ മാറിയാൽ റെക്കഗ്നിഷൻ വിത്ത്ഡ്രാ ചെയ്യണം. അത് ഈ ക്ലാസിൽ വരികയില്ല. ഇതിൽ പറയുന്നത് violation of any provision ആണ്. ഇവിടെ ഞാൻ ഒന്നും വയലേററു ചെയ്തിട്ടില്ല. അപ്പോൾ, 4–ൽ പറയുന്ന സ്റ്റാൻഡേർഡ്സ് അനുസരിച്ചു വരാതിരിക്കുന്ന സ്ഥിതിവിശേഷമുണ്ടായാൽ വിത്ത്ഡ്രാ ചെയ്യണം. വയലേഷൻ അതിൽ പെടുമെന്ന് പരിഗണിക്കാൻ ഒക്കുകയില്ല.

അതുപോലെ ഇതിന്റെ പ്രൊവൈസോയിൽ, നാചുറൽ ജസ്റ്റീസ് അനുസരിച്ച്, വെറും നോട്ടീസു മാത്രം പോര. എനിക്കെതിരായി ഒരു തീരുമാനമെടുക്കുമ്പോൾ എനിക്കു നോട്ടീസു കിട്ടിയാൽപ്പോര എന്നെ കേൾക്കുകയും വേണം. നാചുറൽ ജസ്റ്റീസ് അനുസരിച്ചുള്ള ആ പ്രൊവിഷൻ വന്നില്ലെങ്കിൽ ക്ലാസ് 6–ന്റെ പ്രൊവൈസോ നിലനിൽക്കാതെ പോകും. ഇതിൽ നോട്ടീസു കൊടുക്കാൻ മാത്രമേ പറഞ്ഞിട്ടുള്ളു. എന്തു കൊണ്ട് എന്നെ വിത്ത്ഡ്രാ ചെയ്യാൻ പാടില്ല എന്നു പറയാനുള്ള അവകാശം എനിക്കു വേണം. അങ്ങനെ ഞാൻ പറഞ്ഞാൽ അത് കേൾക്കാനും കൺസിഡർ ചെയ്യാനും അതിനെക്കുറിച്ച് തീരുമാനമെടുക്കാനുമുള്ള ബാധ്യത അതോറിററിക്ക് ഉണ്ടായിരിക്കണം.

റെക്കഗ്നൈസ്ഡ് ട്രേഡ് യൂണിയനുകൾക്ക് ഏതാനും അവകാശങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്. ഈ അവകാശങ്ങളൊക്കെ മതിയോ ഇതിൽ കൂടുതൽ കൊടുക്കാമോ എന്നുള്ള കാര്യംകൂടി സെലക്ററ് കമ്മിററി പരിശോധിക്കണം. ആകെയുള്ള ഒരു നോട്ടീസ് ബോർഡ് വയ്ക്കാനും കോൺഫറൻസിൽ പങ്കെടുക്കാനും ഉള്ള സൗകര്യമാണ്. പിന്നെ, ബഹുമാനപ്പെട്ട കേശവൻ ചൂണ്ടിക്കാണിച്ചതുപോലെ, കൺസിലിയേഷൻ കോൺഫറൻസിലും ജോയിന്റ് കോൺഫറൻസിലും പങ്കെടുക്കുന്ന പ്രതിനിധികൾക്ക് ഡ്യൂട്ടിയായി കണക്കാക്കി ശമ്പളം കൊടുക്കുക എന്നത് വ്യവസ്ഥയായി നിയമത്തിനകത്ത് കൊണ്ടുവന്നത് വലിയ നേട്ടമാണ്. ചില മേഖലകളിൽ തൊഴിലാളികൾ ഇന്ന് സംഘടിതശക്തികൊണ്ട് അത് നേടിയെടുക്കുന്നുണ്ട്. അത് നിയമപരമായി മുതലാളിയുടെ ബാധ്യതയാക്കിയത് ഒരു പുരോഗതിയാണ്. പല മേഖലകളിലും സമരത്തിലൂടെ തൊഴിലാളികൾ നേടിയ ഈ കാര്യം മുഴുവൻ ട്രേഡ് യൂണിയൻ പ്രവർത്തനത്തിലും ബാധകമായ നിയമവ്യവസ്ഥയാക്കിയത് വമ്പിച്ച പുരോഗതി തന്നെയാണ്.

സർ, സെക്ഷൻ 9–നെക്കുറിച്ച് പറയുമ്പോൾ റെക്കഗ്നൈസേഷനെക്കുറിച്ച് പറഞ്ഞ ആക്ഷേപം തന്നെ എനിക്ക് പറയാനുണ്ട്. സെക്ഷൻ 9-ന് പുറമേ ഒരു സെക്ഷൻ കൂടി വരണം. കാരണം സെക്ഷൻ 9 എന്ന് പറയുന്നത് റെക്കഗ്നൈസ്ഡ് ട്രേഡ് യൂണിയൻസ് പങ്കെടുക്കാത്ത സെററിൽമെന്റ്സിലെ ഒരാളെയും ബാധിക്കുകയില്ല. പങ്കെടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

ബാധിക്കുമെന്നാണ്. ഇൻഡസ്ട്രിയൽ സെററിൽമെൻറ്സിനെ സംബന്ധിച്ചിടത്തോളം റപ്രസൻേററ്റീവ് ട്രേഡ് യൂണിയൻസ് ഉണ്ടാവുകയും ആ റപ്രസൻേററ്റീവ് ട്രേഡ് യൂണിയൻസ് പങ്കെടുത്ത് ഉണ്ടാക്കുന്ന സെറ്റിൽമെൻറ് ആ ഇൻഡസ്ട്രിയെ ആകെ ബാധിക്കുന്നതും അവർ മുഴുവൻ പങ്കെടുത്തില്ലെങ്കിൽ അത് ബാധിക്കുകയില്ലെന്നുള്ളതും ആയ ഒരു പ്രൊവിഷൻ 9-നു ശേഷം ഉണ്ടാകണം. ഈ ബില്ലിന്റെ മററ് ഓരോ വശത്തെ സംബന്ധിച്ചും അതിന് വരുത്തേണ്ട മാററത്തെ സംബന്ധിച്ചും ഈ അവസരത്തിൽ ഞാൻ പരാമർശിക്കുന്നില്ല. സെലക്ററ് കമ്മിററി പരാമർശിക്കേണ്ട പ്രധാന കാര്യത്തെ സംബന്ധിച്ചിടത്തോളമാണ് ഞാൻ സൂചിപ്പിച്ചത്. മററ് സാങ്കേതികമായ ചില മാററങ്ങൾകൂടി ഇതിൽ വരണം. അതിന് പല പ്രൊവിഷൻസും ഉണ്ട്. അത് സെലക്ററ് കമ്മിററി വിശദമായി പരിശോധിക്കണം. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് സബ്ജക്ററ് കമ്മിററിക്ക് വിടണമെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ഉപക്ഷേപം പ്രസ് ചെയ്യാതെ സെലക്ററ് കമ്മിററിക്ക് വിടണമെന്നുള്ള എന്റെ ഉപക്ഷേപം അംഗീകരിച്ചുകൊണ്ട് സെലക്റ്റ് കമ്മിറ്റിക്ക് വിടണമെന്നും സെലക്ററ് കമ്മിററി എത്രയും വേഗം ചർച്ച ചെയ്ത് അടുത്ത നിയമസഭാ സമ്മേളനത്തിൽത്തന്നെ പാസാക്കി എടുക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. ശിവദാസൻ: സർ, പോയിൻറ് ഓഫ് ഓർഡർ: I have given notice for moving an amendment i.e., Amendment No. 76. As per the rules I am entitled to move it. The amendment is:—"I move that the Kerala Recognition of Trade Unions Bill, 1981 be referred to a Select Committee with instructions to submit the report within a month". It must be treated as a separate amendment and is must be allowed. ഇതുവരെ നിയമസഭയിൽ നടന്നു വന്നിട്ടുള്ള നടപടിക്രമം അതാണ്. പ്രത്യേകം പ്രത്യേകം ഉള്ള അമൻറുമെൻറുകളും അനുവദിക്കണം. ആ രീതിയിൽ "to submit the report within a month"........ ഇവിടെ നടന്നുവന്നിട്ടുള്ള കീഴ്‌വഴക്കം അനുസരിച്ച്......

മി. ചെയർമാൻ സെലക്ററ് കമ്മിററിക്ക് അയയ്ക്കണമെന്നു തന്നെയാണ .

ശ്രീ. കെ. ശിവദാസൻ: As a separate amendment, I must be called....ഞാൻ അത് നോക്കിയിട്ടാണ് പറയുന്നത്. to be referred to a Select Committee with instructions to submit the report within a month....അതിനെപ്പറ്റി പ്രത്യേകമായി പരിഗണിക്കണമെന്നു തന്നെയാണ് ചട്ടം. റെക്കോർഡുകളിൽനിന്നും ഭേദഗതികളിൽനിന്നും ഞാൻ അങ്ങനെയാണ് മനസ്സിലാക്കിയിട്ടുള്ളത്.

മി. ചെയർമാൻ: സെലക്ററ് കമ്മിററിക്ക് അയയ്ക്കണമെന്ന് തന്നെയാണ്. ബഹുമാനപ്പെട്ട മെമ്പർ സി.ബി.സി. വാര്യർ അവതരിപ്പിച്ച ഭേദഗതിയും. ബഹുമാനപ്പെട്ട മെമ്പർക്ക് അത് മൂവ് ചെയ്യണമെങ്കിൽ മൂവ് ചെയ്യാം.

Shri K. Sivadasan: Sir, I move that the Kerala Recognition of Trade Unions Bill, 1981 be referred to a Select Committee with instructions to submit the report within a month.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഈ ബിൽ തൊഴിലാളികളുടെ ട്രേഡ് യൂണിയൻ റൈറ്റ് കർട്ടയിൽ ചെയ്യണമെന്നുള്ള കാര്യം മറച്ച് വയ്ക്കാൻ സാധിക്കുകയില്ല. ഏഴ് തൊഴിലാളികൾകൂടി അപ്ലൈ ചെയ്താൽ ഇൻഡ്യൻ ട്രേഡ് യൂണിയൻ ആക്റ്റിൽ പറയുന്ന എല്ലാ അവകാശങ്ങൾക്കും ഇന്ന് തൊഴിലാളികൾക്ക് അവകാശമുണ്ട്. അത് അവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ അവകാശങ്ങൾ കർട്ടയിൽ ചെയ്യേണ്ട നിർഭാഗ്യകരമായ സ്ഥിതിവിശേഷം നമ്മുടെ രാജ്യത്ത് ഉണ്ടെന്നുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ ആവശ്യമായി വന്നിട്ടുള്ളത്. ഇത് ഞാൻ ആമുഖമായി പറഞ്ഞത് തൊഴിലാളികളുടെ ഈ അവകാശങ്ങൾ പരിമിതപ്പെടുത്തുന്നതിന് എന്തുമാത്രം നിയമം ആവശ്യമുണ്ടോ അത്രയും മാത്രമേ ചെയ്യാൻ പാടുള്ളു. ഈ ട്രേഡ് യൂണിയനുകളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഒരു ഭാഗത്ത് ട്രേഡ് യൂണിയനുകളുടെ എക്സസ് ഉണ്ടാകുന്നു, തൊഴിലാളികളുടെ മൾട്ടിപ്ലിസിറ്റി ഓഫ് യൂണിയൻ ഉണ്ടാകുന്നു എന്നു പറയുന്നതോടൊപ്പം തൊഴിലാളി പ്രവർത്തനങ്ങൾ ശുദ്ധമായോ സംശുദ്ധമായോ നടക്കുന്നു എന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. സമീപകാലത്ത് ഒരു പ്രമുഖ പത്രമായ മലയാള മനോരമയിൽ വന്നിട്ടുള്ള സർവേ കേവലം അതിശയോക്തിപരമാണെന്ന് ആരും പറയുമെന്ന് വിചാരിക്കുന്നില്ല. പ്രമുഖരായ രാഷ്ട്രീയ പ്രവർത്തകരും ട്രേഡ് യൂണിയൻ നേതാക്കന്മാരും ഒക്കെ അഭിപ്രായം പറഞ്ഞിട്ടുണ്ട് അവിടെയും കാര്യങ്ങൾ ഭംഗിയല്ല എന്ന്. അതും മൾട്ടിപ്ലിസിറ്റി ഓഫ് യൂണിയൻ ഉണ്ടാകുന്നതിന് ഒരു കാര്യമാണ്. അതുകൊണ്ട് തൊഴിലാളികൾക്ക് സംഘടിക്കുന്നതിന് ഏഴ് പേർ മതിയെന്നുള്ള തരം ട്രേഡ് യൂണിയൻ അവകാശങ്ങളെല്ലാം അപ്പാടെ മാറ്റിയിട്ട് ഒറ്റ യൂണിയൻ ആയാൽ മതിയോ എന്നുള്ളതിനെക്കുറിച്ച് ചിന്തിക്കുന്നതിന് സമയമായിട്ടുണ്ടോയെന്നുള്ളത് ഒരു ചിന്താവിഷയമാണ്. ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് എന്തുമാത്രം നിയന്ത്രണങ്ങൾ ആവശ്യമുണ്ടോ അത്രയും മാത്രമേ പാടുള്ളു എന്നാണ് എനിക്ക് പറയാനുള്ളത്. മററ് കാര്യങ്ങൾ ഇതിന്റെ പ്രായോഗികതയുടെ പ്രശ്നമാണ്. പ്രായോഗികമായി കേരള സംസ്ഥാനത്ത് ഇങ്ങനെ നടപ്പിലാക്കാൻ സാധിക്കുമോയെന്നുള്ളതാണ്.

സർ, ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഒരു പ്രധാനപ്പെട്ട ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് ആണ്. അവിടെ ഒരു നെയിംപ്ലേറ്റ് ധരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി നമ്പാടൻ ഉത്തരവ് ഉണ്ടാക്കിയിട്ട് അത് നമ്പാടനേ ധരിക്കുകയുള്ളു എന്ന് വാശി പിടിച്ച തൊഴിലാളിവർഗ്ഗമാണ്. അതാണ് പ്രായോഗികതയുടെ ചിത്രം. അപ്പോൾ ഇത് എങ്ങനെയാണ് നടപ്പിലാക്കേണ്ടത്? നടപ്പിലാക്കാവുന്ന നിയമമേ ഉണ്ടാക്കാൻ പാടുള്ളു. ഇപ്പോൾത്തന്നെ എപ്പോഴും സ്ഫോടകാത്മകമായ സാഹചര്യമുള്ള സ്ഥലത്ത് ഒരു നിയമം കൊണ്ടുവന്ന് പാസ്സാക്കിയതുകൊണ്ടു മാത്രം എല്ലാം നടപ്പിലാക്കുമെന്ന് വിശ്വസിക്കാൻ സാധിക്കുകയില്ല. കഴിയുന്നത്ര പരിമിതമായി തൊഴിലാളികളുടെ ട്രേഡ് യൂണിയൻ അവകാശങ്ങൾ ഇൻഡ്യൻ ട്രേഡ് യൂണിയൻ ആക്റ്റിന്റെ അടിസ്ഥാനത്തിൽ അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത് നിഷേധിക്കാനോ നിയന്ത്രിക്കാനോ ശ്രമിക്കുമ്പോൾ പരിമിതമായി മാത്രമേ പാടുള്ളു എന്നാണ് ഞാൻ പറയുന്നതിന്റെ അർത്ഥം. എതിർപ്പുകൾ പല ഭാഗത്തുനിന്നും ഉണ്ടാകും. ഇതിലെ അതിപ്രധാനമായ ഒരു ക്ലാസ് അനുസരിച്ച് കാററഗറി യൂണിയനുകൾ നിർത്തിയിട്ടുണ്ട്. എന്നാൽ ഇന്നുതന്നെ ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്ന പ്രബല ട്രേഡ് യൂണിയനുകളെല്ലാംതന്നെ കാററഗറി യൂണിയനുകൾ ആണ്. ഇങ്ങനെയുള്ള സാഹചര്യങ്ങളെല്ലാം നിലവിലിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതുകൊണ്ട് നിലവിലിരിക്കുന്ന യൂണിയനുകൾക്ക് അങ്ങനെതന്നെ ഫംഗ്ഷൻ ചെയ്യാനും അതേസമയം മൾട്ടിപ്ലിസിററി യൂണിയൻസ് ഒഴിവാക്കാനും ഉള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നഭ്യർത്ഥിക്കുകയാണ്.

സർ, വളരെയധികം യൂണിയനുകൾ ഉള്ള സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഈ യൂണിയനുകളുടെ ഒരു ഫെഡറേഷൻ ഉണ്ടാക്കിയാൽ കൊള്ളാം. കെ. എസ്. ആർ. ററി. സി.-യിലും ഇലക്ട്രിസിററി ബോർഡിലും പാർവതീമില്ലിലുമെല്ലാം ധാരാളം യൂണിയനുകൾ ഉണ്ട്. പാർവതീമില്ലിൽ 16 യൂണിയനുകൾ ഉണ്ട്. ഇതൊന്നും ആർക്കും ന്യായീകരിക്കാൻ സാധിക്കുകയില്ല. രാഷ്ട്രീയമായും പൊളിററിക്കലായും ശക്തി ഉള്ളതുകൊണ്ട് ഈ ശക്തി ഉപയോഗിച്ചാൽ ഇവിടെ പല യൂണിയനുകളും ഉണ്ടാക്കാൻ സാധിക്കുമെന്ന് കണ്ടിട്ടുള്ളതാണ്. അതാണ് ഞാൻ നെയിം പ്ലേററിന്റെ കാര്യം പറഞ്ഞത്. ഇത്തരം നിരുപദ്രവകരമായ കാര്യം പോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഏതാനും യൂണിയനുകൾ ഒരു ഫെഡറേഷൻ ഉണ്ടാക്കിയാൽ അത് അംഗീകരിക്കാനുള്ള വ്യവസ്ഥ വേണം. ഇതിന്റെ മുഴുവൻ പർപ്പസും സ്വീകരിക്കാൻ സാധിക്കാത്തതിന് കാരണം as a bargaining agency only this Federation will appear.......അതാണല്ലോ. എത്രയോ വർഷമായി ട്രേഡ് യൂണിയൻ അവകാശങ്ങളും പ്രിവിലേജുകളും അനുഭവിച്ചുകൊണ്ടിരിക്കുന്നത് എല്ലാം ഒരു ദിവസംകൊണ്ട് അപ്രത്യക്ഷമാകണമെന്നു പറഞ്ഞാൽ അത് പ്രായോഗികമായി നടക്കുമോയെന്നുള്ള കാര്യം സെലക്റ്റ് കമ്മിററി സ്റ്റേജിൽ വളരെ ഗൗരവമായി, ശാന്തമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവർക്കെല്ലാം നിലനിൽക്കാനും എന്നാൽ മൾട്ടിപ്ലിസിററി ഓഫ് യൂണിയന്റെ ഉപദ്രവം ഒഴിവാക്കാനും ഒരു ഫെഡറേഷൻ ആയി നിൽക്കാനും അങ്ങനെ 15 ശതമാനം മേടിക്കാനും ഉള്ള സൗകര്യങ്ങൾ പ്രായോഗികതലത്തിൽ ചെയ്തുകൊടുക്കുന്നതിന് ആലോചിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അല്ലാതെ കേവലമായ, സിദ്ധാന്തപരമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഒരു നിയമം ഉണ്ടാക്കിയാൽ കേരളത്തിലെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിലും തൊഴിലാളി വർഗ്ഗത്തിന്റെ സംഘടിത സാഹചര്യത്തിലും ബുദ്ധിമുട്ടുകൾ ഉണ്ടാകും.

സർ, ഈ ബിൽ നടപ്പിലാക്കുന്നതിന് ഒരു കൊല്ലം മുമ്പ് അതിന്റെ മാനേജിംഗ് കമ്മിററി കൂടിയിരിക്കണമെന്നുള്ള വ്യവസ്ഥ ഇതിൽ കാണുന്നുണ്ട്. ആ വ്യവസ്ഥ ക്ലാരിഫൈ ചെയ്യേണ്ട വ്യവസ്ഥയാണ്. ഇങ്ങനെ ഫെഡറേഷൻസ് ഉണ്ടാക്കാൻ ശ്രമിച്ചാൽത്തന്നെ ഒരു വർഷത്തിനു മുമ്പ് ഒരു കമ്മിററി ഉണ്ടാക്കുകയെന്നുള്ളത് പ്രായോഗികമായി വൈഷമ്യം ഉണ്ടാകുന്ന കാര്യമാണ്.

ശ്രീ. പി. സീതീഹാജി: സർ, ഈ ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ മന്ത്രിമാരാരും സഭയിലില്ല.

ശ്രീ. എം. എം. ഹസ്സൻ: ഇറിഗേഷൻ മിനിസ്ററർ ഉണ്ട്. ഗവൺമെൻറിനുവേണ്ടി ഒരാൾ ഇരുന്നാൽ മതി. കൂട്ടുത്തരവാദിത്വമാണ്.

ശ്രീ. പി. സീതിഹാജി: അദ്ദേഹത്തിന് മലയാളം അറിയുകയില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: അദ്ദേഹം മണിമണിയായി മലയാളം സംസാരിക്കും.

ശ്രീ. ജോസ് കുറ്റിയാനി: കൂട്ടുത്തരവാദിത്വമില്ലെന്ന് ശ്രീ. സി. അച്യുതമേനോൻ പ്രസ്താവിച്ചത് പത്രത്തിൽ വന്നിട്ടുണ്ട്.

ശ്രീ. കെ. ശിവദാസൻ: ക്ലാസ് 4 (1) ബി യെപ്പററിയാണ് ഞാൻ പരാമർശിക്കുന്നത്.

4. *Trade Unions entitled to recognition:*

(b) Such trade union has, during the period of one year preceding the date of application for recognition under section 5, held the annual election of its members.

എന്താണ് ഈ ക്ലാസ്കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. അത് ലെജിസ്ലേഷനിൽ വ്യക്തമാക്കണം. ഇപ്പോൾ ഒരു യൂണിയൻ ഉണ്ടാക്കിയാലും അവർക്ക് 50 ശതമാനം ഉണ്ടായാലും റെക്കഗ്നിഷൻ കൊടുക്കുകയില്ലെന്നാണോ? ഞാൻ പറഞ്ഞ കോണ്ടസ്ററിൽ അങ്ങനെ ഒരു നിയമം ഉണ്ടാക്കേണ്ടതായ ആവശ്യമുണ്ടോ? നിലവിലിരിക്കുന്ന ട്രേഡ് യൂണിയൻ ആക്ററനുസരിച്ച് തൊഴിലാളിവർഗ്ഗം അനുഭവിച്ചുകൊണ്ടിരുന്ന അവകാശങ്ങളുടെ നിഷേധമാണ്. ഞാൻ സമ്മതിച്ചു. നമ്മുടെ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മൾട്ടിപ്ലിസിററിയുടെ ഫലമായി ഇങ്ങനെയൊരു നിയമം ഉണ്ടാക്കേണ്ടതായിരുന്നു. അത് സ്വാഗതാർഹമാണ്. പക്ഷെ എത്ര ആവശ്യമുണ്ടോ അതിൽ കവിഞ്ഞ് വരുന്നത് ശരിയല്ല. ഇതുതന്നെ പ്രതിഷേധാർഹം ഉണ്ടാക്കാൻ പോകുന്നതാണ്. അങ്ങനെയാണെങ്കിൽ Clause 4 Trade Unions entitled to recognition അതു പറഞ്ഞു വരുന്ന കൂട്ടത്തിൽ 15 ശതമാനം കഴിഞ്ഞാൽ such trade union has during the period ഒരുപക്ഷെ ഇനി നടക്കുവാൻ പോകുന്ന പിൽക്കാലത്തെപ്പററി ആയിരിക്കും പറഞ്ഞതെന്നാണോ എന്ന് എനിക്ക് അറിയുകയില്ല. അങ്ങനെയാണെങ്കിൽ ഇപ്പോൾ ഇംപ്ലിമെൻറ്ചെയ്യുന്ന അവസ്ഥയെക്കുറിച്ച് ഉള്ള ഒരു ക്ലാരിഫിക്കേഷൻ വേണ്ടിവരും. Such trade union has during the period of one year preceding the date of application for recognition under section 5, held the annual election of its members. നാളെ ഒരു ട്രേഡ് യൂണിയൻ ബിൽ ഉണ്ടാക്കുമ്പോൾ അത് എങ്ങനെയാണ് നടപ്പിലാക്കുവാൻ പോവുക? അപ്പോൾ ഒരു കൊല്ലത്തിനു മുമ്പ് വന്നിരുന്ന യൂണിയന് മാത്രമേ അംഗീകാരത്തിന് അപ്ലൈ ചെയ്യാൻ പാടുള്ളുവെന്ന് വ്യാഖ്യാനിക്കപ്പെടുമോയെന്നൊന്നും എനിക്ക് അറിയില്ല. അങ്ങനെയാണെങ്കിൽ അത് ശരിയല്ല. ഒരു യൂണിയൻ ഉണ്ടാക്കി യൂണിയനിൽ 50–60 ശതമാനം ഉണ്ടാകണമെങ്കിൽ ഇങ്ങനെയൊരു ക്ലാസ്സിൻെറ ആവശ്യമെന്താണെന്നും എനിക്ക് മനസ്സിലാകുന്നില്ല. മന്ത്രി അദ്ദേഹത്തിൻെറ മറുപടി പ്രസംഗത്തിൽ അതിനെക്കുറിച്ച് വിശദീകരിക്കുമെന്ന് വിചാരിക്കുന്നു. അതിൻെറ ആവശ്യം ഇല്ല എന്നാണ് എനിക്ക് പ്രഥമദൃഷ്ട്യാ തോന്നുന്നത്. എന്തായാലും ആ പൊസിഷൻ ക്ലാരിഫൈ ചെയ്യണം. (b) such trade union has during the period of one year preceding the date.......അപ്പോൾ അത് presupposes the existing one year എന്നുതന്നെയാണ്. അങ്ങനെയൊന്നും ആവശ്യമില്ല. ഇവിടെ ആ കാര്യം multiplicity of trade unions........ ഉണ്ടാകരുത്. അവരുടെ bargaining agency ലിമിററഡ് ആയിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങേയററംപോയാൽ അഞ്ചിലും ആറിലും കൂടരുത്. അതിൽ ഒരു കൊല്ലത്തിനുമുമ്പിൽ ഒരു. ബാറും നിയമപരമായി തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരുന്ന അവകാശത്തെ യാതൊരു തരത്തിലും തടസപ്പെടുത്തേണ്ട കാര്യമല്ല. For recognition under section 5, held the annual election of its members.......എന്തോ ആ ക്ലാസ് ആവശ്യമില്ലെന്നാണ് തോന്നുന്നത്. As it is, the executive of trade union has met atleast once in six months during the period of one year എന്ന് ഒരു ക്ലാസുണ്ട്. ആ ക്ലാസ് ദോഷകരമാണെന്നു ഞാൻ പറയുന്നില്ല. വേറൊരു കാര്യം സൂചിപ്പിക്കുന്നത് തൊഴിലാളികളുടെ rights and liabilities എന്നു പറയുന്നത് ഒരു നാണയത്തിൻെറ രണ്ട് വശങ്ങൾ പോലെയാണ്. ഒരു പാലം കെട്ടിയാൽ അങ്ങോട്ടുമിങ്ങോട്ടും പോകണം. തൊഴിലാളികൾ 6 മാസത്തിലൊരിക്കൽ കമ്മിററി കൂടണമെന്ന് നിർബന്ധിക്കുകയാണെങ്കിൽ ഒരു റൈറ്റുകൂടി കൊടുക്കണം. അങ്ങനെയാണെങ്കിൽ 6 മാസത്തിലൊരിക്കൽ കമ്മററി കൂടുമ്പോൾ അന്നത്തെ ശമ്പളംകൂടി കൊടുക്കണമെന്ന് വ്യവസ്ഥചെയ്യുമോയെന്ന് എനിക്ക് അറിയില്ല. Recognition of trade unions-ൻെറ അവകാശങ്ങളെ സംബന്ധിച്ച് പറയുന്ന ഭാഗത്തെക്കുറിച്ച് നേരത്തെ പരാമർശിച്ചു. പല അവകാശങ്ങളും കൊടുക്കണം. അതിൽ ഒരവകാശം ട്രേഡ് യൂണിയൻ നിയന്ത്രിക്കുന്നതും തൊഴിലാളികളുടെ അവകാശങ്ങൾ നിയന്ത്രിക്കുന്നതും വ്യവസായ പുരോഗതിക്കും സമാധാനത്തിനും ഒക്കെയാണല്ലോ. അങ്ങനെയാണെങ്കിൽ അവർ ജോലി ഒന്നും എടുക്കാതെ സ്റ്റാറ്റ്യൂട്ടറി ആയിട്ട് കമ്മററി കൂടുന്ന ദിവസംകൂടി ശമ്പളം കൊടുക്കുന്നതിന് വ്യവസ്ഥചെയ്യുന്നത് ന്യായമായിരിക്കും.

<u>ശ്രീ. എം. എം. ഹസ്സൻ:</u> ട്രേഡ് യൂനിയൻ അവകാശങ്ങൾ നേടിയെടുക്കാൻവേണ്ടി അൽപ്പം ത്യാഗം സഹിക്കാൻ, ഒരു ദിവസത്തെ ശമ്പളം ത്യജിച്ചുകൊണ്ട് അവർ കൂടുവാൻ തയ്യാറാകുന്നുവെങ്കിൽ അല്ലേ അവരുടെ യൂണിയന് കൂടുതൽ ബലമുണ്ടാവുകയുള്ളു.

<u>ശ്രീ. കെ. ശിവദാസൻ:</u> അതിനെക്കുറിച്ച് മൈതാനത്തു പറയാവുന്ന കാര്യമാണ്. ഞാൻ പറഞ്ഞത് തൊഴിലാളികളുടെ അവകാശങ്ങൾ നിയമം മൂലം നിഷേധിക്കുമ്പോൾ അവരുടെ അവകാശങ്ങൾ റൈറ്റായി മാറുമ്പോൾ rights and liabilities എന്നു പറയുന്നത് അങ്ങോട്ടുമിങ്ങോട്ടും പരസ്പരപൂരകങ്ങളാണ്. Rights and L'abilities, you say it is a liability to meet once in 6 months, but I simply suggest that there should be corresponding right, as well. അങ്ങനെ നിയമംമൂലം നമ്മൾ ഒരു ബാദ്ധ്യത അടിച്ചേൽപ്പിക്കുമ്പോൾ നിയംമൂലംതന്നെ അതിനുള്ള പ്രതിഫലവും നിശ്ചയിക്കണമെന്നുള്ള പ്രിൻസിപ്പിളാണ് ഞാൻ പറഞ്ഞത്. ഒരു നിയമംമൂലം നിലവിലിരിക്കുന്ന സംവിധാനം മാററിയിട്ട് തൊഴിലാളികളുടെ ഇഷ്ടംപോലെ പ്രവർത്തിക്കാനുള്ള അവകാശം ഉണ്ടായിരിക്കെ, അങ്ങനെയൊന്നും പോരാ രണ്ടുമാസത്തിലൊരിക്കലോ മൂന്നുമാസത്തിലൊരിക്കലോ കൂടണം. അങ്ങനെ കൂടുന്നുണ്ട്. ഇപ്പോൾ അതാണ് തത്വം. അപ്പോൾ 6 മാസത്തിലൊരിക്കൽ കൂടണമെന്നു പറഞ്ഞാൽ പോരാ. അങ്ങനെ ചെയ്യണമെന്ന് ഗവൺമെൻറ് സ്ററാററ്യൂട്ട്സ്കൊണ്ട് നിർബന്ധിക്കുമ്പോൾ അതൊരു ലയബിലിററിയാണ്. ലയബിലിററി മാത്രം പോരാ, റൈറ്റുംകൂടി വേണ്ടേ? അപ്പോൾ കറസ്പോണ്ടിംഗ് റൈറ്റുകൂടി കോൺഫർ ചെയ്യുന്നത് ഉചിതമായിരിക്കും. ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞത്........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: യൂണിയന്റെ കോൺസ്റ്റിറ്റ്യൂഷനിൽ തന്നെ ഇപ്പോഴും പ്രൊവിഷൻ ഉണ്ട്. ആ പ്രൊവിഷൻ ജനറൽബോഡി കൂടി അംഗീകരിച്ച് രജിസ്റ്റർചെയ്ത കോൺസ്റ്റിറ്റ്യൂഷനിൽ നിന്നുകൊണ്ട് പിന്നെന്താണ് ബുദ്ധിമുട്ടുള്ളത്?

ശ്രീ. കെ. ശിവദാസൻ: അതൊരു വലിയ അവകാശവാദമായി ഞാൻ പറയുന്നില്ല. തൊഴിലാളികൾക്ക് ലയബിലിറ്റീസ് ക്രിയേറ്റു ചെയ്യുമ്പോൾ സൂക്ഷിക്കേണ്ട ഒരു കാര്യമാണ്. റൈറ്റ്സും കൊടുത്തിരിക്കണം. പക്ഷെ വേറെ റൈറ്റ് കൊടുക്കണമെന്നുള്ളതിന്റെ ആമുഖമായി ഞാൻ പറഞ്ഞുവെന്നേയുള്ളു.

മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്

3 (2) Notwithstanding anything contained in clause (a) of sub-section (1), if the total number of members of all the recognised trade unions in an industrial establishment is less than 60 per cent of the total members.........

ഇതിനെക്കുറിച്ച് ഇവിടെ പരാമർശിച്ചു കേട്ടു. ഇതു ശരിയല്ല. ഈ ക്ലാസ് അനുസരിച്ച് അങ്ങനെയൊരു സാഹചര്യം വന്നാൽ ഇങ്ങനെ ചെയ്യാതെ മററ് മാർഗ്ഗമില്ല. അതുകൊണ്ട് ഇങ്ങനെ ചെയ്യുന്നത് ശരിയാണെന്നാണ് എന്റെ അഭിപ്രായം.

Clause 5, Recognition of trade union..........അതിലെ (4) for the purposes of sub-section (3), the authority shall verify the number of members of the trade union by secret ballot in the prescribed manner and shall conduct such inquiry, as it deems fit......

എനിക്ക് മനസിലായില്ല സംഗതി എന്താണെന്ന്. സീക്രട്ട് ബാലററു കൊണ്ട് തെരഞ്ഞെടുക്കണമെന്നു തീരുമാനിച്ചു. നമ്മുടെ തെരഞ്ഞെടുപ്പെല്ലാംപോലെ തെരഞ്ഞെടുപ്പുകഴിയുമ്പോൾ എണ്ണും. എണ്ണുമ്പോൾ കഥ അവസാനിച്ചു. പിന്നെ എന്താണാവോ such inquiry as may be prescribed and such further inquiry as it deems fit.

As may be prescribed......എന്നുവച്ചാൽ എന്താണ് ഉദ്ദേശിക്കുന്നത്? Trade union by secret ballot in the prescribed manner and shall conduct such inquiry as may be prescribed ഇതാരാണ് പ്രിസ്ക്രൈബ് ചെയ്യുന്നത്. ഇത് ഗവൺമെന്റാണോ പ്രിസ്ക്രൈബ് ചെയ്യുന്നത്. അങ്ങനെയൊരു അധികാരം വേണോ? വെടിയുടെകൂടെ 'ഠോ' എന്നുകൂടി കേൾപ്പിക്കണമോ? രണ്ടുംകൂടി വേണ്ടല്ലോ. സീക്രട്ട് ബാലററ് എന്നു പറഞ്ഞാൽ that is a final wording ....പിന്നെ അതിനുള്ള സ്കോപ്പ് എന്താണെന്നു മനസിലാകുന്നില്ല. Shall conduct such inquiry as may be prescribed. അത് എന്ത ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നു. അത് എന്തുദ്ദേശിച്ചാലും വിനാശകരമായ കാര്യത്തിലേ അവസാനിക്കൂ. അങ്ങനെയൊരു അധികാരം ഗവൺമെന്റിനോ ഒരു അതോറിററിക്കോ ചെയ്തുകൊടുക്കുന്നതിൽ കാര്യമില്ല. ഭൂരിപക്ഷാഭിപ്രായപ്രകാരം തൊഴിലാളിവർഗ്ഗം തീരുമാനമെടുക്കണം. That is a last word. പിന്നെ and shall conduct such inquiry as may be prescribed and such further inquiry അത് എന്താണാവോ? as it deems fit എന്നുപറഞ്ഞാൽ ഈ അതോറിററിയെ ഉദ്ദേശിക്കുന്നു എന്നാണ് തോന്നുന്നത്. For the purpose of sub-section (3), the Authority.... അവിടെ എനിക്ക് തർക്കമുണ്ട്. ഈ അതോറിററി എന്നു പറയുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കോൺസ്റ്റിറ്റ്യൂഷൻ ഗവൺമെൻറിലാണ് നിശ്ചയിക്കുന്നത്. എന്നാൽ അയാളുടെ ക്വാളിഫിക്കേഷനെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. അതിൻെറ കാര്യങ്ങളെപ്പററി പറഞ്ഞിട്ടില്ല. നമ്മുടെ രാജ്യത്ത് ധാരാളം രാഷ്ട്രീയ പാർട്ടികളുണ്ട്. പല പാർട്ടികളും മാറിമാറി അധികാരത്തിൽ വരും. ഇതിൽ ഏതെങ്കിലും ഒരു കക്ഷിയുടെ ആരും ലേബർ മന്ത്രിയായി വരും. ആ ലേബർ മന്ത്രിയുടെ താൽപര്യമനുസരിച്ചായിരിക്കും അതോറിററിയെ നിയമിക്കുന്നത്. അവസാനം ഈ അധികാരങ്ങളെല്ലാം അയാളിൽ നിക്ഷിപ്തമാകുന്നത് Executive Excess അല്ലാതെ ഡെമോക്രസിയാകുകയില്ല. നമ്മൾ ഇവിടെ വളരെ വാഴ്ത്തപ്പെടുന്ന ഒന്നാണ് സീക്രട്ട് ബാലററിംഗ്. ആ സീക്രട്ട് ബാലററിംഗിന് വെച്ചിരിക്കുന്ന ഒരു അതോറിററിയെ നിശ്ചയിക്കുന്നതിനുള്ള അധികാരം ഗവൺമെൻറിൻെറ ഡിസ്ക്രീഷന് വച്ചിരിക്കുന്നത് ഒന്നു ക്ലാരിഫൈചെയ്ത പൊസിഷനിൽ അല്ല. അയാളുടെ യോഗ്യതകളെപ്പററി എനിക്കു തോന്നുന്നത് ഒരു ബോർഡുതന്നെയായിരിക്കും എന്നാണ്. അതായത് സെൻട്രൽ ട്രേഡ് യൂണിയനുകളോ ഏതെങ്കിലും റെപ്രസൻേററീവ് ബോഡിയോ തന്നെയായിരിക്കും. എത്ര പരമപ്രധാനമായ കാര്യം ചെയ്യുന്നതിൽ ഒരു അതോറിററി എന്നു പറഞ്ഞ് അന്ന് അധികാരത്തിലിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ willing tune-നെയോ അല്ലെങ്കിൽ അദ്ദേഹത്തിൻെറ sweet will and pleasrue ആയി ഒരാളെ വച്ചിട്ട് അയാൾ അത് മുഴുവൻ ഭരിക്കുക. അതുതന്നെ തെററാണ്. അതുകൊണ്ട് ഇതിന് നോംസ് നിശ്ചയിക്കണം. ആ നോംസിൻെറ നിയന്ത്രണത്തിൽവരുന്ന ഒരു അതോറിററിക്ക് പകരം ഒരു ബോർഡിനെ നിശ്ചയിക്കുകയായിരിക്കും നല്ലത്. ഈ രാജ്യത്തെ ഏററവും സിൻസിററീവ് ബോഡിയാണ് വർക്കേഴ്സ്. അവിടെ പരാമർശിക്കുന്ന കാര്യങ്ങളാണ്. അത്തരം കാര്യങ്ങൾ Executive Excess-ന് വേണ്ടിയോ മന്ത്രിയുടെ ഡിസ്ക്രീഷനുവേണ്ടിയോ വിടാൻ പാടില്ലെന്ന് ഖണ്ഡിതമായ അഭിപ്രായമാണ് എനിക്കുള്ളത്. അതിൽ കൂടുതലാണ് ക്ലാസ് (4). അതിൽ എന്താണ് പറയുന്നത്. ഈ അതോറിററിതന്നെ മന്ത്രിയുടെ ഇഷ്ടപ്രകാരം അല്ലെങ്കിൽ ഗവൺമെൻറിൻെറ എന്നുവച്ചോ. അങ്ങനെ ഇഷ്ടപ്പെടുന്നതാണെങ്കിൽ and he shall conduct the election. The Authority shall verify the number of members of the trade union by secret ballot in the prescribed manner and shall conduct such inquiry as may be prescribed......

ആര് സ്പെസിഫൈ ചെയ്യും. ആരാണ് ഇത്. ഇതെല്ലാം ശുദ്ധ അസംബന്ധമാണ്. അതിൻെറയൊന്നും ആവശ്യമില്ലായെന്നാണ്. ഇതിൽ മന്ത്രിക്ക് മറെറന്തെങ്കിലും ഉദ്ദേശമുണ്ടോ? Subject to correetion, I say.. ആ സെക്ഷൻ ആവശ്യമുള്ളതല്ല. സാധാരണ ബിൽ എഴുതുന്നതുപോലെ എവിടെയോ നോക്കി എഴുതിവച്ചതാണോയെന്നൊന്നും എനിക്ക് അറിയില്ല. And shall conduct such inquiry as may be prescribed and such further inquiry as it deems fit. പോയില്ലേ? ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്ന സകല സ്പിരിററും അപ്പോൾ അവസാനിച്ചു. ഇത് പലപ്പോഴും വ്യാഖ്യാനിച്ച് ഇപ്പോഴുള്ള ട്രേഡ് യൂണിയൻ ജനാധിപത്യം പോലും തീർന്ന് ഭരണത്തിൽ ഇരിക്കുന്നവരുടെയും അവരുടെ ഉദ്യോഗസ്ഥൻമാരുടെയും താളത്തിനൊത്ത് തുള്ളുന്ന രീതിയിലേക്ക് കാര്യങ്ങൾ അവസാനിപ്പിക്കുകയും അതിൽനിന്നുണ്ടാകുന്ന തൊഴിലാളി പ്രക്ഷോഭണത്തിന് സാക്ഷ്യംവഹിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്ന ഇത്തരം വാചകങ്ങൾ ഒഴിവാക്കണം. പിന്നെ ഇതിനെന്തെങ്കിലും പ്രത്യേക അർത്ഥമുണ്ടെങ്കിൽ മന്ത്രി പറയുമ്പോൾ കേൾക്കാം.

LIBRARY ARCHIVES Kerala Legislative Assembly

പ്രഥമദൃഷ്ട്യാ ഇതിലൊന്നും കാണുന്നില്ല.

Prescribed and such further enquiry as it deems fit. A certificate of inquiry ഇതാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. അതോറിട്ടിയെ സംബന്ധിച്ചും വ്യക്തമായ നിർദ്ദേശമുണ്ട്. നോംസ് വേണം. അതിന് അതിര് ഉണ്ടായിരിക്കണം. അത് ബോർഡായിരിക്കണം. എന്തുമാത്രം കാര്യങ്ങൾ, ഡ്യൂട്ടികൾ ചെയ്യേണ്ട ഒരു വർക്കാണ്. എത്ര ട്രേഡ് യൂണിയനുകൾ ചെയ്യേണ്ടതാണ് വോളിയം ഓഫ് വർക്ക്, അടുത്തതായി അപ്പീലിനെപ്പററിയാണ് എനിക്ക് പറയാനുള്ളത്.

Any trade union aggrieved by any refusal of the Authority to recognise a trade union or by the withdrawal or cancellation of a certificate of recognition may, within such period as may be prescribed, appeal to the Government against such refusal, withdrawal or cancillation. Again goes to the Government, I object it. ഗവൺമെൻറ് എന്നുവച്ചാൽ എന്താണ്? അപ്പീൽ എങ്ങനെ കേൾക്കണമെന്ന് പോലും പറഞ്ഞിട്ടില്ല. അതിൽ പറഞ്ഞിരിക്കുന്നത്.

An appeal under sub-section (1) shall be in such form, shall contain such particulars and shall be accompanied by such fee, as may be prescribed. അതു പോകട്ടെ, Government may after such enquiry as they deem sufficient. എനിക്ക് അതിൻെറ അർത്ഥം മനസ്സിലാകുന്നില്ല ഇനി അങ്ങോട്ടുപോയി പ്രിലിമിനറി എൻകയറിയിൽ രേഖകൾ പരിശോധിച്ചാൽ എന്തെങ്കിലും കാണും. എന്തായാലും അത് ഗവൺമെൻറ് എന്നു പറയുന്നത് അവസാനം ഒരു ഉദ്യോഗസ്ഥനോ കാലാകാലങ്ങളിൽ ഇവിടെയുള്ള രാഷ്ട്രീയ പാർട്ടികളോ, ഇവിടെ 18 രാഷ്ട്രീയ കക്ഷികളുണ്ട്. അവർക്കൊക്കെ ട്രേഡ് യൂണിയനുള്ളവരാണ്. അതിൽവരുന്ന ഒരാളിൻെറ സബ്ജക്ടീവ് സാററിസ്ഫാക്ഷന് വിടുന്നത് ഇപ്പോഴത്തെ സീക്രററ് ബാലററിൻെറ ജനാധിപത്യ ഭരണത്തിന് അനുയോജ്യമാവുകയില്ല. എന്തുകൊണ്ട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ലേബർകോടതിക്കോ ജുഡീഷ്യൽ ബോഡിക്കോ വിട്ട് എത്രയും വേഗം തീരുമാനമെടുത്തുകൂടാ. ജുഡീഷ്യൽ ബോഡിക്ക് വിട്ടാൽ കാലതാമസമുണ്ടാകും. ആ കാലതാമസം ഒഴിവാക്കുന്നതിന് സ്പെഷ്യലായിട്ട് ഒരു മാസത്തിനുള്ളിൽ അല്ലെങ്കിൽ ഇത്ര കാലത്തിനുള്ളിൽ ഇത് സമ്മറി പ്രൊസീഡിംഗ്സോ ഏതെങ്കിലു, രീതിയിൽ ചെയ്യണമെന്ന വ്യവസ്ഥ ഭേദഗതിയിൽ വരുത്തണം. ഇന്നിരിക്കുന്ന ആരേയും ഉദ്ദേശിച്ചു പറയുന്നതല്ല. നിങ്ങൾ എക്കാലത്തേയ്ക്കുമല്ലേ നിയമം ഉണ്ടാക്കുന്നത്? രാഷ്ട്രീയ പരിതഃസ്ഥിതി മാറി വ്യക്തികളും തലപ്പത്തുനിന്ന് മാറുകയും ചെയ്യും. ഈ സംവിധാനം, പുതുതായി തൊഴിലാളികളുടെ പേരിൽ അടിച്ചേൽപ്പിക്കുന്ന ട്രേഡ്യൂണിയൻ അവകാശം നിയന്ത്രിക്കുന്ന ഈ നിയമം അവസാനം വെളുക്കാൻ തേച്ചത് പാണ്ടായിപ്പോകരുത്. വ്യക്തിയുടെ എക്സിക്യൂട്ടീവ് എക്സസീവിൽ ചെന്ന് അവസാനിക്കരുതെന്നുള്ളതുകൊണ്ട് പറയുകയാണ്. അങ്ങനെ രാഷ്ട്രീയപ്രേരിതമായ തീരുമാനം അവസാനം ഈ രീതിയിൽ വരുമെന്ന് ശങ്കിക്കുകയാണ്. ഈ അപ്പീൽ പ്രൊവിഷൻ രാഷ്ട്രീയ പ്രേരിതമായ തീരുമാനത്തിന് വഴിവയ്ക്കുമെന്നുള്ളതുകൊണ്ട് ജുഡീഷ്യൽ ബോഡിക്ക് വിടണം. ജുഡീഷ്യൽ ബോഡിക്ക് വിട്ടാൽ സാധാരണ ഉണ്ടാകുന്ന അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തണമെന്ന അഭിപ്രായം എനിക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Rights of recognition—section-8. അതുസംബന്ധിച്ചും വലുതായിട്ടൊന്നും പറയാനില്ല. ആമുഖമായിട്ട് പറഞ്ഞതുപോലെ തൊഴിലാളി വർഗ്ഗം ഇന്ന് അനുഭവിക്കുന്ന അവകാശങ്ങൾ കർട്ടെയിൽ ചെയ്യപ്പെടുമ്പോൾ കറസ്പോണ്ടിങ്ങായിട്ട് There are all liabilities കറസ്പോണ്ടിങ്ങായിട്ടുള്ള റൈറ്റ്സ് കൂടി ഈ സ്ററാററ്യൂട്ട് കൺഫയിൻ ചെയ്യണം. A recognised trade union shall be entitled to negotiate with the employer in respect of all matters connected with the employment of workmen in the establishment in respect of which the trade union has been recognised;

കുറച്ച് വാചകമാണെങ്കിലും കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പിന്നെ ആകെയുള്ളത് to put up or cause to be put up a notice board on the premises of the industrial establishment in which its members are employed and affix or cause to be affixed, thereon, notices relating to meetings. ഇപ്പോഴും പല സ്ഥാപനങ്ങൾക്കും കിട്ടുന്നതാണ്. അതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നത് ശരിയാണോ? ഇത് വിശദമാക്കണ്ടേ? വലിയ സ്ഥാപനങ്ങളെ റൂൾസ് നിശ്ചയിച്ച് ആ സ്ഥാപനത്തിൽ കുറഞ്ഞപക്ഷം ഈ യൂണിയനുകളുടെ പ്രവർത്തനത്തിനുള്ള ആഫീസ് നൽകികൂടേ? അതു കൊടുക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കണം. അവർക്ക് യോഗം കൂടുന്നതിനുള്ള പ്രെമിസസ് നൽകുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കണം. റെക്കഗ്നൈസ്ഡ് ട്രേഡ് യൂണിയൻസാണ്. റെക്കഗ്നൈസ്ഡ് ട്രേഡ് യൂണിയൻസാണെങ്കിൽ അവ പ്രവർത്തിക്കുന്നതിനുള്ള ആഫീസും അവയുടെ സമ്മേളനവും കൂടുന്നതിനുള്ള പ്രെമിസ്സസും നിശ്ചയമായും നൽകുന്നതിനുള്ള സംവിധാനം ചെയ്യാവുന്നതാണ്. മറെറാരുകാര്യം തൊഴിലാളി പ്രവർത്തനം നിയമവിധേയമാക്കുമ്പോൾ ഗസററിൽവരുന്ന നിയമപരമായ അവാർഡ് വരുന്നതായ ഭാഗങ്ങളും ലേബർ ലായും കൺസഷൻ റേററിൽ റെക്കഗ്നൈസ്ഡ് ട്രേഡ്യൂണിയനുകൾക്ക് കൊടുക്കുന്നതിന് ഈ ആക്ടിൽ വ്യവസ്ഥ ചെയ്യണം. ഈ കാര്യങ്ങളെല്ലാം സെലക്ട് കമ്മിററി സ്റേറജിൽ ആലോചിക്കണമെന്ന അഭിപ്രായമുണ്ട്. ഇനി Representation through recognised unions അപ്പോൾ വേറെ യൂണിയനുകളുമുണ്ട്. ഇപ്പോഴും രജിസ്ററർ ചെയ്യുന്നതു സംബന്ധിച്ച നിയമം മാററിയിട്ടില്ല. ഏഴുപേർ ചേർന്നാൽ ഇപ്പോഴും ട്രേഡ് യൂണിയനുകൾ ഈ ആക്ട് പാസായാലും ഉണ്ടാക്കും. അവയുടെ അവകാശം എന്താണ്? അവയുടെ അവകാശവും ആവശ്യമില്ലാത്ത രീതിയിൽ ലിമിററ് ചെയ്യുന്നതിൽ അർത്ഥമില്ല. തെരഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള പ്രൊവിഷൻ വരുമ്പോൾ ആഞ്ചോ ആറോ യൂണിയനുകൾ കാണാൻ കഴിഞ്ഞേക്കും. അതിൽ കൂടുതൽ യൂണിയന്റെ സാന്നിദ്ധ്യം നമ്മൾ സങ്കല്പിക്കുന്നു. That is to presuppose the existence of more number of unions. അവർക്കും കുറെ അവകാശങ്ങൾ വേണം. പ്രത്യേകിച്ച് പറഞ്ഞിട്ടില്ലെങ്കിലും ഇതിനകത്ത് അണ്ടർലൈൻഡാണ്.

Notwithstanding anything contained in the Industrial (Establishment) Disputes Act, 1947 (Central Act 14 of 1947), no workman shall be allowed to appear or act, or to be represented, in any proceedings under the said Act (not being a proceeding in which the legality or propriety of an order of dismissal, discharge removal, retrenchment. termination of service or suspension....

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരമില്ലാത്ത യൂണിയന് ഡിസ്മിസലിനെ സംബന്ധിച്ച് ഡിസ്ചാർജ്ജിനെ സംബന്ധിച്ച്. റിട്രെഞ്ചുമെൻറിനെ സംബന്ധിച്ച്, ടെർമിനേഷനേയും സസ്പെൻഷനേയും സംബന്ധിച്ച് ആകാമെന്നാണ് ഇതിൻെറ ധ്വനി. എന്നാൽ അതിൻെറ കൂടെത്തന്നെ മറെറല്ലാ ഇൻഡിവിഡ്വൽ റൈറ്റും ഈതരം യൂണിയന് ആകാമെന്ന വ്യവസ്ഥ കൂടുതൽ വിശാലമാക്കണമെന്ന അഭിപ്രായമുണ്ട്. ഇതിൻെറ അർത്ഥം റെക്കഗ്നൈസ്ഡ് യൂണിയനല്ലാത്ത യൂണിയനിലെ തൊഴിലാളികൾക്ക് വിശ്വാസപ്രമാണത്തിൻെറ അടിസ്ഥാനത്തിൽ നിൽക്കാമെന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ മററ് യൂണിയനുകളിൽ നിൽക്കാത്ത ഒരാൾക്ക് പ്രമോഷൻ ലഭിക്കുകയാണെങ്കിൽ സ്വാഭാവികമായും നമ്മുടെ രാജ്യത്ത് യൂണിയൻ റൈവൽറി എന്നു പറയുന്നത് തൊഴിലാളി പ്രസ്ഥാനത്തിന് ഒരു മഹാശാപമായിരിക്കേ റെക്കഗ്നൈസ്ഡ് യൂണിയനുകൾ അയാളുടെ പ്രമോഷന്. ചിലപ്പോൾ ദോഷമായി പ്രവർത്തിച്ചുവെന്നു വരും, പ്രമോഷൻ വാങ്ങിച്ചുകൊടുത്തില്ലെന്നുംവരും. കാററഗറി ചെയിഞ്ചിനെ സംബന്ധിച്ച് അങ്ങനെയുള്ള വർക്കിങ്ങ് സൗകര്യത്തിനുള്ള നിരവധി ഫെസിലിററീസ് ഉണ്ട്. ആ വർക്കിംഗ് കണ്ടീഷനാണല്ലോ ഏററവും പ്രധാനം. ഈ വർക്കിംഗ് കണ്ടീഷൻ ഒരു റെക്കഗ്നൈസ്ഡ് യൂണിയനിൽപ്പെടാത്ത ഒരു തൊഴിലാളിക്ക് അവിടത്തെ സൂപ്പർവൈസർ നൽകാതിരുന്നാൽ ആര് ചോദിക്കും? റെക്കഗ്നൈസ്ഡ് യൂണിയനിൽ മെമ്പറല്ലാത്ത ഒരാൾക്ക്. നമുക്ക് ഇവിടെ ആകെയുള്ളത് മൾട്ടിപ്ലിസിററി യൂണിയൻകൊണ്ട് കളക്ടീവ് ബാർഗെനിങ്ങിൽ വരുന്ന തടസങ്ങൾ ഒഴിവാക്കണമെന്ന് മാത്രമേ ഉദ്ദേശമുള്ളു. പക്ഷെ അവിടത്തെ വർക്കിംഗ് കണ്ടീഷനെല്ലാം ലഭിക്കുന്നതിന് യൂണിയനുള്ള പ്രൊട്ടക്ഷൻ ആരു കൊടുക്കും? ഇതെല്ലാം നോൺ റെക്കഗ്നൈസ്ഡ് യൂണിയന് കൊടുക്കണം. അതുകൊണ്ട് കളക്ടീവ് ബാർഗെയിനിങ്ങ് ഒരു എഗ്രിമെൻറുണ്ടാക്കുന്നതിനുള്ള കാര്യങ്ങളിൽ മൾട്ടിപ്ലിസിററി യൂണിയൻ ഒഴിവാക്കിയിട്ട് ഇൻഡിവിഡ്വലായിട്ടുള്ള എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനും തൊഴിലാളിയെ രക്ഷിക്കുന്നതിനും മററ് യൂണിയനേയും അംഗീകരിക്കണം. കാരണം ട്രേഡ് യൂണിയൻ ആക്ടനുസരിച്ച് ഏഴുപേർ ചേർന്നാൽ യൂണിയൻ ആകാം. തെരഞ്ഞെടുപ്പ് വച്ചിരിക്കുന്നതുകൊണ്ട് അഞ്ചിലോ ആറിലോ കൂടുതൽ യൂണിയൻ മത്സരിക്കുന്നുവെന്നതാണ് പ്രീസപ്പോസിഷൻ. അപ്പോൾ ആ യൂണിയനുകളുടെ പ്രവർത്തന പരിധി എന്താണ്? അതുകൊണ്ട് ലോങ്ങ്ടേം എഗ്രിമെൻറും അല്ലെങ്കിൽ മൊത്തത്തിലുള്ള സെററിൽമെൻറും മററും ഉണ്ടാക്കുമ്പോൾ ഇൻഡസ്ട്രിയെ പൊതുവെ ബാധിക്കുന്ന കാര്യം ഉണ്ടാക്കുമ്പോൾ മൾട്ടിപ്ലിസിററി ഓഫ് യൂണിയൻ ശല്യം ഉണ്ടാക്കരുത് എന്നുള്ളത് കഴിഞ്ഞാൽ തൊഴിലാളികളുടെ ഇൻഡിവിഡ്വൽ പ്രശ്നങ്ങളെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ഈ യൂണിയനുകൾക്ക് വിശാലമായി കൊടുക്കുന്നതുകൊണ്ട് ദോഷം വരാനില്ല. നോൺ റെക്കഗ്നൈസ്ഡ് യൂണിയന് അത്തരത്തിലുള്ള അവകാശം മൾട്ടിപ്ലിസിററി ഓഫ് യൂണിയൻെറ ദോഷം ഒഴിവാക്കുന്ന രീതിയിൽ കൂടുതൽ കൊടുക്കണമെന്നാണ് എനിക്ക് ഇതേപ്പററി പറയാനുള്ളത്. അങ്ങനെ പൊതുവിൽ സ്വാഗതാർഹമാണ്. 15 ശതമാനമെന്നു വച്ചിരിക്കുന്നത് അസ്വീകാര്യമാണെന്ന് പറയുന്നില്ല. കെ. എസ്. ആർ. ടി. സി.-യിലോ ഇലക്ട്രിസിററി ബോർഡിലോ എത്ര യൂണിയൻ ഉണ്ട്. എത്രപേരെ ബാധിക്കും എന്നു നോക്കി പതിനഞ്ചിൽ അൽപം താഴ്ത്തികൂടേയെന്ന് സെലക്ട് കമ്മിററി ആലോചിക്കണം. പ്രിൻസിപ്പിളിൻെറ അടിസ്ഥാനത്തിൽ 15 ശതമാനം സ്വാഗതാർഹമാണെങ്കിലും പ്രായോഗികമായി എതിർപ്പ് ഉണ്ടാകാതിരിക്കാൻ അൽപംകൂടി താഴ്ന്നാലും

LIBRARY ARCHIVES Kerala Legislative Assembly

കുഴപ്പം ഉണ്ടാവുകയില്ല. അതുംകൂടി ആലോചിച്ച് വേണ്ടതു ചെയ്യണം. ആയിരത്തിയഞ്ഞൂറു പേരുള്ളതാണ് കൊല്ലത്തെ പാർവ്വതിമിൽ. പതിനാറു പേരുള്ള യൂണിയനുണ്ട്. പതിനാറുപേരുടെ മൂന്നുപേരടങ്ങിയ റെപ്രസന്റേഷൻ ഉണ്ടെങ്കിലേ ഇതുപോലുള്ള മീററിംഗ് നടത്താൻ പററുകയുള്ളൂ. അത് ഒഴിവാക്കേണ്ടതാണ്. അത് ഒഴിവാക്കുന്നതിനുവേണ്ടി മാത്രം ഉപയോഗിക്കണമെന്നും ഈ പറഞ്ഞ രീതിയിൽ മററ് കാര്യങ്ങൾകൂടി ചെയ്യണമെന്നും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: സബ്ജക്ട് കമ്മിററിക്ക് അയക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ശ്രീ താമരാക്ഷൻ വീണ്ടും അവതരിപ്പിക്കണ്ട.

ശ്രീ. പി. സീതിഹാജി: സർ, ഇവിടെ ഓർഡറിലല്ല വിളിക്കുന്നത്. ശ്രീ. രാധാകൃഷ്ണൻ കഴിഞ്ഞാൽ സെലക്ട് കമ്മററിക്ക് അയക്കണമെന്നുള്ള ഭേദഗതി അവതരിപ്പിച്ച ഞാനാണ് സംസാരിക്കേണ്ടത്. എന്നെ വിളിച്ചില്ല. ഭരണകക്ഷിയിലുള്ളവർക്ക് മാത്രം സംസാരിച്ചാൽ മതിയോ? (ബഹളം) ഓർഡറിൽ വിളിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ദീർഘമായി ഇതിനെക്കുറിച്ച് സംസാരിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. നമ്മുടെ രാജ്യത്ത് ഏററവും ഗൗരവതരമായ തരത്തിൽ തൊഴിലാളി സംഘടനകൾ ഇന്ന് രൂപപ്പെട്ടുവരികയാണ്. തൊഴിലാളി സംഘടനകളുടെ ബാഹുല്യം ഇന്ന് വന്നുവന്ന്, നായർക്ക് ഒരു യൂണിയൻ ഈഴവന് ഒരു യൂണിയൻ, ഹരിജനങ്ങൾക്ക് ഒരു യൂണിയൻ, മുസ്ലീമിന് ഒരു യൂണിയൻ, ക്രിസ്ത്യാനിയ്ക്ക് ഒരു യൂണിയൻ എന്ന മട്ടിൽ, ജാതി അടിസ്ഥാനത്തിൽവരെ എത്തി ഇന്ന് രജിസ്റ്റർ ചെയ്യാൻ തുടങ്ങിയിരിക്കുകയാണ്.

ഒരു കാലഘട്ടത്തിൽ, നമ്മുടെ രാജ്യത്ത് സംഘടിത തൊഴിലാളി വർഗ്ഗങ്ങൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി പരിശ്രമിച്ചിരുന്ന സന്ദർഭത്തിൽ, അതിനെയെല്ലാം പുച്ഛിക്കുകയും അവരുടെ സംരംഭങ്ങളെ പരാജയപ്പെടുത്താൻവേണ്ടി എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചിരുന്ന, ചൂഷണം ചെയ്തിരുന്ന വർഗ്ഗത്തിന്റെ പ്രതിനിധികൾ ഇന്ന് തൊഴിലാളി വർഗ്ഗത്തിന് സംരക്ഷണത്തിനുവേണ്ടി രംഗത്തുവന്ന്, ജാതി പരമായി അവരെ ഭിന്നിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ഇവിടെ എനിക്ക് മുമ്പു പ്രസംഗിച്ച ശ്രീ. കെ. ശിവദാസൻ ഒരു കാര്യം സൂചിപ്പിച്ചു. ഇവിടെ ഒരു പ്രമുഖദിനപ്പത്രം നടത്തിയ സർവേയെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ആ സർവേയിൽ പറഞ്ഞിട്ടുള്ളത് അതിശയോക്തിയല്ലായെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിക്കുന്നില്ല. അത് തികച്ചും അതിശയോക്തിപരമാണെന്ന് മാത്രമല്ല, അത് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തേയും, ബഹുജനങ്ങളുടെ സംഘടിത പ്രസ്ഥാനത്തേയും അവഹേളിക്കുക കൂടിയാണ്. ആ പത്രം തുടങ്ങിയ കാലത്ത് അതിന് എന്തു മൂലധനമുണ്ടായിരുന്നു. ഇന്ന് അതിന് എത്ര കോടി രൂപയുടെ മൂലധനമുണ്ട് എന്നുള്ളതിനെക്കുറിച്ച് നമുക്കെല്ലാം അറിയാം. ഇല്ലാത്ത കാര്യങ്ങളിലുള്ള പ്രചരണം ഒരു ആയുധമാക്കി സംഘടിത തൊഴിലാളി വർഗ്ഗത്തിനെതിരെ കടന്നാക്രമിക്കാൻ ശ്രമിച്ച ഏററവും ഹീനമായ ഒരു നടപടിയാണതെന്ന് ചൂണ്ടിക്കാണിക്കാതിരിക്കാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ശ്രീനിവാസൻ: ഒരു ട്രെയിഡ് യൂണിയന്റെ നേതാവിന്റെ മകനും മുതലാളിയുടെ മകനും ഒരേ സന്ദർഭത്തിൽ ഊട്ടിയിലെ പബ്ലിക് സ്കൂളിൽ പഠിക്കുന്നുണ്ടെന്നും അവർക്ക് രണ്ടുപേർക്കും പണം അയച്ചു കൊടുക്കുന്നത് ആ മുതലാളിയുടെ പെട്ടിയിൽനിന്നാണെന്നും കാര്യകാരണ സഹിതം പ്രതിപാദിച്ചത് വിശ്വസിക്കുന്നുണ്ടോ? അത് ശ്രീ. കുറുപ്പിനു കൂടി ബോദ്ധ്യമുള്ള കാര്യമായിരിക്കേ എന്തിന് ആ പ്രതിപാദനത്തെ അടച്ചാക്ഷേപിക്കുന്നു എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഒരു തൊഴിലാളി നേതാവ് സ്വന്തം വർഗ്ഗത്തെ ഒറ്റുകൊടുത്ത്, അതിൽനിന്ന് പ്രതിഫലം പറ്റുന്നു എന്നുള്ളത് നമ്മുടെ നാട്ടിൽ ഒരിക്കൽ മാത്രമല്ല ഉണ്ടായിട്ടുള്ളത്. തൊഴിലാളി പ്രസ്ഥാനത്തിന്റെ ശൈശവദശയിൽ, കരിങ്കാലി പണി ചെയ്യുന്നത് നിഷിദ്ധമായിരുന്ന ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത്, തൊഴിലാളി സംഘടിത സമരത്തിനെതിരെ അഞ്ചുപേരെകൊണ്ട് കരിങ്കാലി പണി നടത്തി അതിന്റെ നേതൃത്വത്തിൽ ഈ രാജ്യത്തിന്റെ രാഷ്ട്രീയ നഭോമണ്ഡലത്തിൽ ഉയർന്നു നിൽക്കുന്ന പലരും ഇന്ന് നമ്മുടെ കൺമുമ്പിൽ ഉള്ളപ്പോഴും, ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ പർവ്വതീകരിച്ച് കാണിച്ച്, തൊഴിലാളി പ്രസ്ഥാനത്തെ കരിതേക്കാൻ ശ്രമിക്കുന്നതിനോട് യോജിക്കാൻ നിവർത്തിയില്ല.

ശ്രീ. പി. കെ. ശ്രീനിവാസൻ: കർണ്ണാടകത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു എം. എൽ. എ. പിന്നീട് മന്ത്രിയായി. ആ മന്ത്രി നിവേദനത്തിന് ചെന്ന ഒരു പെൺകുട്ടിയെ ആക്ഷേപിച്ചു. (എം. പി. ഏത് കക്ഷിയിൽപ്പെട്ട ആളാണെന്ന് ഞാൻ പറയുന്നില്ല.) ആ എം. പി. ഉന്നതനായ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ഭാര്യയെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു. ആ സ്ത്രീ ആത്മഹത്യ ചെയ്തു. അതുകൊണ്ട് സകല എം. എൽ. എ.-മാരും എം. പി.-മാരും ആ കൂട്ടത്തിൽ പെട്ടവരാണെന്ന് ആരെങ്കിലും കരുതുമോ?

ശ്രീ. കെ. കെ. ശ്രീനിവാസൻ: ഞാൻ പറയാൻ പോകുന്ന വിഷയം അതല്ല. അംഗീകൃത ട്രെയ്ഡ് യൂണിയന്റെ സംസ്ഥാന നേതാക്കളിൽ ഒരാളുടെ മകനും അദ്ദേഹത്തിന്റെ പ്രസ്ഥാനം പ്രവർത്തിക്കുന്ന വ്യവസായിയുടെ മകനും ഊട്ടിയിൽ ഒന്നിച്ച് പഠിക്കുന്നു എന്നുമാത്രമല്ല, മാസം തോറും അവരുടെ ചെലവിനുള്ള പൈസ മുതലാളി രണ്ടുപേർക്കുംകൂടി അയയ്ക്കുന്നു എന്നുള്ള ആരോപണമാണ് വസ്തുനിഷ്ഠമായി പത്രത്തിൽ പറഞ്ഞിട്ടുള്ളത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സദുദ്ദേശത്തോടുകൂടിയാണ് പത്രം ആ സംരംഭത്തെ കൊണ്ടുവന്നത് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കൊള്ളരുതായ്മയും കാണിക്കുന്ന ആളുകളെ സംരക്ഷിക്കുന്ന പാരമ്പര്യം വച്ചുപുലർത്തുന്ന തൊഴിലാളി നേതാക്കളെ, ഈ രാജ്യത്ത് ലക്ഷക്കണക്കിനുള്ള തൊഴിലാളികൾ, അവരുടെ സംഘടനകൾ, അവരുടെ നേതാക്കൻമാർ എല്ലാം ത്യാഗപൂർണ്ണമായി പ്രവർത്തിച്ച്, ഈ രാജ്യത്ത്, ഇൻഡ്യയിൽ ഏററവും അഭിമാനത്തോടുകൂടി തലയുയർത്തിനിൽക്കാവുന്ന തരത്തിലുള്ള മഹത്തായ പ്രസ്ഥാനമായി തൊഴിലാളി പ്രസ്ഥാനത്തെ വളർത്തിയെടുത്തവരെ, കരിതേയ്ക്കുക എന്നുള്ളതാണ് അവരുടെ ഉദ്ദേശം എന്നുള്ളതുകൊണ്ട്—അത്തരം ആളുകളെ ഈ പ്രസ്ഥാനത്തിൽനിന്ന് തൂത്തുകളയേണ്ടതാണ് എന്നുള്ള കാര്യത്തിൽ അഭിപ്രായ വ്യത്യാസമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട പുനലൂർമെമ്പർ ശ്രീ. പി. കെ. ശ്രീനിവാസൻ ചോദിച്ച ചോദ്യം ഇവിടെ എല്ലാപേർക്കും അറിയാവുന്നതാണ്. ക്രിമിനൽ കേസുകളിൽ പിടിക്കപ്പെട്ട ചില ആളുകൾ രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികളായി, എം. പി -മാരായി ഇപ്പോഴും ഉണ്ടെന്നുള്ളത് പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്ന കാര്യമാണ്. അതിനെക്കുറിച്ച് പ്രത്യേകിച്ച് ഒന്നും പറയേണ്ട കാര്യമില്ല.

ശൂന്യതയിൽനിന്ന് രാഷ്ട്രീയ ജീവിതമാരംഭിച്ച് ഇന്ന് സൗഭാഗ്യത്തിന്റെ കൊടുമുടിയിൽ ജീവിക്കുന്ന നേതാക്കൻമാരെക്കുറിച്ച് നമുക്ക് അറിയില്ലാതെയല്ല. അത്തരം ആളുകൾ ആരെല്ലൊക്കെയാണെന്ന് എനിക്കും ആറൻമുള എം. എൽ എ. ശ്രീ. കെ. കെ. ശ്രീനിവാസനുമൊക്കെ അറിയാം. നമ്മൾ എത്രയോ വർഷങ്ങളായി അടുത്തിടപഴകുന്ന ആളുകളാണ്. ഏതായാലും ശരി, അത്തരം കാര്യങ്ങളിൽ രാഷ്ട്രീയ പ്രസ്ഥാനത്തെ, തൊഴിലാളി പ്രസ്ഥാനത്തെ, സംഘടിത പ്രസ്ഥാനത്തെ, അപമാനിക്കുക, കരിതേക്കുക എന്നിട്ട് അവരുടെ ചൂഷണവും കൊള്ളയും മറച്ചുവയ്ക്കുക അതിനുതകുന്ന സർവേയോട് യോജിക്കാൻ നിർവാഹമില്ല. നിഷ്പക്ഷത നടിക്കുക, എന്നിട്ട് ചൂഷിത വർഗത്തിന് സംരക്ഷണം നൽകുക അതാണ് അതിന്റെ ഉദ്ദേശം. അതുകൊണ്ടാണ് അതിനെ എതിർക്കുന്നത്.

ഈ രാജ്യത്ത് നിഷ്പക്ഷത എന്നൊന്നില്ലായെന്നതിനോട് ഒരുകാലത്ത് ശ്രീ. കെ. കെ. ശ്രീനിവാസൻ യോജിച്ചിരുന്നതാണ്. ഇപ്പോൾ അദ്ദേഹത്തിന് അത് ബോദ്ധ്യപ്പെടുമെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. പി. ആർ. ശിവൻ: ഏത് കാലത്താണ്?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: തൊഴിലാളി പ്രസ്ഥാനം മഹത്തരമാണെന്ന് പറഞ്ഞ് ശ്രീ. കെ. കെ. ശ്രീനിവാസനും ഞാനും ഒന്നിച്ച് നടന്ന ഒരു കാലഘട്ടമുണ്ടായിരുന്നു, അന്ന് ഇപ്പോൾ അദ്ദേഹം ആ കാലഘട്ടം ഉപേക്ഷിച്ചിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുകയില്ല. ഏതായാലും ശരി...............

ശ്രീ. കെ. ശ്രീധരൻ: ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ട്രെയിഡ് യൂണിയൻ പ്രസ്ഥാനത്തെ സംബന്ധിച്ച് ഒരു പത്രം നടത്തിയ സർവേയെ പരാമർശിച്ചു. ആ പത്രം കേരള സംസ്ഥാനത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന് നേരെ കണ്ഠം കോടാലിയായി പ്രവർത്തിച്ച പത്രമാണെന്നും ആ പത്രം നടത്തുന്ന സർവേ ചെകുത്താൻ ദൈവത്തെക്കുറിച്ച് സർവേ നടത്തുന്ന രീതിയിലായിരിക്കുമെന്നും വിശ്വസിക്കുന്നുണ്ടോ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ബഹുമാനപ്പെട്ട ശ്രീധരന് പ്രസംഗമുണ്ടെങ്കിൽ അപ്പോൾ ഉന്നയിക്കാവുന്നതാണിത്. ഈ പറഞ്ഞ കാര്യങ്ങളെല്ലാം അവനവന്റെ വിശ്വാസങ്ങളായിട്ട് വച്ചു പുലർത്തുന്നവയാണ് അക്കാര്യത്തിൽ എന്റെ അഭിപ്രായത്തിന് വലിയ വിലയൊന്നുമില്ല. ഞാൻ ആ കാര്യത്തിൽ ഒരു വിദഗ്ധനുമല്ല. ഏതായാലും ശരി കാര്യങ്ങൾ വളരെ വ്യക്തമാണ്. ഇത്തരം അനവധി പ്രചരണങ്ങളെ അതിജീവിച്ച് കരുപിടിച്ച് വളർന്നുവന്നിട്ടുള്ള ഒരു പ്രസ്ഥാനമാണിത്. ഇതിന്റെയൊക്കെ ഫലം ജനങ്ങൾ കണ്ടറിഞ്ഞ് പോവുകയാണ്.

എന്റെ അഭിപ്രായത്തിൽ ഈ നിയമം വാസ്തവത്തിൽ പൂർണ്ണമാകണമെങ്കിൽ ഈ രാജ്യത്ത് ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്ന തത്വം പൂർണ്ണമായി നടപ്പിലാക്കണം. ഈ രാഷ്ട്രീയ അതിപ്രസരം, ട്രെയിഡ്

LIBRARY ARCHIVES Kerala Legislative Assembly

യൂണിയൻ രംഗത്ത് ആപത്ത് ഉണ്ടാകുന്ന ഈ പ്രചാരവേല ശരിയാണെങ്കിൽ, ഈ രാജ്യത്ത് ഒരു വ്യവസായത്തിന് ഒരു യൂണിയൻ ഉണ്ടായാൽ എന്താണ് തകരാറ്? യൂണിയനിൽ രാഷ്ട്രീയ പ്രസ്ഥാനം വേണ്ട. യൂണിയന്റെ പ്രശ്നം വരുമ്പോഴും, തൊഴിലാളികളുടെ മൊത്തത്തിലുള്ള താൽപര്യം വരുമ്പോഴും, ഒന്നിച്ച് ഒരു യൂണിയൻ, ഒന്നുകിൽ ശ്രീ. കെ. കെ. ശ്രീനിവാസൻ അതിന്റെ പ്രസിഡന്റ് ആകാം, ഞാൻ അതിന്റെ സെക്രട്ടറിയാകാം. അല്ലെങ്കിൽ ജോയിന്റ് സെക്രട്ടറിയാകാം. എന്നിട്ട് നമുക്കൊന്നിച്ച് ആ യൂണിയനിൽ പ്രവർത്തിക്കാം. ഗേററിന് പുറത്തിറങ്ങുമ്പോഴാം ഞാൻ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ കൊടി പിടിക്കും. ശ്രീ. കെ. കെ. ശ്രീനിവാസൻ ഇന്ദിരാ കോൺഗ്രസിന്റെ കൊടി പിടിക്കും. അതിൽ അപാകതയൊന്നുമില്ല. അത്തരത്തിലുള്ള ഒരു വിശാല വീക്ഷണത്തിന് അത്തരത്തിലുള്ള ഉയർന്ന ബോധം വരാൻ നമ്മഠം തയ്യാറുണ്ടോയെന്നുള്ളതാണ് പ്രശ്നം. രാഷ്ട്രീയമായി തൊഴിലാളികളെ ആയുധമാക്കുന്ന, ഉപകരണമാക്കുന്ന ഇന്നത്തെ പ്രചാരവേല നടത്തുന്നതിൽ വല്ല അർത്ഥവുമുണ്ടോ? തീർച്ചയായും പരിമിതമായ വ്യവസ്ഥ മുന്നോട്ടുവച്ചുകൊണ്ടുള്ള ഈ നിയമം നമ്മുടെ രാജ്യത്ത് കൊണ്ടുവന്നത് നല്ലകാര്യമാണ്. ഇന്ന് നമുക്കറിയാം പല ട്രെയിഡ് യൂണിയനുകളുടേയും അവസ്ഥ. ഏഴ് പേരെ ചേർത്ത് ഒരു ട്രെയിഡ് യൂണിയൻ ഉണ്ടാക്കി, ആയിരവും രണ്ടായിരവും തൊഴിലാളികഠം പണിയെടുക്കുന്ന സ്ഥലത്ത്, മാനേജ്മെന്റിന്റെ സംരക്ഷണയിൽ വളർന്നുവരുന്ന എത്രയോ യൂണിയനുകളുണ്ട്. അവർക്ക് പ്രതിമാസം കോഴകൊടുക്കുന്ന എത്രയോ യൂണിയനുകളുണ്ട്. ആഫീസ് ഇല്ല, ബോർഡ് ഇല്ല, ലറ്റർപാഡില്ല. ഏഴുപേരെ ചേർത്ത് രജിസ്ററർ ചെയ്ത് യൂണിയന്റെ കടലാസും പോക്കററിൽ ഇട്ടുകൊണ്ട് വൻകിട മുതലാളിമാരുടെ കൈയിൽനിന്ന് പ്രതിമാസം 10,000–വും മറ്റും വാങ്ങി സാമ്പത്തികമായി ഉയർന്നുവരുന്ന ആളുകഠം നമ്മുടെ രാജ്യത്തുണ്ട്. അവർ ആരെല്ലാമാണെന്ന് എന്നോടു ചോദിക്കരുത്. അങ്ങനെ ചോദിച്ചാൽ പറയാൻ ഞാൻ നിർബന്ധിതനാകും.

ഏതായാലും ഇത്തരം കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഈ നിയമസഭയിൽ അംഗമായതിനു ശേഷം എന്റെ രാഷ്ട്രീയ ജീവിതത്തിൽ കഴിഞ്ഞ പത്ത് മുപ്പത്തിയഞ്ച് കൊല്ലത്തിനിടയ്ക്ക് ഇത്രമാത്രം തൊഴിലാളി വർഗ്ഗത്തിനെതിരെ കടന്നാക്രമണങ്ങളും ആക്ഷേപങ്ങളും ചൊരിഞ്ഞിട്ടുള്ള രാഷ്ട്രീയ കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അതിൽ പല ആളുകളും പങ്കാളികളാകാറുണ്ട്. എന്താണ് തൊഴിലാളികളും സംഘടിത ജനവിഭാഗങ്ങളും ചെയ്യുന്ന അപരാധമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ രാജ്യത്തെ പ്രമാണികളായ ആളുകഠം തങ്ങളുടെ ജീവിത സൗകര്യം വർദ്ധിപ്പിക്കാൻ വേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ സ്വന്തം തൊഴിലുപേക്ഷിച്ച്, സ്വന്തം ആരോഗ്യം ഉപേക്ഷിച്ച്, സ്വന്തം ജീവൻ ഉപേക്ഷിച്ച്, സ്വന്തം കിടപ്പാടം ഉപേക്ഷിച്ച്, സ്വാതന്ത്ര്യത്തിനു വേണ്ടി പടപൊരുതിയതിന്റെ, അവകാശങ്ങഠക്കു വേണ്ടി പടപൊരുതിയതിന്റെ നേട്ടം, അതിന്റെ ഗുണഫലം കൊയ്തെടുക്കാൻ വന്ന കുറെ ആളുകഠംക്ക് ട്രേഡ് യൂണിയൻ പ്രസ്ഥാനം പുച്ഛമാണ്, അത് സ്വാഭാവികമാണ്. കാരണം അവർ അന്ന് ഒരു തുള്ളി വിയർപ്പുപോലും അതിനുവേണ്ടി പൊടിഞ്ഞിട്ടുണ്ടായിരിക്കുകയില്ല. ഒരു ദിവസംപോലും ത്യാഗം സഹിച്ചിരിക്കുകയില്ല. കാരണം അവർ കണ്ണു തുറന്നു നോക്കിയപ്പോഠം കാണുന്നത് ഈ സൗഭാഗ്യങ്ങളാണ്. ഈ സൗഭാഗ്യങ്ങഠം എങ്ങനെയോ എവിടന്നോ വീണു കിട്ടിയതാണെന്ന സങ്കൽപ്പമാണ് അവർക്കുള്ളത്,

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് തന്നെ അവർ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ എതിർക്കും. എവിടെ തൊഴിലാളികൾ ആവശ്യമുന്നയിച്ചാലും ഉടൻ അതെല്ലാം അനാവശ്യമാണ്, അതെല്ലാം അഹങ്കാരമാണ്, ദേശദ്രോഹമാണെന്ന് വരുത്തിത്തീർക്കാനുള്ള ഗൂഢമായ പരിശ്രമം സംഘടിതമായ പ്രചാരവേല നടക്കുന്നു. ഈ സംഘടിത പ്രചാരവേലയ്ക്ക് വിരാമമിടുന്നതിന് ഇത്തരം നിയമനിർമ്മാണം ആവശ്യമാണ്. നമ്മുടെ ഒരു വ്യവസായത്തിൽ ഒരു യൂണിയൻ മതി എന്നാണ് എന്റെ അഭിപ്രായം. ഏറ്റവും വലിയ തൊഴിലാളി വിരുദ്ധരായ ആളുകളും മാർക്സിസ്റ്റ് വിരോധികളും, മാർക്സിസ്റ്റുകാരും ഒന്നിച്ച് ഒരു യൂണിയനിൽ പ്രവർത്തിക്കാൻ കഴിയണം. ഒരു ഫാക്ടറിക്കുള്ളിലെ തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഒരു യൂണിയൻ എന്നുള്ള രീതിയിൽ ആക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയാത്തതിൽ എനിക്ക് ദുഃഖമുണ്ട്. കാരണം അങ്ങേപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ വിശേഷിച്ച് കേന്ദ്രഗവൺമെന്റ് ഉൾപ്പെടെ ഈ കാര്യത്തിൽ പൊതുവായ ഒരു ധാരണയിലെത്തി ഇൻഡ്യാ രാജ്യത്ത് പുതിയ ചരിത്രം തന്നെ സൃഷ്ടിക്കാൻ കഴിയുമെങ്കിൽ അതിനെ സ്വാഗതം ചെയ്യാൻ എനിക്ക് സന്തോഷമുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: ഒരു വ്യവസായത്തിൽ ഒരു അംഗീകൃത യൂണിയൻ എന്നുള്ള കാര്യം മാർക്സിസ്റ്റു പാർട്ടിയുടെ അഭിപ്രായമായിട്ടെടുക്കാമോ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അംഗീകൃത യൂണിയൻ എന്നു മാത്രമല്ല ഒരേ ഒരു യൂണിയൻ. മറ്റൊന്നും പാടില്ല. അംഗീകൃതവും അംഗീകൃതമല്ലാത്തതും പാടില്ല. ഒരു വ്യവസായത്തിൽ ഒരേ ഒരു യൂണിയൻ. ആ യൂണിയനിൽ വിവിധ രാഷ്ട്രീയ അഭിപ്രായക്കാരെ പങ്കാളികളാക്കാം. ഇതിനകത്തുവച്ച് ട്രേഡ് യൂണിയൻ താൽപ്പര്യം സംരക്ഷിക്കാം. പുറത്തേക്കിറങ്ങിയാൽ അവരവരുടെ രാഷ്ട്രീയ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പോകാം. പി. ജെ. ജോസഫിനെപ്പോലുള്ള ആളുകൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടികൾ ഒന്ന് വായിച്ചു നോക്കണം. ആ പരിപാടിയിൽ വളരെ വ്യക്തമായി എഴുതി വച്ചിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: മഹാരാഷ്ട്രയിൽ ഒരു ട്രേഡ് യൂണിയൻ നിയമമുണ്ട്. ഒരു ഇൻഡസ്ട്രിയൽ മെജാറിട്ടി അനുസരിച്ച് ഒരു അംഗീകൃത യൂണിയൻ. ബാക്കി യൂണിയനുകളൊക്കെയുണ്ട്. അംഗീകൃത യൂണിയൻ ഒന്നേയുള്ളു. ഇങ്ങനെ മെജാറിട്ടി യൂണിയൻ എന്നുള്ള നയം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ പരിപാടികളിൽ അംഗീകരിച്ചിട്ടുള്ള കാര്യമാണ് ഞാൻ നേരത്തെ പറഞ്ഞത്. മററത് ഇതുപോലുള്ള കാര്യങ്ങൾ എന്തെല്ലാമാകാം. മഹാരാഷ്ട്രയിലേതു വേണമോ ഇവിടത്തേതു വേണമോ....

ശ്രീ. വൈക്കം വിശ്വൻ: മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിച്ചിട്ടുള്ളത് ഒരു വ്യവസായത്തിൽ ആനുപാതിക പ്രാതിനിധ്യത്തോടുകൂടി തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ ഉൾക്കൊള്ളുന്ന യൂണിയൻ എന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അതാണ് പാർട്ടി വ്യക്തമാക്കിയിട്ടുള്ളത്.

ശ്രീ. കെ. കെ. ശ്രീനിവാസൻ: ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്നുള്ള ഫോർമുല വർഷങ്ങൾക്കുമുമ്പ് സഖാവ് റ്റി. വി. ശ്രീകണ്ഠൻ ഫാർമുല എന്നറിയപ്പെടുന്ന ഒന്ന് ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. ഇത്രയും കാലമായിട്ട് ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പല ആവർത്തി ഈ സംസ്ഥാനം ഭരിക്കാൻ സാഹചര്യമുണ്ടായിരുന്നിട്ടുകൂടി ഈ ഫോർമുല ഉപയോഗിക്കാൻ എന്തായിരുന്നു വൈഷമ്യം?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം മാത്രമല്ല ഈ രാജ്യത്തുള്ളത് എന്നതാണ് ഇതിന് പ്രധാന തടസ്സം. ശ്രീ. കെ. കെ. ശ്രീനിവാസനും അതുപോലുള്ള ആളുകളും കൂടി ഉൾപ്പെടുന്ന ഒരു വലിയ വിഭാഗം ഈ രാജ്യത്തുള്ളതുകൊണ്ട് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ ധാരണകൾ മാത്രം ഈ രാജ്യത്ത് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ട് എന്നതാണ് ഇത് നടപ്പിലാക്കാൻ കഴിയാതെ പോയത് എന്നാണ് എന്റെ എളിയ അഭിപ്രായം. ഏതായാലും കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇതൊരു സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വിട്ട് കൂടുതൽ വിശദമായ ചർച്ച നടത്തി അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. കെ. ശ്രീനിവാസൻ: ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. തൊഴിലാളികളെ സംബന്ധിച്ച് വളരെ പുരോഗമനപരമായ ഒരു ബില്ല് ആയതുകൊണ്ട് കഴിയുന്നത്ര ഇത് മലയാളത്തിലായിരുന്നെങ്കിൽ ഏറെ നന്നായിരുന്നു എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ഒരു പ്രത്യേക സാഹചര്യത്തിലാണ് ഈ ബില്ല് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. തൊഴിലാളികളുടെ അവകാശങ്ങളെയും തൊഴിലാളികളുടെ സമരങ്ങളെയും ഒക്കെ അടിച്ചമർത്തുന്നതിനുവേണ്ടി കേന്ദ്രത്തിൽ ഒരു നിയമം ഒരു ഓർഡിനൻസു വഴി കൊണ്ടുവന്ന സാഹചര്യത്തിലാണ് തൊഴിലാളി പ്രസ്ഥാനങ്ങൾക്കും തൊഴിലാളികൾക്കും കൂടുതൽ അവകാശം നൽകുന്ന ഒരു നിയമം ഇവിടെ കൊണ്ടുവന്നത്. അതുകൊണ്ട് അതിന് പ്രത്യേകമായ പ്രാധാന്യവുമുണ്ട്. ഇൻഡ്യയിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ, അവരുടെ അവകാശ സമ്പാദന ചരിത്രത്തിൽ ഏററവും സുപ്രധാനമായ ഒരു നാഴികക്കല്ലാണ് ഈ നിയമം പാസ്സാക്കുന്നതു വഴി ഉണ്ടാകുന്നത് എന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇവിടെ പല സുഹൃത്തുക്കളും പറഞ്ഞ കൂട്ടത്തിൽ തൊഴിലാളി പ്രസ്ഥാനത്തെയൊക്കെ വളരെ ആക്ഷേപിച്ച് പറയുന്നത് കേട്ടു. തൊഴിലാളി പ്രസ്ഥാനത്തിൽ അനാരോഗ്യകരമായ പ്രവണതകൾ ധാരാളമുണ്ട്. തൊഴിലാളി പ്രസ്ഥാനത്തിന് വച്ചു പൊറുപ്പിക്കാൻ വയ്യാത്ത പല പ്രവണതകളും വളർന്നു വരുന്നുണ്ട്. അതൊക്കെ ശരിയാണ്. എന്നാലും അതിനപ്പുറത്ത് ചില കാര്യങ്ങൾ ഉണ്ടെന്ന് അവർ മറന്നു പോയത് ഖേദകരമാണ്. ബഹുമാന്യനായ ജോർജ്ജ് തൊഴിലാളികളും മുതലാളിമാരും ഒന്നിച്ചു പോയതാണ് അദ്ദേഹത്തിന്റെ സങ്കൽപ്പത്തിലുള്ള ഒരു കാര്യമെന്നു പറഞ്ഞു. ഇതൊക്കെ യാഥാർത്ഥ്യവുമായി യാതൊരു പൊരുത്തവുമില്ല. തൊഴിലാളികൾ സംഘടിച്ച് സമരം നടത്തി അവന്റെ ചോരയും നീരും ഒഴുക്കിയതിനു ശേഷമാണ് അവകാശങ്ങളൊക്കെ സമ്പാദിച്ചിട്ടുള്ളത്. അല്ലാതെ മുതലാളിമാർ കനിഞ്ഞ് മുതലാളിക്ക്

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യം തോന്നി മുതലാളിക്ക് കൃപ ഉണ്ടായി ഒരു തൊഴിലാളിക്കും ഒരു അവകാശവും എവിടെയും കൊടുത്തിട്ടില്ല. ലോകചരിത്രത്തിൽ അവർ നല്ലതുപോലെ അദ്ധ്വാനിച്ച് വിയർപ്പ് ഒഴുക്കി രക്തം ചിന്തി അവകാശങ്ങൾ നേടിയതിന്റെ ചരിത്രമേ ഉള്ളൂ. ഇവിടെ അതുകൊണ്ട് അനാവശ്യമായ കൂടുതൽ തൊഴിലാളി സംഘടനകൾ ഉണ്ടാകുക, വ്യവസായ സമാധാനം തകർക്കുക, ഒരു വ്യവസായത്തിൽ തന്നെ ധാരാളം യൂണിയനുകൾ ഉണ്ടാവുക എന്നീ പ്രവണതകളൊന്നും ശരിയല്ല. ഒരു വ്യവസായത്തിൽ ഒരു യൂണിയൻ തന്നെ ഉണ്ടാകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ധാരാളം തടസ്സങ്ങൾ അതിലുണ്ട്. ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്ന തത്വം, എന്ന് പ്രായോഗികമാകുന്നോ അന്നു മാത്രമേ വ്യവസായ സമാധാനം നിലനിറുത്താനൊക്കൂ, തൊഴിലാളികളുടെ അവകാശങ്ങളും ആവശ്യങ്ങളും നേടിയെടുക്കാനൊക്കൂ. അതിന് മുന്നോട്ട് പോയി നടപ്പിലാക്കാവുന്ന കാര്യമാണ്, അതിന്റെ ആദ്യത്തെ ഒരു ചവിട്ടുപടിയാണ്, അതിന്റെ അപ്പുറത്തേക്ക് ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്ന നിലയിലേക്ക് നാം ചെന്നെത്തുന്നതിന്റെ ആദ്യപടിയാണ് ഈ നിയമം എന്ന് ഞാൻ കരുതുന്നു. സ്വയം വിമർശനപരമായി പരിശോധിച്ചാൽ ഈ യൂണിയനുകളെയൊക്കെ ഇങ്ങനെ ഭിന്നിപ്പിച്ചതിന്റെ ഉത്തരവാദിത്വം ഇൻഡ്യയിലാകെ ഒരു തൊഴിലാളി പ്രസ്ഥാനം ഉണ്ടായത് അത് ഭിന്നിപ്പിച്ചതിന്റെ ഉത്തരവാദിത്വം ശ്രീ. കെ. കെ. ശ്രീനിവാസന്റെ പാർട്ടിക്കാണ്. തൊഴിലാളികളെ രാഷ്ട്രീയമായി ഭിന്നിപ്പിച്ചതിന്റെ ഉത്തരവാദിത്വം കെ. കെ. ശ്രീനിവാസൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയപാർട്ടിക്കാണ്. അവരുടെ വർഗ്ഗതാൽപ്പര്യം നിലനിറുത്തുന്നതിനുവേണ്ടി തൊഴിലാളികളെ ഭിന്നിപ്പിച്ച് പിന്നെ സ്വയം വിമർശനപരമായി പരിശോധിച്ചാൽ ഞങ്ങൾക്കെല്ലാം തെറ്റുണ്ടെന്ന് സമ്മതിക്കുന്നു. പക്ഷെ അതിന്റെ ഫലം അനുഭവിക്കുന്നത് തൊഴിലാളികൾ തന്നെയാണ്. ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. ഇന്ന് തൊഴിലാളികൾ വ്യവസായത്തിൽ ഒരു യൂണിയൻ എന്നത് വിട്ട് പലരുടേയും ആക്ഷേപങ്ങൾക്ക് ശരവ്യമാകത്തക്ക വണ്ണം പെരുമാറുന്നു ജാതിയുടെ പേരിൽ എന്ന് ശ്രീ. കുറുപ്പ് പറഞ്ഞത് ശരിയാണ്. എൻ. ഡി. പി. യുടെ പേരിൽ സംഘടനയുണ്ട്. എല്ലാ ജാതികളുടേയും അടിസ്ഥാനത്തിൽ സംഘടന ഉണ്ടായിരിക്കുന്നു. പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ സംഘടന ഉണ്ടാക്കുന്നു. കാട്ടിലൊക്കെ തടി ചുമക്കുന്ന തൊഴിലാളികളാണെങ്കിൽ അതിലൊക്കെ വിശേഷമായിരിക്കുന്നു. തൊഴിലാളി പ്രസ്ഥാനത്തിന്റെ പേരിൽ എന്തോ ഒക്കെ നടക്കുന്നു. അംഗീകൃത തൊഴിലാളി സംഘടനകൾ എന്ന് പറഞ്ഞ് രജിസ്റ്റർ ചെയ്യുന്നു. 10 പേർ ചേർന്ന് അവർ സ്വയം തീരുമാനങ്ങളെടുക്കുന്നു. ചില പ്രദേശത്തുകാർ പറയുന്നു ഇനി ആ പ്രദേശത്ത് തടി ചുമക്കാൻ വരേണ്ട ഇങ്ങനെ പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ, ജാതിയുടെ അടിസ്ഥാനത്തിൽ ഒക്കെ യൂണിയനുകളുടെ രജിസ്ട്രേഷൻ നടക്കുന്നു. ഒന്നും വേണ്ട ഞങ്ങളാണ് ഇവിടെ തൊഴിൽ ചെയ്യാൻ ബാദ്ധ്യസ്ഥർ അല്ലെങ്കിൽ ഇന്ന വിഭാഗക്കാരാണ് അവിടെ തൊഴിൽ ചെയ്യാൻ അർഹരായിട്ടുള്ളവർ, അതല്ലെങ്കിൽ ഞങ്ങൾ കുറച്ചാളുകളാണ് പണ്ടേ ചെയ്യുന്നവർ എന്നതിന്റെയൊക്കെ പേരിൽ അനാരോഗ്യകരമായി തൊഴിലാളി പ്രസ്ഥാനത്തിന്റെയും തൊഴിലാളി സംഘടനയുടേയും മേൽ കരി തേയ്ക്കാൻ വ്രതമെടുത്തിട്ടുള്ള ചില ആളുകൾക്ക് ആയുധം കൊടുക്കുന്ന ചില കാര്യങ്ങൾ കൂടി തൊഴിലാളികൾ ചെയ്യുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. എന്നാലും അതിന്റെയൊക്കെ ഉള്ളിൽ നിന്നുകൊണ്ട് ഈ നിയമത്തെ സംബന്ധിച്ച് പരിശോധിക്കുന്ന അവസരത്തിൽ വളരെ പ്രധാനപ്പെട്ട ചില തീരുമാനങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിലൊന്നാണ് ബാലററ്വഴി തെരഞ്ഞെടുക്കാനുള്ള അവകാശം.
1 p.m.] ഇവിടെ ബഹുമാനപ്പെട്ട ശ്രീ. പി. ജെ. ജോസഫ് മാവേലിക്കര മെമ്പറോട് ഒരു ചോദ്യം ചോദിച്ചതുകേട്ടു. മഹാരാഷ്ട്രയിലും ഗുജറാത്തിലും ഒക്കെ ഭൂരിപക്ഷം യൂണിയനുകൾക്ക് അതത് വ്യവസായ സ്ഥാപനങ്ങളിൽ കൂടിയാലോചന നടത്തി തീരുമാനമെടുക്കു ന്നതിന് മുൻഗണന കൊടുക്കണം. എങ്ങനെയാണ് ഭൂരിപക്ഷ യൂണിയനുകളെ തെരഞ്ഞെടുക്കുന്നതെന്ന കാര്യം ശ്രീ. ജോസഫിന് അറിയാമോ? തൊഴിലാളി തെരഞ്ഞെടുക്കുന്ന ആളുകളല്ല, ലേബർ ഡിപ്പാർട്ട്മെൻറ് തെരഞ്ഞെടുക്കും, ഏതാണ് വലിയ യൂണിയൻ. ഏത് യൂണിയനാണ് പ്രാതിനിധ്യം കൊടുക്കേണ്ടതെന്ന് തീരുമാനിക്കുന്നത് തൊഴിലാളികളല്ല. തൊഴിലാളികളെ കൊണ്ട് ഹിതപരിശോധന നടത്തുന്നില്ല. തൊഴിലാളിയുടെ ബാലററിൽകൂടി ആരാണ് അവരുടെ പ്രതിനിധി എന്ന് അവർ തെരഞ്ഞെടുക്കുന്നില്ല. അത് നിശ്ചയിക്കുന്നത് ലേബർ ഡിപ്പാർട്ടുമെൻറാണ്. ലേബർ ഡിപ്പാർട്ടുമെൻറിൻെറ കൈയ്യും കാലും ബന്ധിച്ചിരിക്കുകയാണ്. ഗവൺമെൻറ് പറയും ഇന്ന യൂണിയന് അംഗീകാരം കൊടുക്കണം. നിങ്ങൾക്ക് അറിയാമോ? 10 ശതമാനം പ്രാതിനിധ്യം ഇല്ലാത്ത തൊഴിലാളി യൂണിയനുകൾക്ക് ആണ് സംസാരിക്കാനുള്ള അവകാശം കൊടുത്തിരിക്കുന്നത്. അംഗീകൃത യൂണിയനാണ്. ലക്ഷക്കണക്കിന് അവർക്ക് സമ്പാദ്യമുണ്ട്. ശമ്പളം കൊടുക്കുന്നത് മുതലാളിമാരാണ്. ബഹുമാനപ്പെട്ട ശ്രീനിവാസൻ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒരു യൂണിയന് തെററ് പററിയില്ലെന്നും, ഈ തൊഴിലാളി പ്രസ്ഥാനത്തെ മോശമായി ഉപയോഗിക്കുന്നു എന്നൊന്നും ഞാൻ പറയുന്നില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: കേരളത്തിൽ ട്രാൻസ്പോർട്ടിലും ഇലക്ട്രിസിററിയിലും അംഗസംഖ്യ ഇല്ലാത്ത ആളുകൾക്ക് അംഗീകാരം കൊടുത്തു എന്ന് കേൾക്കുന്നത് ശരിയാണോ?

ശ്രീ. പി. കെ. ശ്രീനിവാസൻ: ഞാൻ എല്ലാത്തിനേയും ഉദ്ദേശിച്ച് പറഞ്ഞതാണ്. ഒന്നിനെയും മാററി നിറുത്തി പറഞ്ഞതല്ല. പ്രാതിനിധ്യം അനുസരിച്ച് അവകാശങ്ങൾ കൊടുക്കണമെന്ന് അഭിപ്രായമുണ്ട്. ഞാൻ പറഞ്ഞുവന്നത് അതല്ല. അങ്ങനെ അനർഹമായി പ്രാതിനിധ്യം കിട്ടിയതിൻെറ പേരിൽ ലക്ഷക്കണക്കിന് തൊഴിലാളികൾക്കുവേണ്ടി സംസാരിക്കാൻ, തൊഴിലാളികൾക്കുവേണ്ടി ഒത്തുതീർപ്പുണ്ടാക്കാൻ, മുതലാളിമാർക്കുവേണ്ടി മാനേജ്മെൻറ് യൂണിയനുകളുണ്ട് ബോംബെയിലും, മഹാരാഷ്ട്രയിലും, ഗുജറാത്തിലും. ശ്രീ. കെ. കെ. ശ്രീനിവാസൻ പറഞ്ഞ തരത്തിലുള്ള വലിയ ലക്ഷാധിപൻമാർ വിദേശങ്ങളിൽ കുഞ്ഞുങ്ങളെ പറഞ്ഞയച്ച് പഠിപ്പിക്കുന്നവരും മുതലാളിമാരോടൊപ്പം ജീവിത സുഖത്തിൽ മൽസരിക്കുന്നവരൊക്കെ അവരാണ്. അപ്പുറത്ത് ആരും ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഒററപ്പെട്ട അവർക്ക് ഈ പ്രസ്ഥാനത്തിൽ അധികകാലം പിടിച്ചുനിൽക്കാൻ കഴിയുകയില്ല. അതിനെ പൊക്കിപ്പിടിച്ചുകൊണ്ട് പറഞ്ഞിട്ട് കാര്യമില്ല. പ്രാതിനിധ്യം എങ്ങനെ നിശ്ചയിക്കണമെന്നുള്ളതാണ്. ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ബാലററുവഴി തൊഴിലാളി പ്രതിനിധികളെ തെരഞ്ഞെടുക്കാനുള്ള അവകാശം ഇല്ലെന്നുള്ള വസ്തുത നിലനിൽക്കുന്ന അവസരത്തിൽ ഈ കൊച്ചു കേരള സംസ്ഥാനത്തിൽ തൊഴിലാളി നിശ്ചയിക്കുന്നവർ ബാലററുവഴി പ്രതിനിധിയാകുന്നു. അതാണ് പ്രധാന പ്രശ്നം. സർക്കാരിൻെറ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരിച്ച് ലേബർ ഡിപ്പാർട്ടുമെൻറ് നിശ്ചയിക്കുന്ന ആളുകളും യൂണിയനും അല്ല, തൊഴിലാളികൾ നിശ്ചയിക്കുന്നവരെ ആണ് ഇപ്പോൾ തെരഞ്ഞെടുക്കുന്നത്. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിന്റെ കാതലായ കാര്യം. അപ്പോൾ ഈ കൂടിയാലോചനകളെ സംബന്ധിച്ചിടത്തോളം ഇതിന് ചില വ്യവസ്ഥകൾ ഉണ്ട്. ഇപ്പോൾത്തന്നെ കൂടിയാലോചന നടത്തുന്നില്ലേ എന്ന ഒരു ചോദ്യം വരും. എന്നാൽ ഇഷ്ടമുണ്ടെങ്കിൽ കൂടിയാലോചന നടത്തിയാൽ മതി. അതു തന്നെ നല്ലതുപോലെ സമരംചെയ്ത്, പ്രക്ഷോഭണങ്ങൾ നടത്തി അവകാശങ്ങൾ പിടിച്ചുപററുന്നതുകൊണ്ടാണ്. വേതന വർദ്ധനവ് വരുത്താൻ ചിലയിടത്തെ മുതലാളിമാർ സമ്മതിച്ചുപോകുന്നത് അല്ലാതെ ഇഷ്ടം കൊണ്ടൊന്നുമല്ല; മുതലാളിമാരുടെ ഔദാര്യംകൊണ്ട് ഒന്നുമല്ല. നിയമപ്രകാരം മുതലാളി കൂടിയാലോചനയ്ക്ക് വരണമെന്ന് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ററിലും വേഗായിട്ട് വന്നിട്ടുണ്ട്. പക്ഷെ രണ്ടു മൂന്ന്, നാല്, പത്ത് കോൺഫറൻസുകൾ വിളിച്ചാലും സംബന്ധിക്കാത്ത മുതലാളിമാരുണ്ട്. ആ മുതലാളിമാർ നിശ്ചയമായും അംഗീകാരം കൊടുത്ത ഒരു ട്രേഡ് യൂണിയൻ പ്രതിനിധിയുമായി ഒരു പ്രശ്നത്തെ സംബന്ധിച്ച് സംസാരിക്കണമെന്ന് നിയമപരമായി വ്യവസ്ഥ ചെയ്യുന്നത് ഏററവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതേവരെ അതില്ല. ഇഷ്ടമുണ്ടെങ്കിൽ വന്നാൽമതി. അങ്ങനെ മുതലാളിമാർ കോൺഫറൻസിൽ വന്നില്ലെങ്കിൽ മുതലാളിമാരെ ശിക്ഷിക്കാൻ വല്ല നിയമവുമുണ്ടോ? ഇതിലുണ്ട്. ശ്രീനിവാസൻ അറിഞ്ഞിരിക്കണം. ആറുമാസം തടവ് അല്ലെങ്കിൽ 500 രൂപ പിഴ. ഇന്ത്യയിൽ തൊഴിലാളി പ്രസ്ഥാനത്തിന് ഏററവും വലിയ ഒരു നേട്ടം എന്നുള്ള നിലയിൽ ഉള്ള ഒരു വകുപ്പാണ്. മുതലാളിമാർ പലതും ചെയ്യുന്നില്ലേ, തൊഴിലാളികളെ തോൽപ്പിക്കാൻ. ഫാക്ടറി പരിസരത്ത് യൂണിയൻ നേതാവ് ചെന്നുകൂടാ; എസ്റേറററ്റിൽ കയറാൻ പാടില്ല. നിയമസമാധാനം ലംഘിക്കുന്നതിന്റെ പേരിൽ, തോട്ടത്തിന് നാശനഷ്ടം അല്ലെങ്കിൽ വ്യവസായത്തിന് നാശനഷ്ടം ഉണ്ടാകുന്നു എന്നുള്ളതിന്റെ പേരിൽ ഇന്ന യൂണിയന്റെ പ്രസിഡൻറ്, ഇന്ന യൂണിയന്റെ സെക്രട്ടറി ഞങ്ങളുടെ എസ്റേററ്റിന്റെ പരിസരത്ത് വരാൻ പാടില്ല; ഞങ്ങളുടെ വ്യവസായത്തിന് അടുത്തുവരാൻ പാടില്ല; എന്ന് പറഞ്ഞ് കോടതിയെ സമീപിച്ച് അങ്ങോട്ട് കയറാൻ പാടില്ലെന്ന് വിധി സമ്പാദിക്കുന്നു. കാശ് എടുക്കാനില്ലാത്ത യൂണിയൻ തൊട്ടതിനും പിടിച്ചതിനും കോടതിയെ സമീപിക്കാൻ കഴിവില്ലാത്ത യൂണിയന് ഉടനെ ഹൈക്കോടതിയിൽ പോകാൻ കഴിഞ്ഞു എന്ന് വരുകയില്ല. വന്നില്ലെങ്കിൽ യൂണിയൻ നേതാവ് അവിടെ ചെല്ലുമ്പോൾ പോലീസിന് അറസ്റ്റു ചെയ്യാം, സെക്രട്ടറി അവിടെ ചെല്ലുമ്പോൾ അറസ്ററുചെയ്യാം. ഈ നിയമം അനുസരിച്ച് അവിടെ കയറി മുതലാളിയായിട്ട് സംസാരിക്കാം. സംസാരിക്കാൻ നിയമപരമായി അവകാശം കൊടുത്തിരിക്കുന്നു. തൊഴിലാളികളുടെ പ്രശ്നം സംസാരിക്കാനായിട്ട് ആ തൊഴിലാളികളുടെ വർക്ക് സ്പോട്ടിൽ ചെല്ലാം; ജോലിക്ക് തടസ്സമുണ്ടാക്കാതെ.

പത്ത് നാൽപ്പത് വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിൽ ആദ്യമായി നാലു ശതമാനം ബോണസ് വാങ്ങിയ ആലപ്പുഴ പട്ടണത്തിലെ കയർ ഫാക്ടറി തൊഴിലാളികളുണ്ട്. തൊഴിലാളി സമരത്തിലും തൊഴിലാളി പ്രക്ഷോഭണത്തിലും ഐതിഹാസികമായ പാരമ്പര്യമുള്ള കേരള സംസ്ഥാനത്തിൽ പലതും നമ്മൾ നേടിയിരിക്കുന്നു. നേടിയത് ഉറപ്പിക്കണം. അതുകൊണ്ട് കാര്യങ്ങളെല്ലാം ശരിയായിരിക്കുന്നു, കൂടിയാലോചനകൾക്ക് പണ്ടേ ഇവിടെ സൗകര്യമില്ലേ? തൊഴിലാളികളെ കാണാൻ പണ്ടേ ഇവിടെ സൗകര്യമില്ലേയെന്ന് ചോദിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇപ്പോഴും അതിന് തടസ്സങ്ങൾ ഉണ്ടാക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്. അതിനൊരു ഉദാഹരണമാണ് ഞാൻ പറഞ്ഞത്. ഇന്നും വ്യവസായ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെമേൽ ചെല്ലാൻ നിയമപരമായി തടസ്സങ്ങൾ ഉണ്ടാകുന്നു. ഇന്നും യൂണിയൻ പ്രതിനിധികളെ എസ്റ്റേറ്റിന്റെ വാതുക്കൽ ചെന്നാൽ കയറാൻ പാടില്ലെന്നു ഹൈക്കോടതിയിൽ നിന്ന് വിധി സമ്പാദിക്കുന്നു. അങ്ങനെയുള്ളയിടത്ത് തൊഴിലാളികളുടെ ജനറൽബോഡി കൂടാം. തൊഴിലാളി പ്രശ്നം സംസാരിക്കാൻ അവിടെ ചെല്ലാം. നിർബന്ധമായി തൊഴിലാളി യൂണിയനുമായി സംസാരിക്കണം. സംസാരിച്ചില്ലെങ്കിൽ മുതലാളിക്ക് കുററം. ഇതൊക്കെ സാധാരണ ഗതിയിൽ സംസാരിക്കുമ്പോൾ വലിയ കാര്യമൊന്നുമല്ല. സ്ററാൻഡിംഗ് ഓർഡറിൽ അങ്ങനെ ചില നിർദ്ദേശങ്ങൾ, നിയമത്തിൽ അതിനൊക്കെ സ്വീകരിച്ചില്ലേ; കീഴ്വഴക്കത്തിൽനിന്ന് അതിനൊക്കെ സ്വീകരിച്ചില്ലേ, എന്നൊക്കെ ചോദിക്കുമായിരിക്കാം. പക്ഷേ നിയമപരമായി ഒരു മുതലാളി ഇന്നതൊക്കെ ചെയ്തിരിക്കണം, അതിനൊക്കെ ബാദ്ധ്യസ്ഥനാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന ഒരു നിയമം എന്നുള്ള നിലയിലാണ് ഇതിനെ സ്വാഗതം ചെയ്യുന്നത്. ഇവിടെ യൂണിയൻ പ്രതിനിധികൾക്ക് അംഗീകാരം കൊടുക്കുന്ന കൂട്ടത്തിൽ വ്യവസായ സ്ഥാപനങ്ങളിലെല്ലാം കൂടിയാലോചനകൾക്ക് ചെല്ലുന്ന തൊഴിലാളികൾക്ക് അന്നത്തെ ജോലി ഇളവ് അനുവദിക്കുകയും ശമ്പളം കൊടുക്കുകയും ചെയ്യണം. പ്രാതിനിധ്യ സ്വഭാവമനുസരിച്ച് അഞ്ച് പ്രതിനിധികളെവരെ കോൺഫറൻസിൽ പങ്കെടുപ്പിക്കാം. ആ അഞ്ചു തൊഴിലാളികൾക്കുവരെ മാനേജുമെൻറ് ശമ്പളം കൊടുക്കാൻ ബാദ്ധ്യസ്ഥവുമാണ്. കേൾക്കുമ്പോൾ അതും മററും വളരെ നിസ്സാരം. പക്ഷേ അതിന് നിയമപരമായി വ്യവസ്ഥ ചെയ്തിരിക്കുന്നു. ഒരു തൊഴിലാളി അവിടെ പോകുന്നത് ഒരു തൊഴിലാളിയായിട്ടല്ല, തൊഴിലാളികളുടെ മുഴുവൻ കാര്യങ്ങൾ ചർച്ചചെയ്യാനാണ്, ആ തൊഴിലാളിയുടെ അവകാശത്തിനുവേണ്ടി വാദിക്കാനാണ്. അങ്ങനെ ഒരു യൂണിയൻ പ്രതിനിധിയായി ചെല്ലുന്ന ഒരു തൊഴിലാളിക്ക് തീർച്ചയായും വേതനം കിട്ടുക എന്ന് പറയുന്നത് വലിയ ഒരു അവകാശമാണ്. നമ്മൾ സാധാരണ സംസാരിക്കുമ്പോൾ ഒരു തൊഴിലാളിക്ക് ശമ്പളം കൊടുക്കുന്നതിൽ ഇത്ര വലിയ കാര്യമായിരിക്കുന്നോ എന്ന് ചോദിക്കാം. അത് വലിയ ഒരു കാര്യമാണ്. ഒരു യൂണിയനെ അംഗീകരിക്കുകയാണ്. ആ യൂണിയന്റെ പ്രതിനിധികൾക്ക് കൂടുതൽ അവകാശങ്ങൾ കൊടുക്കുകയാണ്. കൂടിയാലോചനയിൽ പങ്കെടുക്കുന്ന ഒരു തൊഴിലാളി പ്രതിനിധിക്ക് കൂടുതൽ സ്ററാറ്റസ് കൊടുക്കുകയാണ്. ഇതൊക്കെ വളരെ പരമ പ്രധാനമായിട്ടുള്ള കാര്യമാണ്. ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും കാട്ടുനീതി നടത്തുന്ന സ്ഥലങ്ങളുണ്ട്. യഥാർത്ഥ തൊഴിലാളി പ്രതിനിധികൾക്ക് മാനേജുമെൻറുമായി കണ്ടു സംസാരിക്കാനുള്ള അവകാശമില്ല, കോൺഫറൻസിൽ പങ്കെടുക്കാനുള്ള അവകാശമില്ല. അതെല്ലാം മുതലാളിമാർ നിശ്ചയിക്കുന്ന, സർക്കാർ നിശ്ചയിക്കുന്ന ആളുകൾ തൊഴിലാളികൾക്കുവേണ്ടി വർത്തമാനം പറയുകയും മാനേജുമെൻറിനു വേണ്ടി കരാർ ഒപ്പിടുകയും മാനേജുമെൻറിന്റെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി എല്ലാം ചെയ്യുന്ന ഒരു സാഹചര്യത്തിൽ തൊഴിലാളി പ്രതിനിധികൾക്ക് കൂടുതൽ അവകാശങ്ങൾ, തൊഴിലാളി പ്രതിനിധികൾക്ക് കൂടുതൽ സൗകര്യങ്ങൾ, തൊഴിലാളി പ്രതിനിധികൾക്ക് കൂടുതൽ സ്ററാറ്റസ് കൊടുക്കുന്ന നിയമം എന്നുള്ള നിലയിലാണ് ഇതിന്റെ പ്രാധാന്യം മുഴുവൻ കിടക്കുന്നത്.

ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ ചർച്ചചെയ്ത അവസരത്തിൽ തൊഴിലാളി പ്രസ്ഥാനത്തിലുള്ള പല ആളുകളുടെ വലിയ നേട്ടങ്ങളെപ്പററി ഇവിടെ പറഞ്ഞു. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന പല

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കൻമാരും തൊഴിലാളി നേതാക്കൻമാരാണ്. ഞാൻ അഭിമാനത്തോടു കൂടി പറയുന്നു ഞാനും ഒരു തൊഴിലാളി നേതാവാണ്, തൊഴിലാളി പ്രവർത്തകനാണ്. എനിക്ക് ലജ്ജിക്കേണ്ട, തലകുനിക്കേണ്ട. ആരുടെ മുന്നിലും തലകുനിക്കേണ്ട ഒരു പ്രശ്നവും തൊഴിലാളി നേതാവെന്നുള്ള നിലയിൽ ഇല്ലെന്ന് അഭിമാനപുരസ്സരം എനിക്ക് പറയാം. തൊഴിലാളികളുടെ സമരത്തെ സംബന്ധിച്ചും.......................................

ശ്രീ. പി. സീതി ഹാജി: നിങ്ങളുടെ കൂട്ടത്തിൽ കുര്യൻ ട്രേഡ് യൂണിയൻ നേതാവാണെന്നാണ് ഞാൻ കേട്ടത്. ഇപ്പോൾ നേരെ തിരിച്ചു പറയുന്നുവോ?

ശ്രീ. പി. കെ. ശ്രീനിവാസൻ: കുര്യൻ തൊഴിലാളി നേതാവാണെന്നുള്ളതിന് തർക്കം വല്ലതും ഉണ്ടോ? പതിനായിരക്കണക്കിനു തൊഴിലാളികളുടെ നേതാവാണ്. സീതിഹാജിക്ക് അറിയില്ല. ദേവികുളത്തും മൂന്നാറിലുമുള്ള ആയിരക്കണക്കിന് തൊഴിലാളികളുടെ നേതാവാണ്. ഈ വ്യവസ്ഥ പ്രകാരം നിങ്ങൾ അവിടെ പോയി തെരഞ്ഞെടുപ്പു നടത്തിക്കൊള്ളൂ 90 ശതമാനം തൊഴിലാളികളുടെ നേതാവാണ് കുര്യൻ എന്ന് അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും. ഞങ്ങൾക്ക് അതിൽ അഭിമാനം ഉണ്ട്. അതുകൊണ്ട് കുര്യൻ മാത്രമേ തൊഴിലാളികളുടെ നേതാവായിട്ടുള്ളൂവെന്നല്ല ഞങ്ങളുമൊക്കെ തൊഴിലാളി പ്രവർത്തകരാണ്. ഇന്ത്യയിലെ തൊഴിലാളികളുടെ പ്രസ്ഥാനങ്ങളെപ്പറ്റി പറഞ്ഞാൽ സീതിഹാജിക്ക് അതിൽ വലിയ പിടിയില്ല.

ശ്രീ. പി. ആർ. ശിവൻ: ബഹുമാനപ്പെട്ട സീതിഹാജിയും ഒരു നേതാവാണെന്നുള്ള വിവരം അറിയാമോ?

ശ്രീ. പി. കെ. ശ്രീനിവാസൻ: സീതിഹാജി തൊഴിലാളി നേതാവാണെന്നു പറയുന്നത് കാപ്പിപ്പൊടിയുടെ പുറത്ത് പഞ്ചസാര എന്നെഴുതി വച്ചാൽ പഞ്ചസാരയാകുമോ? അത് പഞ്ചസാരയാകുകയില്ല. സീതിഹാജിക്ക് ഒരു താല്പര്യം ഉണ്ട്. ആ താല്പര്യത്തിലെ സീതിഹാജി നിൽക്കുകയുള്ളു. ഒരു പക്ഷെ ഒരു തൊഴിലാളി നേതാവായാൽ ആ തൊഴിലാളികളുടെ അധോഗതി.

ശ്രീ. എം. എം. ഹസ്സൻ: സീതിഹാജി തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ സീതിഹാജി തൊഴിലാളികളോട് സ്നേഹമുള്ള ആളാണെന്നു പറഞ്ഞുകൂടെ?

ശ്രീ. പി. കെ. ശ്രീനിവാസൻ: തൊഴിലാളികൾക്ക് നിയമപരമായ ശമ്പളം കൊടുക്കുന്നതുകൊണ്ട് ആയാൾ തൊഴിലാളി പ്രസ്ഥാനവുമായി താല്പര്യമുള്ള ആളാണെന്നും തൊഴിലാളികളുടെ താല്പര്യത്തിനനുരൂപമായി പ്രവർത്തിക്കുന്ന ആളാണെന്നും ഒന്നും പറയാനൊക്കില്ല. അത് വരുന്ന സാഹചര്യമനുസരിച്ച് പലരും അതിന് നിർബന്ധിതരായിത്തീരും. പല മുതലാളിമാരും അങ്ങനെ കൊടുക്കുന്നു അവരൊക്കെ തൊഴിലാളികളുടെ മിത്രങ്ങളാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഞാൻ പറഞ്ഞു വരുന്നത്......

ശ്രീ. പി. സീതി ഹാജി: ട്രേഡ് യൂണിയൻ നേതാവാകാനുള്ള ക്വാളിഫിക്കേഷൻ എന്താണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശ്രീനിവാസൻ: പണി എടുക്കുന്ന തൊഴിലാളികളുടെ വിശ്വാസം ആർജ്ജിക്കലാണ് തൊഴിലാളി നേതാവാകാനുള്ള ഒന്നാമത്തെ യോഗ്യത. അങ്ങനെ വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞില്ലെങ്കിൽ വളരെനാൾ തൊഴിലാളി നേതാവായി ചമഞ്ഞു നടക്കാൻ പററുകയില്ല. ഞാൻ അതല്ല പറയുന്നത്, തൊഴിലാളി പ്രസ്ഥാനമെന്നൊക്കെ കേൾക്കുമ്പോൾ പുഛിക്കുകയും തൊഴിലാളി പ്രസ്ഥാനത്തിൽ വരുന്നത് ഏതാണ്ട് വലിയ കാര്യമാണെന്നും സാമ്പത്തിക ലാഭത്തിനുള്ളതാണെന്നും പ്രമാണിയാകാനുള്ള കാര്യങ്ങളാണെന്നും പറയുന്നവർക്ക് തൊഴിലാളി പ്രസ്ഥാനത്തെപ്പററി കുറച്ചു അറിവേയുള്ളു. ഈ അവകാശങ്ങളെല്ലാം നേടി എടുത്തിട്ടുള്ളത് അവർ എന്ത് ത്യാഗം സഹിച്ചാണ്. എട്ടു മണിക്കൂർ ജോലി, എട്ടു മണിക്കൂർ വിശ്രമം, എട്ടു മണിക്കൂർ വിനോദം ഈ അവകാശംനേടി എടുക്കാൻ അവർ എന്തു ത്യാഗം സഹിച്ചു. തൊഴിലാളികളുടെ വളരെ മിതമായിട്ടുള്ള സാമ്പത്തികാവശ്യങ്ങളും അവരുടെ മാനുഷികാവശ്യങ്ങളും മാത്രമേ ഇതിൽ ഉണ്ടായിരുന്നുള്ളുവോ? അതിനെ എങ്ങനെയാണ് നേരിട്ടത്? രക്തം ചിന്തിയാണ്. അതിൻെറ നേട്ടങ്ങൾ ഇന്ന് തൊഴിലാളി അനുഭവിക്കുന്നു. ഇന്ന് ലോകത്ത് എമ്പാടുമുള്ള തൊഴിലാളികൾ ആ നേട്ടങ്ങൾ അനുഭവിക്കുന്നു. അന്നത്തെ തൊഴിലാളികൾ അതിനുവേണ്ടി മരിച്ചത്, അതിനുവേണ്ടി വെടിയുണ്ടയേററത്, അതിനുവേണ്ടി രക്തം ചൊരിഞ്ഞത്, ത്യാഗപൂർണ്ണമായ സമരം നടത്തിയത് ഇവർക്കുവേണ്ടിയാണ്, വരുംതലമുറയുടെ താല്പര്യത്തിനുവേണ്ടിയാണ്. അങ്ങനെ സുദീർഘമായ ഒരു ചരിത്രം ലോകത്ത് ഉണ്ട്, ഇന്ത്യയിൽ ഉണ്ട്. ഇന്ത്യയിലെ തൊഴിലാളികളും അങ്ങനെ തന്നെ വളർന്നു വന്നവരാണ്, ഇപ്പോഴും അങ്ങനെ തന്നെ. ഇപ്പോൾ കാരാഗ്രഹത്തിൽ കിടക്കുന്ന എത്ര തൊഴിലാളികൾ ഉണ്ടെന്ന് സീതിഹാജിക്ക് അറിയാമോ? വിവിധ സംസ്ഥാനങ്ങളിൽ കൽത്തുറുങ്കിൽ അടക്കപ്പെട്ട എത്ര തൊഴിലാളി പ്രവർത്തകന്മാർ, എത്ര തൊഴിലാളികൾ ഉണ്ട്. ഈ അവകാശങ്ങളെല്ലാമുള്ള കേരള സംസ്ഥാനത്തിൽ നിന്നുകൊണ്ട് അങ്ങനെ പറഞ്ഞാൽ സാദ്ധ്യമല്ല. മദ്ധ്യപ്രദേശിലും ബീഹാറിലുമൊക്കെ കരിനിയമങ്ങളാണ്. ആ കരിനിയമങ്ങളുടെ ഫലമായി എത്രപേർ കൽത്തുറുങ്കിൽ കിടക്കുന്നു. മുതലാളിമാർ കൊടുക്കുന്ന കള്ളകേസുകളുടെ ഫലമായി എത്ര തൊഴിലാളികൾ കൽത്തുറുങ്കിൽ കിടക്കുന്നു. എത്രപേരെ അടിച്ചു ചതക്കുന്നു. ജോർജിന് അങ്ങാടി വാണിഭത്തെപ്പററി എന്തറിയാം. അങ്ങാടി വാണിഭത്തെപ്പററി അറിയാവുന്നവർ സംസാരിക്കട്ടെ. ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെ ഒരു വിവേകം ഉള്ളതിനെപ്പററി എനിക്ക് വളരെ സന്തോഷം ഉണ്ട്. ഈ കാര്യം തനിക്ക് പററിയതല്ല എന്ന് എങ്കിലും തോന്നുന്നല്ലോ.

ശ്രീ. പി. സി. ജോർജ്: പററിയതല്ലെന്നു തോന്നിയിട്ടൊന്നുമല്ല. എനിക്ക് സംസാരിക്കാനുള്ള അവസരം ഉണ്ട് അപ്പോൾ എനിക്കും പറയാനുള്ള അവസരം ലഭിക്കും. ഇതിനകത്ത് കൂടുതൽ കയറി സംസാരിക്കാൻ ഇല്ലെന്നു കരുതി ചോദ്യങ്ങൾ ചോദിക്കുന്നത് സമയം മെനക്കെടുത്താൻ വേണ്ടിയല്ലേ?

ശ്രീ. പി. കെ. ശ്രീനിവാസൻ: ജോർജും പറഞ്ഞു തൊഴിലാളിയും മുതലാളിയും ഒന്നിച്ചു പോകുമെന്ന്. തൊഴിലാളിയും മുതലാളിയും ഒന്നിച്ചു പോകത്തില്ല ജോർജേ. തൊഴിലാളിയും മുതലാളിയും രണ്ടാണ്

ശ്രീ. കെ. കെ. ശ്രീനിവാസൻ: മുതലാളിയും തൊഴിലാളിയും ഒന്നിച്ചു പോകേണ്ടതാണെന്നും ഒരു നാണയത്തിൻെറ രണ്ടു വശമാണ് ഇത്

LIBRARY ARCHIVES Kerala Legislative Assembly

രണ്ടും എന്നും വർഗ്ഗസഹകരണമാണ് വർഗ്ഗ സമരമല്ല എന്നും വിശ്വസിക്കുന്ന ശ്രീ. കെ. എം. മാണിയുടെ സൂക്തത്തോട് ശ്രീനിവാസൻ യോജിക്കുന്നുണ്ടോ?

ശ്രീ. പി. കെ. ശ്രീനിവാസൻ: കെ. എം. മാണി അങ്ങനെ ഒരു സൂക്തം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. സിനിമയിൽ കണ്ടിട്ടുണ്ട് മുതലാളിയും തൊഴിലാളിയും ഒന്നിച്ചുകഴിയുന്നത്. മുതലാളിയുടെ മകൻ തൊഴിലാളിയുടെ മകളെ പ്രേമിക്കുക, കല്യാണം കഴിക്കുക, ഫാക്ടറി എല്ലാം മുതലാളി അയാളെ ഏല്പിക്കുക, പിന്നെ ചില തൊഴിലാളി പ്രതിനിധികൾക്ക് മാനേജ്മെൻറ് നേരിട്ട് ഫാക്ടറി ഏല്പിക്കുക എന്നുള്ളതൊക്കെ സിനിമയിൽ കണ്ടിട്ടുണ്ട്. അങ്ങനെ അല്ലാതെ ലോകത്ത് എങ്ങും ചരിത്രത്തിൽ വായിച്ചിട്ടില്ല, കേട്ടിട്ടില്ല, അനുഭവമില്ല.

ശ്രീ. പി. സി. ജോർജ്: റഷ്യയിൽ തൊഴിലാളികളുടെ ഭരണമല്ലേ?

ശ്രീ. പി. കെ. ശ്രീനിവാസൻ: റഷ്യയിൽ തൊഴിലാളികളുടെ ഭരണമാണ്. തൊഴിലാളി വർഗ്ഗത്തിന്റെ ഭരണം തന്നെയാണ്. അതിൽ തർക്കമൊന്നും വേണ്ട.

ശ്രീ. പി. സി. കബീർ: ബഹുമാനപ്പെട്ട ജോർജിന് വലിയ സംശയം ഉണ്ടെങ്കിൽ അദ്ദേഹത്തെ ഒന്ന് സോവിയററ് റഷ്യയിൽ അയക്കാൻ വേണ്ട ഏർപ്പാട് ചെയ്യുമോ?

ശ്രീ. പി. കെ. ശ്രീനിവാസൻ: സോവിയററ് യൂണിയനിൽ പോകാനുള്ള യോഗ്യത എന്ന് നേടുമോ അന്ന് ജോർജിന് പോകാം.

ശ്രീ. കെ. ശ്രീധരൻ: ജോർജ് റഷ്യ റഷ്യ എന്നൊക്കെ പറയുന്നു. നന്നാകാനുള്ള വല്ല ലക്ഷണവും കാണുന്നുണ്ടോ?

ശ്രീ. പി. കെ. ശ്രീനിവാസൻ: റഷ്യ എന്ന പേരു പറഞ്ഞതുകൊണ്ട് ആരും നന്നാകത്തില്ല. ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇന്ത്യയിൽ തന്നെ ഇന്ന് തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി, അവരുടെ അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ത്യാഗപൂർണ്ണമായ സമരം തൊഴിലാളികളും തൊഴിലാളി പ്രസ്ഥാനവും നടത്തുന്ന ഒരു സാഹചര്യത്തിൽ തൊഴിലാളികളുടെ താല്പര്യം ഒരു പടി കൂടി മുന്നോട്ടുകൊണ്ടു പോകുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഇന്ത്യയെ ഒട്ടാകെ കണ്ടുകൊണ്ട്, ഇന്ത്യ ഒട്ടാകെയുള്ള തൊഴിലാളി പ്രസ്ഥാനത്തെ കണ്ടുകൊണ്ട് ഇന്ത്യ ഒട്ടാകെ തൊഴിലാളികൾ നടത്തുന്ന ത്യാഗപൂർണ്ണവും ക്ലേശകരവുമായ സമരങ്ങൾ മനസ്സിൽവച്ചുകൊണ്ട് സ്നേഹിതന്മാർ ആലോചിച്ചാൽ ഇതിനെ പൂർണ്ണമായി അവർ പിന്താങ്ങും. ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. എം. എം. ഹസ്സൻ: ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. പത്തെഴുപത് അംഗങ്ങൾ അമൻറുമെൻറിന് നോട്ടീസ് കൊടുത്തിട്ടുണ്ട്. വളരെ ദീർഘമായി എല്ലാവരും സംസാരിക്കുകയാണ്, നാളെ സഭ അവസാനിക്കുകയും ചെയ്യുകയാണ്. ഞങ്ങൾക്കു പലർക്കും സംസാരിക്കാനുള്ള അവസരം കിട്ടുമോ എന്ന് സംശയിക്കുന്നു. അതുകൊണ്ട് സമയം ചുരുക്കി എല്ലാപേർക്കും സംസാരിക്കാനുള്ള അവസരം തരണം. ഇത് പൊതു പ്രാധാന്യമുള്ള ഒരു ബില്ലാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരും ആത്മാർത്ഥമായി സഹകരിച്ചാൽ മാത്രമേ അതിന് കഴിയുകയുള്ളൂ. നാളെ ഒരു ദിവസം കൂടിയേ സഭയുള്ളു.

ശ്രീ. പി. സീതിഹാജി: പ്രതിപക്ഷത്തുനിന്നും ഒരു കുട്ടിപോലും ഈ ബില്ലിനെപ്പററി സംസാരിച്ചിട്ടില്ല. ഞങ്ങളാരും സംസാരിച്ചില്ല. ഇപ്പോഠം സമയം കൺട്രോഠം ചെയ്യണമെന്നു പറയുന്നത് എന്താണെന്ന്, മനസ്സിലാകുന്നില്ല.

മി. സ്പീക്കർ: ഇവിടെ അമൻറുമെൻറ് കിട്ടിയ ഓർഡറിലാണ് പേരു വിളിക്കുന്നത്. അമൻറുമെൻറ് കിട്ടിയ ഓർഡറിൽനിന്ന് ആദ്യം ശ്രീ. കേശവൻെറ പേർ വിളിച്ചു. ആ ഓർഡറിലാണ് വിളിച്ചത്. സമയം ചുരുക്കി പറഞ്ഞാൽ എല്ലാപേർക്കും ഈ ബില്ലിൻെറ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാം.

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ: സർ, നമ്മുടെ തൊഴിലാളി രംഗത്ത് ഇന്ന് അനുഭവപ്പെടുന്ന പ്രധാനമായ ചില പ്രശ്നങ്ങഠംക്ക് പരിഹാരം കാണാനുള്ള പല സൗകര്യങ്ങളും അല്ലെങ്കിൽ പല വ്യവസ്ഥകളും ഈ നിയമത്തിൽ ഉള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. തൊഴിലാളി യൂണിയനുകഠം അംഗീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളിൽ 15 ശതമാനം തൊഴിലാളികളുടെ പ്രാതിനിധ്യമുള്ള യൂണിയനുകളെ അംഗീകൃത യൂണിയനുകളായി കണക്കാക്കി അവരുമായി കൂടിയാലോചനകഠംക്ക് നിയമപരമായ സാധുതയും വ്യവസ്ഥ ചെയ്യുന്ന ഒരു വകുപ്പാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. ഇതിൽ ഓരോ സ്ഥാപനത്തേയും അതിലെ യൂണിററിലോ അതിലെ ശാഖയിലോ ഏതെങ്കിലും പ്രത്യേകമായ 15 ശതമാനം അംഗസംഖ്യയുള്ള രജിസ്ററർ ചെയ്തിട്ടുള്ള യൂണിയനെ അംഗീകരിക്കാമെന്നാണ് വ്യവസ്ഥ. ഇവിടെ യൂണിറ്റ് എന്ന് വിഭാവനം ചെയ്യുന്നതുകൊണ്ട് ഏതെങ്കിലും ഒരു പ്രത്യേക സ്ഥാപനം നടത്തിക്കൊണ്ടിരിക്കുന്ന പല യൂണിയനുകളും പല സ്ഥാപനങ്ങളും............

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: അദ്ധ്യാപക രംഗത്ത് ഈ 15 ശതമാനം എന്നത് അംഗീകരണത്തിനുള്ള വ്യവസ്ഥയാക്കി വയ്ക്കുന്നതിനെ പററി ബഹുമാനപ്പെട്ട മെമ്പർക്കുള്ള അഭിപ്രായമെന്താണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ: നിർഭാഗ്യവശാൽ അദ്ധ്യാപക സർവ്വീസ് സംഘടനകളുടെ കാര്യം ഈ ബില്ലിൽ പെടുത്തിയിട്ടില്ലാത്തതിനാൽ അതു സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിച്ചിട്ടു പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഒരു നിശ്ചിത ശതമാനം വരുന്ന ആളുകളെ ഒരു യൂണിററായി കണക്കാക്കി അംഗീകാരം കൊടുക്കുന്ന ഒരു സമീപനം ഗവൺമെൻറ് ആ മേഖലയിലേക്കും വ്യാപിപ്പിച്ചാൽ ഈ രാജ്യത്ത് ആ രംഗത്ത് വലിയൊരു അരാജകത്വം ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. എ. സി. ജോസ്: അദ്ധ്യാപക രംഗത്ത് എത്ര യൂണിയനുകളുണ്ടെന്ന് ഇവിടുത്തെ അദ്ധ്യാപക നേതാക്കൻമാർക്ക് പറയാമോ? കാരണം ഈ സെക്രട്ടേറിയററ് പടിക്കൽ ഓരോ പിരീയഡ്, പിരീയഡ് വച്ച് അദ്ധ്യാപകർ സമരം നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. ജോസിന്, പീതാമ്പരൻ മാസ്ററുടെ പ്രസംഗം അവസാനിപ്പിക്കരുതെന്നുണ്ടോ?

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ: ഇതിനകത്ത് ഈ 15 ശതമാനം എന്നു പറയുന്നത് ഒരു യൂണിററ് എന്നു പറയുന്ന സംവിധാനം പ്രയോഗിച്ചു നോക്കിയാൽ ആ യൂണിററിൽ തന്നെ എത്രയോ യൂണിയനുകളുണ്ടാക്കാൻ സൗകര്യമുണ്ട്. അതുകൊണ്ട് മൗലീകമായി ഗവൺമെൻറിന് ട്രെയിഡ് യൂണിയൻെറ എണ്ണം കുറക്കുന്നതിന് നിർബന്ധപൂർവമായ താൽപ്പര്യം ഇതിനകത്ത് ഉണ്ടെന്ന് വിശ്വസിക്കാൻ പ്രയാസമുണ്ട്. സാധാരണമട്ടിൽ 15 ശതമാനമെന്നു പറഞ്ഞാൽ ഏററവും ചുരുങ്ങിയത് 6 അംഗീകൃത യൂണിയനുകളെങ്കിലും ഇവിടെ ഉണ്ടാകണമെന്നാണ് കണക്കു വച്ചു നോക്കിയാൽ കാണാൻ കഴിയുന്നത്.

ശ്രീ. സി. എ. കുര്യൻ: തൊഴിൽതർക്ക നിയമത്തിൽ ഈ അദ്ധ്യാപകരെന്നുള്ളത് തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നില്ല. അതുകൊണ്ട് ഈ ബിൽ അദ്ധ്യാപകർക്ക് ബാധകമല്ലായെന്നുള്ളതല്ലേ അതിൻെറ ശരി?

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ: ട്രേയിഡ് യൂണിയൻ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് സംഘടിക്കാനും പ്രവർത്തിക്കാനുമുള്ള അംഗീകാരം കൊടുക്കരുതെന്നാണ് എൻെറ അഭിപ്രായം. ഞാൻ പറഞ്ഞത് അതല്ല ഇവിടെ യൂണിയൻെറ എണ്ണം കുറക്കാമെന്നു വച്ചാൽ 6-ൽ കൂടാൻ പാടില്ലെന്ന തീരുമാനം ഗവൺമെൻറ് എടുത്തിട്ടുണ്ട് എന്നാണ് ഈ ശതമാനം കാണുമ്പോൾ എനിക്ക് തോന്നുന്നത്. എന്തിന് ഈ 15 ശതമാനമെന്ന് നിശ്ചയിക്കണമെന്ന് എനിക്ക് മനസിലാകുന്നില്ല. ഭൂരിപക്ഷ യൂണിയനുകളെന്നു പറഞ്ഞാൽ അങ്ങനെയുള്ള യൂണിയനുകളെ ഗവൺമെൻറ് അംഗീകരിക്കണം. അത് ഒരു അംഗീകൃത ഏജൻസിയായി തൊഴിലാളികളുടെ പ്രാതിനിധ്യമുള്ളവരെ അവരുടെ വക്താവായി അംഗീകരിച്ച് അവരുമായി നെഗോഷിയേററു ചെയ്യാനും, ചർച്ച നടത്താനും സമരം ചെയ്യാനുമുള്ള തീരുമാനമെടുക്കാനും ആലോചിച്ചാൽ മനസിലാക്കാൻ കഴിയും. ഇതുകൊണ്ടുവരുമ്പോൾ വിവിധ രാഷ്ട്രീയ പാർട്ടികൾ അതാതിൻെറതായ ഒരു യൂണിയനുകൾ ഇല്ലാത്ത ഒരു സ്ഥാപനവും ഉണ്ടാകില്ല. ആ കാര്യമാണോ ഇതിനകത്ത് പറഞ്ഞിട്ടുള്ളതെന്ന് എനിക്ക് സംശയമുണ്ട്. കാരണം നമ്മുടെ കേരളത്തിൽ പ്രത്യേകിച്ച് ട്രേയിഡ് യൂണിയൻ വിഭാഗമില്ലാത്ത ഒരു രാഷ്ട്രീയ പാർട്ടിയും ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. രാഷ്ട്രീയം ഇല്ലാത്തവർ സംഘടിപ്പിക്കുന്ന ട്രേയിഡ് യൂണിയനുകളിലും അവരുടേതായ രാഷ്ട്രീയ പാർട്ടികളുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ: എൻ. ഡി. പി. ക്കും യൂണിയൻ ഉണ്ടെന്നാണോ മെമ്പർ പറയുന്നത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ: എൻ. ഡി. പി. ക്കും ഉണ്ടെന്നു പ്രത്യേകം പറയേണ്ടതില്ല. അവർക്കും ഡെമോക്രാററിക്ക് ട്രെയിഡ് യൂണിയൻ കോൺഗ്രസ് ഡി. ടി. യു. സി എന്നു പറയുന്ന സംഘടനയുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഓരോ തൊഴിലാളി വിഭാഗം ഉണ്ടാക്കുന്ന പശ്ചാത്തലത്തിൽ അത്തരം ആളുകൾക്ക് യൂണിയൻ ഉണ്ടാക്കാനുള്ള സൗകര്യം ഉണ്ടാക്കാനാണ് ഈ നിയമം കൊണ്ടുവന്നതെന്ന് എനിക്ക് ആദ്യം വായിച്ചപ്പോൾ തോന്നിയത്. നമ്മുടെ ഇവിടുത്തെ

ആവശ്യം തൊഴിലാളി രംഗത്ത് തൊഴിലാളികളുടെ സംഘടനയുടെ എണ്ണം കുറക്കണമെന്നുള്ളതാണെങ്കിൽ ആ 15 ശതമാനമെന്നുള്ളത് ലേശം കൂടി ഉയർത്തണം. അത് 30,35 ശതമാനമാക്കിക്കൂടെ. അതിൽ കവിഞ്ഞാൽ ആ തൊഴിലാളി പ്രതിനിധികൾ കൊച്ചു കൊച്ചു സംഘങ്ങളുണ്ടാക്കി അവർക്ക് അംഗീകാരം നേടുകയും, അവരെല്ലാം പ്രാതിനിധ്യം ആവശ്യപ്പെടുകയും, അവരെല്ലാം ചർച്ചയിൽ വരുകയും ചെയ്യും. പലപ്പോഴും തൊഴിലാളികൾക്ക് ദോഷം ചെയ്തിട്ടുള്ള ഒന്നിൽ കൂടുതൽ തൊഴിലാളികളുടെ യൂണിയനുകളുള്ള എത്രയോ സ്ഥാപനങ്ങൾ നമ്മുടെ മുൻപിലുണ്ട്.

<u>ശ്രീ. എം. വി. രാഘവൻ:</u> രാഷ്ട്രീയ പാർട്ടികളുടെ എണ്ണം കുറക്കാൻ നടപടികൾ സ്വീകരിക്കാമോ? രാഷ്ട്രീയ പാർട്ടികളുടെ അടിസ്ഥാനത്തിലാണല്ലോ ട്രേയിഡു യൂണിയനുകൾ സംഘടിപ്പിക്കുന്നത്.

<u>ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:</u> ശ്രീ. രാഘവൻ ചോദിച്ച രാഷ്ട്രീയ പാർട്ടിയുടെ എണ്ണത്തിൽ ഈ ട്രേയിഡു യൂണിയനുകളുടെ ആക്ടിൽ വ്യവസ്ഥ ചെയ്യാമോയെന്നാണ്.......

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മെമ്പർ നാളെ തുടരാം.

V. സന്ദർശക ഗ്യാലറിയിൽ മുദ്രാവാക്യം മുഴക്കൽ

<u>മി. സ്പീക്കർ:</u> ഇന്നു രാവിലെ 10-30-ന് സന്ദർശക ഗ്യാലറിയിൽ സന്നിഹിതരായവരിൽ മൂന്നു പേർ മുദ്രാവാക്യം മുഴക്കി സഭാനടപടികൾക്ക് തടസം സൃഷ്ടിച്ച സംഭവം ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഓർക്കുമല്ലോ. വിവിധ കക്ഷികളുടെ പ്രതിനിധികൾ സംബന്ധിച്ചിരുന്ന സമ്മേളനത്തിൽ അവരെ ഹാജരാക്കുകയുണ്ടായി. സഭാ നടപടികൾ അലങ്കോലപ്പെടുത്താൻ ശ്രമിച്ചത് വളരെ ഗുരുതരമായ അവകാശ ലംഘനമായതുകൊണ്ട് അവരെ ഈ മാസം 25-ാം തീയതി 1-30 വരെ വെറും തടവു ശിക്ഷ നൽകണമെന്ന് യോഗം തീരുമാനിച്ചു. ഈ അവസരത്തിൽ തങ്ങളുടെ ഉത്തരവാദിത്വം വേണ്ടപോലെ മനസ്സിലാക്കി പാസുകൾ നൽകുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഒരിക്കൽ കൂടി ഓർക്കേണ്ടതാണ്.

Minister of Health & Tourism **(Shri Vakkom Purushothaman):** Sir, I move the following motion:

"This house resolves that persons calling themselves M. Glandston L. S. Pramod and J. Shine Kumar who shouted slogains from the Visitor's Gallery at 10.30 a. m. today August 24, 1981 and were taken into custody immediately thereafter, have committed a grave offence and are guilty of gross contempt of this House.

This House further resolves that they be sentenced to simple imprisonment till 1.30 p.m. on August 25, 1981 and be sent to the Central Prison, Trivandrum".

2/678—8

LIBRARY ARCHIVES Kerala Legislative Assembly